
www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 39 | 2017 OCT 07 | ₹10

## പ്രതിരോധവും പ്രതികരണവും ഇന്ത്യൻ സാഹചര്യങ്ങളിൽ



## ബഹുദൈവാരാധന: ഇസ്‌ലാമിന് പറയാനുള്ളത്

തൗഹീദുൽ ഉലൂഹിയ്യത്തും സ്വൂഫികളും || നിരീശ്വരവാദികളും ശാസ്ത്രവും

ഇസ്‌ലാമിക ചരിത്രത്തിലെ തെറ്റുധാരണകൾ




WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം, വേറിട്ട വായനാനുഭവം




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം
വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0039 / 2017 ഒക്ടോബർ 07 / 1439 മുഹർറം 16 / പുസ്തകം 01 / ലക്കം 39


# പ്രതിരോധവും പ്രതികരണവും ഇന്ത്യൻ സാഹചര്യങ്ങളിൽ


സുഫ്‌യാൻ അബ്ദുസ്സലാം / 10





**മുഖമൊഴി**

മനുഷ്യത്വത്തിന്റെ ദർശനം / 05
എഡിറ്റർ

**ലേഖനങ്ങൾ**

ബഹുദൈവാരാധന: ഇസ്‌ലാമിന് പറയാനുള്ളത് / 06
ഉസ്മാൻ പാലക്കാഴി

മുന്നൊരുക്കം നടത്തിയാൽ ഖേദിക്കേണ്ടി വരില്ല / 15
നൗഷാദ് അഞ്ചൽ

ആദർശം കയ്യൊഴിച്ചാൽ ഭിന്നതകൾക്ക് അറുതിയുണ്ടാകില്ല / 24
ശാജി സ്വലാഹി, എടത്തനാട്ടുകര

ഇസ്‌ലാമിക ചരിത്രത്തിലെ തെറ്റുധാരണകൾ / 26
ഡോ. പി.കെ അബ്ദുറസാഖ് സുല്ലമി

നിരീശ്വരവാദികളും ശാസ്ത്രവും, ഭാഗം: 2 / 30
ശുക്കൂർ വരിക്കോടൻ

**ബാലപഥം**

അഹങ്കാരം വരുത്തിയ നഷ്ടം / 18
റാഷിദ ബിൻത് ഉസ്മാൻ

**ഗാനം**

മനുഷ്യൻ എത്ര ദുർബലൻ! / 19
അബൂമുർഷിദ

**ചരിത്രപഥം**

സ്വാലിഹ് عليه السلام / 20
ഹുസൈൻ സലഫി, ഷാർജ

**ക്വുർആൻ പഠനം**

തിരിച്ചറിവിന്റെ അനിവാര്യത / 34
ശമീർ മദീനി



Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
mail@nerpatham.com | www.nerpatham.com | 0495 4019437

## വായനക്കാർ എഴുതുന്നു




## ‘നേർപഥ’ത്തിന്റെ വ്യതിരിക്തത

ഏറെ ഇസ്‌ലാമിക സംഘടനകളും പ്രസിദ്ധീകരണങ്ങളുമുള്ള സംസ്ഥാനമാണ് കേരളം. ഇസ്‌ലാമിക ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ എന്തുകൊണ്ടും മികച്ചുനിൽക്കുന്ന ഒന്നാണ് ‘നേർപഥം വാരിക’ എന്നത് ഒരു വസ്തുതയാണ്. സമകാലിക സംഭവവികാസങ്ങളിൽ യഥാസമയം പക്വമായി ഇടപെടുന്ന, ഇസ്‌ലാമിക വിമർശനങ്ങൾക്ക് പ്രമാണബദ്ധമായി മറുപടി കൊടുക്കുന്ന, വിശ്വാസ-കർമ മേഖലകളിൽ കൃത്യമായ വഴികാട്ടുന്ന, മറ്റുള്ളവരെ തൃപ്തിപ്പെടുത്തുവാനായി ആദർശത്തിൽ മായം ചേർക്കാതെ മുന്നോട്ടു പോകുന്ന ‘നേർപഥ’ത്തിന് ആശംസകൾ നേരുന്നു. ഈ വ്യതിരിക്തത കാത്തുസൂക്ഷിക്കുമല്ലോ.

**-മുഹമ്മദ് റിദ്‌വാൻ, മഞ്ചേരി**

## തൗഹീദിന്റെ ശബ്ദം

‘നേർപഥം’ 38-ാം ലക്കത്തിലെ വിഭവങ്ങൾ ഒന്നിനോടൊന്ന് മെച്ചമായിരുന്നു. ഫദ്‌ലുൽ ഹഖ് ഉമരിയുടെ ‘പ്രാർഥന അല്ലാഹുവിനോട് മാത്രം: എന്തുകൊണ്ട്?’ എന്ന ലേഖനം പ്രത്യേകം പരാമർശമർഹിക്കുന്നു. ഹ്രസ്വമെങ്കിലും പ്രമാണവചനങ്ങളിലൂടെ അദ്ദേഹം വിഷയം സമർഥിച്ചിട്ടുണ്ട്.

“എന്റെ രക്ഷിതാവേ, എന്നെ നീ നമസ്‌കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ” എന്ന് ഇബ്‌റാഹീം നബി(عليه السلام) പോലും പ്രാർഥിച്ചിരുന്നുവെങ്കിൽ നമ്മളൊക്കെ ഇങ്ങനെ എത്രമാത്രം പ്രാർഥിക്കണം! ഭൗതിക നേട്ടങ്ങൾക്ക് മാത്രമാണല്ലോ ഇന്ന് പലരുടെയും പ്രാർഥന!

ദുരിതങ്ങളിലും പ്രയാസങ്ങളിലും അകപ്പെട്ടാൽ യൂനുസ് നബി(عليه السلام)യുടെ പ്രാർഥനയിൽ നമുക്ക് മാതൃകയുണ്ട്: “....അനന്തരം ഇരുട്ടുകൾക്കുള്ളിൽ നിന്ന് അദ്ദേഹം വിളിച്ചുപറഞ്ഞു: നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും ദുഃഖത്തിൽ നിന്ന് അദ്ദേഹത്തെ നാം രക്ഷപ്പെടുത്തുകയും ചെയ്തു. സത്യവിശ്വാസികളെ അപ്രകാരം നാം രക്ഷിക്കുന്നു” (21: 87,88).

ദുരിതങ്ങളും പ്രയാസങ്ങളും വരുമ്പോഴാണ് പലരും അല്ലാഹുവല്ലാത്തവരിലേക്ക് കൈകൾ ഉയർത്തുന്നത് എന്ന വിരോധാഭാസവും നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. അഭിനന്ദനങ്ങൾ, നേർപഥത്തിനും ലേഖകനും.

**-അബ്ദുൽ ജലീൽ, കാവനൂർ**

## ചോര മണക്കുന്ന പ്രചാരണങ്ങൾ

ഇന്ത്യ മുമ്പെങ്ങുമില്ലാത്ത വിധം വർഗീയവൽക്കരിക്കപ്പെട്ടിരിക്കുകയാണ്. കേവലം പാർലമെന്ററി സ്വപ്നങ്ങളുമായി ഊരു ചുറ്റുന്ന രാഷ്ട്രീയ നേതാക്കന്മാർ പാർട്ടികളുടെ ചുക്കാൻ ഏറ്റെടുക്കുന്ന കാലമത്രയും തൽസ്ഥിതി തുടരാൻ തന്നെയാണ് സാധ്യത. വർണശോഭയാർന്ന ഉദ്യാനത്തെ പോലെ പരിലസിച്ചിരുന്ന ഭാരതത്തിന്റെ മണ്ണിലേക്ക് വർഗീയതയുടെ വിഷവിത്തുകളെറിഞ്ഞത് കൊളോണിയൽ ഭരണകാലത്ത് ബ്രിട്ടീഷുകാരായിരുന്നു.

എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിലും ചില കക്ഷികൾ തങ്ങളുടെ താൽപര്യ സംരക്ഷണത്തിനായി വർഗീയ കാർഡിറക്കാൻ തുടങ്ങിയതോടെയാണ് ഇന്ത്യയിലെ മനുഷ്യമനസ്സുകൾ വൻതോതിൽ ധ്രുവീകരിച്ചത്. സംഘി സ്വാധീനമുള്ള കേന്ദ്ര ഭരണ സംവിധാനം ഇപ്പോൾ ഈ ശിഥിലീകരണത്തിന് ആക്കം കൂട്ടുകയും ചെയ്തു.

കൃത്യമായ പ്ലാനിംഗോടെ ദുഷ് ശക്തികളെ കുറിച്ച് പൗരന്മാരെ ബോധവൽക്കരിച്ചില്ലെങ്കിൽ രാജ്യം മറ്റൊരു മ്യാന്മാറായിത്തീരാൻ അധികകാലം വേണ്ടി വരില്ല; തീർച്ച.

**-നസ്‌വിൻ, തുവക്കാട്**

വായനക്കാരുടെ പ്രതികരണങ്ങൾ
mail@nerpatham.com എന്ന ഇ.മെയിലിലോ
9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ
നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

മുഖമൊഴി

# മനുഷ്യത്വത്തിന്റെ ദർശനം

മനുഷ്യരെല്ലാം ഏകനായ ദൈവത്തിന്റെ സൃഷ്ടികളും അവന്റെ സംരക്ഷണത്തിൽ കഴിയുന്നവരുമാണ് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. യജമാനനും അടിമയും ധനികനും ദരിദ്രനും മുതലാളിയും തൊഴിലാളിയുമെല്ലാം സമന്മാരാണെന്നുള്ള പ്രഖ്യാപനം ഇസ്‌ലാമിന്റെ സവിശേഷതയാണ്. വർഗത്തിന്റെയും വർണത്തിന്റെയും ദേശത്തിന്റെയും ജാതിയുടെയും ഭാഷയുടെയും പേരിൽ അത് മനുഷ്യർക്കിടയിൽ ഉച്ചനീചത്വം കൽപിക്കുന്നില്ല. വിശുദ്ധ ക്വുർആൻ പ്രഖ്യാപിക്കുന്നു:

"ഹേ മനുഷ്യരേ, തീർച്ചയായും നാം നിങ്ങളെ ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു... തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിലേറ്റവും ശ്രേഷ്ഠൻ നിങ്ങളിലേറ്റവും ദൈവഭയമുള്ളവൻ മാത്രമാകുന്നു" (49:13).

നബിﷺ പറഞ്ഞു: "മതനിഷ്ഠയും സൂക്ഷ്മതയുംകൊണ്ടല്ലാതെ ഒരാൾക്കും മറ്റൊരാളെക്കാൾ മഹത്ത്വമില്ല"(മിശ്കാത്ത്).

ഇസ്‌ലാമിന്റെ കണ്ണിൽ മനുഷ്യരെല്ലാം സമന്മാരാണെന്നും ഭയഭക്തിയുള്ളവന് മാത്രമെ ദൈവത്തിങ്കൽ പ്രത്യേകം സ്ഥാനമുള്ളൂവെന്നും ഉപരിസൂചിത വചനങ്ങൾ നമ്മെ തെര്യപ്പെടുത്തുന്നു. സർവവിധ അസമത്വങ്ങളുടെയും കടയ്ക്കൽ ഇസ്‌ലാം കത്തിവെക്കുന്നു. എല്ലാവർക്കും നീതി ലഭിക്കണമെന്ന് ഇസ്‌ലാം പ്രത്യാശിക്കുന്നു. 'കറുത്തവന്റെ പുത്രാ' എന്ന് ഒരാൾ മറ്റൊരാളെ വിളിക്കുന്നത് കേട്ടപ്പോൾ മുഹമ്മദ് നബിﷺ അയാളെ താക്കീത് ചെയ്തുകൊണ്ട് പറഞ്ഞു: "അജ്ഞാതകാലത്തെ കിരാതത്വമുണ്ട് നിങ്ങളിൽ."

മനുഷ്യരിൽ ചിലരെ ജന്മനാ തന്നെ അധമരും തൊട്ടുകൂടാത്തവരുമായി കണക്കാക്കുന്ന സമ്പ്രദായം ഇസ്‌ലാമിലില്ല. തൊലി കറുപ്പാണെന്നതിനാൽ മാറ്റിനിർത്തപ്പെടുകയും അക്രമിക്കപ്പെടുകയും ചെയ്യുമോ എന്ന ഭീതിയിൽ മുസ്‌ലിം സമൂഹത്തിൽ ആർക്കും കഴിയേണ്ടിവരികയില്ല. ആരാധനാലയങ്ങളിൽ സ്വന്തം മതത്തിൽ പെട്ടവർക്കു പോലും അധമരെന്ന് മുദ്ര കുത്തി വിലക്കേർപെടുത്തുന്ന അനീതിയും ഇസ്‌ലാമിലില്ല. ബാലിശമായ ആരോപണങ്ങൾ ഇസ്‌ലാമിനെതിരെ ഉന്നയിക്കുന്നവർ ഇതൊന്നും അറിയാത്തവരാകാൻ വഴിയില്ല; അന്ധത നടിക്കുകയാണവർ.

ഒരിക്കൽ രണ്ടാം ഖലീഫ ഉമറുംﷺ ഭൃത്യനും ഊഴം വെച്ച് ഒട്ടകപ്പുറത്ത് സവാരി ചെയ്ത കഥ പ്രസിദ്ധമാണ്. ഖലീഫയുടെ ആഗമനത്തെ സ്വാഗതം ചെയ്യുവാൻ ജനങ്ങൾ കാത്തിരിക്കുമ്പോൾ വേലക്കാരൻ ഒട്ടകപ്പുറത്ത് സവാരി ചെയ്തും ഖലീഫ ഒട്ടകത്തിന്റെ കയറിൽ പിടിച്ചും കടന്നുവരുന്നതാണ് അവർ കണ്ടത്!

റോമിലേക്ക് നയതന്ത്രപ്രതിനിധിയായിപോയ മുആദുബ്നു ജബൽﷺവിനോട് ചക്രവർത്തിയായ കൈസറിൻെറ പ്രതാപവും മഹത്ത്വവും ഒരു ഉന്നത ഉദ്യോഗസ്ഥൻ വിവരിച്ചുകൊടുത്തപ്പോൾ തൻെറ രാജ്യത്തെ ഭരണാധികാരിയെപ്പറ്റി മുആദ് ഇപ്രകാരം വിവരിച്ചുകൊടുത്തു: 'ഞങ്ങളുടെ ഭരണാധികാരി ഞങ്ങളിൽപെട്ട ഒരാളാണ്. ഞങ്ങളുടെ വേദഗ്രന്ഥത്തെയും പ്രവാചകചര്യയെയും അദ്ദേഹം അനുസരിക്കുന്ന പക്ഷം ഞങ്ങൾ അദ്ദേഹത്തെ ഖലീഫയായി നിശ്ചയിക്കും. അത് അംഗീകരിക്കുന്നില്ലെങ്കിൽ അധികാരസ്ഥാനത്തു നിന്ന് ഞങ്ങൾ അദ്ദേഹത്തെ നീക്കം ചെയ്യും. അദ്ദേഹം മോഷണം നടത്തുകയാണെങ്കിൽ ഞങ്ങൾ അദ്ദേഹത്തിന്റെ കൈ മുറിക്കും. വ്യഭിചരിക്കുകയാണെങ്കിൽ എറിഞ്ഞ് കൊല്ലും. ആർക്കെങ്കിലും മുറിവേൽപിച്ചാൽ അതിന് പ്രതികാരം ചെയ്യും. ഞങ്ങൾക്ക് പ്രവേശനം തടഞ്ഞുകൊണ്ട് അദ്ദേഹത്തിന് അധികാരത്തിലിരിക്കുക സാധ്യമല്ല. ഞങ്ങളുടെയിടയിൽ അഹംഭാവം നടിക്കുകയോ അഹങ്കാരത്തോടു കൂടി ഞങ്ങളുടെമേൽ വാഴ്ച നടത്തുകയോ ചെയ്യുകയില്ല. യുദ്ധത്തിൽ കൈവന്ന സ്വത്തിൽ ഞങ്ങളെക്കാൾ കൂടുതലായി യാതൊരു അവകാശവും അദ്ദേഹത്തിനില്ല. ഞങ്ങളെപോലൊരു മനുഷ്യൻ മാത്രമാണ് അദ്ദേഹവും' (ഫുത്തൂഹുശ്ശാം).

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം



# ബഹുദൈവാരാധന ഇസ്‌ലാമിന് പറയാനുള്ളത്

**വി**ശ്വാസങ്ങളിലധിഷ്ഠിതമായ കർമങ്ങളാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ദൈവത്തിലും ദൈവദൂതന്മാരിലും പരലോകത്തിലുമൊന്നും വിശ്വാസമില്ലാത്ത കേവല കർമങ്ങൾ ഇസ്‌ലാമികദൃഷ്ട്യാ ഫലശൂന്യമാണ്. ഏകദൈവവിശ്വാസത്തിലൂന്നിയ ഏകദൈവാരാധനയാണ് ഇസ്‌ലാമിന്റെ അടിസ്ഥാനസിദ്ധാന്തം. സാങ്കേതികമായി 'തൗഹീദ്' (ഏകദൈവത്വം) എന്നു പറയുമ്പോൾ വിവക്ഷിക്കുന്നത് അതാണ്. അഥവാ ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട്. സർവചരാചരങ്ങളെയും പടച്ച് പരിപാലിക്കുന്ന സഗുണസമ്പൂർണനാണവൻ. അസ്തിത്വത്തിലും ഗുണവിശേഷണങ്ങളിലുമൊക്കെ അവൻ ഏകനും അദ്വിതീയനുമാണ്. അവന് മാത്രമർപ്പിക്കേണ്ടതാണ് സൃഷ്ടികളുടെ ആരാധനകൾ മുഴുവൻ.

സർവശക്തനും പരമകാരുണികനുമായ സൃഷ്ടികർത്താവിനെ അവൻ സ്വയം പരിചയപ്പെടുത്തിയ പേരാണ് 'അല്ലാഹു' എന്നത്. ആ പേരിൽ തന്നെ അദ്വിതീയത ഉൾക്കൊള്ളുന്നുവെന്നതാണ് വാസ്തവം. അല്ലാഹു എന്ന പദത്തിന് സ്ത്രീലിംഗരൂപമോ പുല്ലിംഗ രൂപമോ ബഹുവചനമോ ഇല്ല. പലരും തെറ്റുധരിച്ചിരിക്കുന്ന് 'അല്ലാഹു' എന്നത് 'മുസ്‌ലിംകളുടെ ദൈവാണ്' എന്നാണ്. അറബികളുടെയോ മുസ്‌ലിംകളുടെയോ മാത്രം ദൈവമല്ല, മറിച്ച് സർവ ചരാചരങ്ങളുടെയും സൃഷ്ടികർത്താവും സംരക്ഷകനുമാണ് അല്ലാഹു എന്നാണ് ഇസ്‌ലാമിന്റ അടിസ്ഥാന പ്രമാണങ്ങളായ വിശുദ്ധ ക്വുർആനും പ്രവാചകചര്യ(സുന്നത്ത്)യും പഠിപ്പിക്കുന്നത്.

എണ്ണിയാലൊടുങ്ങാത്തത്ര അനുഗ്രഹങ്ങൾ മനുഷ്യന് ചൊരിഞ്ഞു കൊടുക്കുന്ന ആ ഏകദൈവത്തെ ആരാധിക്കുവാനാണ് ഇസ്‌ലാം മനുഷ്യരെ ഉദ്‌ബോധിപ്പിക്കുന്നത്.

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷിച്ച് ജീവിക്കുവാൻ വേണ്ടിയത്രെ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നിട്ട് അത് മുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചുതരികയും ചെയ്ത(നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞ്കൊണ്ട് നിങ്ങൾ അല്ലാഹുവിന് സമൻമാരെ ഉണ്ടാക്കരുത്" (ക്വുർആൻ 2:21,22).

ഇതിൽ നിന്ന് വ്യതിചലിച്ച് അല്ലാഹുവിന്റെ സൃഷ്ടികളെയോ മനുഷ്യൻ കൊത്തിയുണ്ടാക്കിയ വിഗ്രഹങ്ങളെയോ വിളിച്ച് പ്രാർഥിക്കുന്നതും അവർക്ക് മുമ്പിൽ ആരാധനകളും നേർച്ച വഴിപാടുകളും അർപ്പിക്കുന്നതും അത്യന്തം ഗുരുതരമായ പാതകമായിട്ടാണ് ഇസ്‌ലാം കാണുന്നത്.

അല്ലാഹുവിന് പുറമെ മറ്റുള്ളവരെ വിളിച്ച് പ്രാർഥിക്കുന്നത് ബഹുദൈവാരാധനയാണെന്നും (ശിർക്ക്) മഹാപാതകമാണെന്നും ക്വുർആൻ വ്യക്തമാക്കുന്നു:

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).

"ലുക്മാൻ തന്റെ മകന് സദുപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു" (ക്വുർആൻ 31:13).

അത് പൊറുക്കപ്പെടാത്ത അപരാധമായിട്ടാണ് ക്വുർആൻ വിവരിക്കുന്നത്: "തന്നോട് പങ്കുചേർക്കപ്പെടുക എന്നത് അല്ലാഹു പൊറുക്കുകയില്ല; തീർച്ച. അതൊഴിച്ചുള്ളത് അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. ആർ അല്ലാഹുവോട് പങ്കുചേർക്കുന്നുവോ അവൻ ബഹുദൂരം പിഴച്ചു പോയിരിക്കുന്നു" (ക്വുർആൻ 4:116).

ബഹുദൈവാരാധന സ്വർഗപ്രവേശനം അസാധ്യമാക്കുന്നതും നരകയാതനക്ക് അർഹമാക്കുന്നതുമായ ഗുരുതര പാപമാണെന്ന് ക്വുർആനിലൂടെ അല്ലാഹു ഉണർത്തിയിട്ടുണ്ട്.

"...അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല...(ക്വുർആൻ 5:72).

മാത്രമല്ല, സകല സൽകർമങ്ങളെയും നിഷ്ഫലമാക്കുന്ന അപകടകാരികൂടിയാണ് വിഗ്രഹാരാധനയടക്കമുള്ള ബഹുദൈവാരധനയെന്നും ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്.

നിരവധി പ്രവാചകന്മാരുടെ ചരിത്രം വിവരിച്ചുകൊണ്ട് ക്വുർആനിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

"അതാണ് അല്ലാഹുവിന്റെ മാർഗദർശനം. അത് മുഖേന തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർമാർഗത്തിലേക്ക് നയിക്കുന്നു. അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു" (ക്വുർആൻ 6:88).

അതിനാൽ സർവപ്രവാചകന്മാരും അവരുടെ പ്രബോധിത സമൂഹത്തോട് അതീവ ഗൗരവത്തോടെ ആദ്യമുണർത്തിയത് ഇക്കാര്യത്തെക്കുറിച്ചായിരുന്നു. ഓരോ പ്രവാചകന്റെയും ചരിത്ര വിവരണത്തിനിടയിൽ ഖുർആൻ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പ്രവാചകന്മാരുടെ പ്രവാചകത്വത്തിലേക്ക് സൂചിപ്പിച്ചുകൊണ്ട് അക്കാര്യം ഒന്നുകൂടി ഊന്നിപ്പറഞ്ഞത് കാണാം.

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)" (16:36).

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധ

**സർവശക്തനും പരമകാരുണികനുമായ സ്യഷ്ടികർത്താവിനെ അവൻ സ്വയം പരിചയപ്പെടുത്തിയ പേരാണ് 'അല്ലാഹു' എന്നത്. അല്ലാഹു എന്ന പദത്തിന് സ്ത്രീ ലിംഗ രൂപമോ പുല്ലിംഗ രൂപമോ ബഹുവചനമോ ഇല്ല. പലരും തെറ്റുധരിച്ചിരിക്കുന്ന് 'അല്ലാഹു' എന്നത് 'മുസ്‌ലിംകളുടെ ദൈവാണ് എന്നാണ്. അറബികളുടെയോ മുസ്‌ലിംകളുടെയോ മാത്രം ദൈവമല്ല, മറിച്ച് സർവ ചരാചരങ്ങളുടെയും സ്യഷ്ടികർത്താവും സംരക്ഷകനുമാണ് അല്ലാഹു**



നം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല" (21:25).

പ്രബോധനത്തിന്റെ മുൻഗണനാക്രമത്തിലേക്ക് വ്യക്തമായ ദിശാബോധം നൽകിക്കൊണ്ട് മുഹമ്മദ് നബിﷺ തന്റെ അനുചരനായ മുആദ്ബ്നു ജബൽ ؓനെ ജൂതക്രൈസ്തവരുള്ള യമനിലേക്ക് അയച്ചപ്പോൾ നൽകിയ ഉപദേശത്തിലും ഇക്കാര്യം കാണാവുന്നതാണ്:

"നിശ്ചയം, നീ വേദം നൽകപ്പെട്ട ഒരു ജനവിഭാഗത്തിലേക്കാണ് പോകുന്നത്. അതിനാൽ നീ അവരെ ക്ഷണിക്കേണ്ടത്, ആരാധന അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ ദൂതനാണെന്നും (ലാഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹ്) എന്ന സത്യസാക്ഷ്യത്തിലേക്കായിരിക്കണം"(ബുഖാരി).

ഏകദൈവാരാധനയുടെ മഹത്ത്വമുദ്ഘോഷിക്കുന്ന ക്വുർആൻ ബഹുദൈവവിശ്വാസത്തിന്റെയും ബഹുദൈവാരാധനയുടെയും നിരർഥകത കൂടി വ്യക്തമാക്കുന്നുണ്ട്. ഏകനായ സത്യദൈവത്തിന്റെ കണിശമായ നിയമങ്ങൾക്ക് വിധേയമായിക്കൊണ്ടാണ് പ്രപഞ്ചത്തിലെ സൂക്ഷ്മവും സ്ഥൂലവുമായ ഏതൊരു വസ്തുവും ചലിച്ചുകൊണ്ടിരിക്കുന്നത് എന്നുണർത്തുന്ന ക്വുർആൻ ബഹുദൈവത്വത്തിന്റെ അസാംഗത്യമുണർത്തിക്കൊണ്ട് പറയുന്നു:

"ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ദൈവങ്ങളുമുണ്ടായിരുന്നുവെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അപ്പോൾ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം എത്ര പരിശുദ്ധനാകുന്നു" (ക്വുർആൻ 21:22).

സർവശക്തനും പരമകാരുണികനുമായ അല്ലാഹുവിനോട് ആവശ്യങ്ങളും സങ്കടങ്ങളും പറഞ്ഞ്കൊണ്ട് പ്രാർഥിക്കുന്നതിലെ സാംഗത്യവും യുക്തിഭദ്രതയും സദ്ഫലങ്ങളും മനസ്സിലാക്കാൻ പ്രയാസമില്ല. എന്നാൽ പ്രാർഥിക്കുന്ന മനുഷ്യരെപ്പോലെ തന്നെ ദൈവത്തിന്റെ സൃഷ്ടികളായ ദൈവേതര ശക്തികളോട് പ്രാർഥിക്കുകയും അവർക്ക് മുമ്പിൽ ആരാധനകളർപ്പിക്കുകയും ചെയ്യുമ്പോൾ അത് എന്ത് മാത്രം ബാലിശമാണ്! ക്വുർആൻ ഉണർത്തുന്നത് കാണുക:

"മനുഷ്യരേ, ഒരു ഉദാഹരണമിതാ വിവരിക്കപ്പെടുന്നു. നിങ്ങൾ അത് ശ്രദ്ധിച്ചു കേൾക്കുക. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവർ ഒരു ഈച്ചയെപ്പോലും സൃഷ്ടിക്കുകയില്ല. അതിന്നായി അവരെല്ലാവരും ഒത്തുചേർന്നാൽ പോലും. ഈച്ച അവരുടെ പക്കൽ നിന്ന് വല്ലതും തട്ടിയെടുത്താൽ അതിന്റെ പക്കൽ നിന്ന് അത് മോചിപ്പിച്ചെടുക്കാനും അവർക്ക് കഴിയില്ല. അപേക്ഷിക്കുന്നവനും അപേക്ഷിക്കപ്പെടുന്നവനും ദുർബലർ തന്നെ" (22:73).

സത്യദൈവമായ അല്ലാഹുവിന് പുറമെ വിളിച്ച് പ്രാർഥിക്കപ്പെടുന്ന ഏതൊന്നിന്റെയും സ്ഥിതി ദുർബലതകൾ കൊണ്ടും ന്യൂനതകൾകൊണ്ടും ബന്ധിതമാണെന്ന് കാണാം.

അവർ സൃഷ്ടികളും അല്ലാഹുവിന്റെ അടിമകളുമാണ്. അവർക്കുപോലും മറ്റുള്ളവരുടെ സഹായമാവശ്യമാണ്; എന്നിരിക്കെ മറ്റുള്ളവരെ സഹായിക്കാൻ അവർക്കെങ്ങിനെ സാധിക്കും? അവർക്ക് നൽകപ്പെട്ടിട്ടുള്ള കഴിവുകളിൽ പരിമിതിയുണ്ട്. കാഴ്ച, കേൾവി, അറിവ് മുതലായവ ഉദാഹരണം മാത്രം.

അല്ലാഹു പറയുന്നു: "അവർ പങ്കുചേർക്കുന്നത് യാതൊന്നും സൃഷ്ടിക്കാത്തവരെയാണോ? അവർ (ആ ആരാധ്യർ) തന്നെ സൃഷ്ടിച്ചുണ്ടാക്കപ്പെടുന്നവരുമാണ്. അവർക്കൊരു സഹായവും ചെയ്യാൻ അവർക്ക് (പങ്കാളികൾക്ക്) സാധിക്കുകയില്ല. സ്വദേഹങ്ങൾക്കു തന്നെ അവർ സഹായം ചെയ്യുന്നതുമല്ല. നിങ്ങൾ അവരെ സൻമാർഗത്തിലേക്ക് ക്ഷണിച്ചാൽ അവർ നിങ്ങളെ പിൻപറ്റുന്നതുമല്ല. നിങ്ങൾ അവരെ ക്ഷണിച്ചിരുന്നാലും, നിങ്ങൾ നിശ്ശബ്ദത പാലിച്ചിരുന്നാലും നിങ്ങൾക്ക് സമമാണ്. തീർച്ചയായും അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരെല്ലാം നിങ്ങളെപ്പോലെയുള്ള ദാസൻമാർ മാത്രമാണ്. എന്നാൽ അവരെ നിങ്ങൾ വിളിച്ച് പ്രാർഥിക്കൂ; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ. അവർക്ക് നടക്കാൻ കാലുകളുണ്ടോ? അവർക്ക് പിടിക്കാൻ കൈകളുണ്ടോ? അവർക്ക് കാണാൻ കണ്ണുകളുണ്ടോ? അവർക്ക് കേൾക്കാൻ കാതുകളുണ്ടോ? (നബിയേ) പറയുക: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിച്ചിട്ട് എനിക്കെതിരായി

തന്ത്രങ്ങൾ പ്രയോഗിച്ച് കൊള്ളുക. എനിക്ക് നിങ്ങൾ ഇടതരേണ്ടതില്ല" (7:191-195).

മഹാന്മാരായ ദൈവദാസന്മാരോ പ്രവാചകന്മാരോ പഠിപ്പിക്കാത്ത ആശയമാണ് ബഹുദൈവാരാധാനയെന്നതിനാൽ അവർ ബഹുദൈവാരാധകരുടെ ശത്രുക്കളായിട്ടായിരിക്കും പുനരുത്ഥാന നാളിൽ വരികയെന്ന് ക്വുർആൻ ഉണർത്തുന്നു:

"അല്ലാഹുവിനു പുറമെ, ഉയർത്തെഴുന്നേൽപിന്റെ നാളുവരെയും തനിക്ക് ഉത്തരം നൽകാത്തവരെ വിളിച്ചു പ്രാർഥിക്കുന്നവനെക്കാൾ വഴിപിഴച്ചവൻ ആരുണ്ട്? അവരാകട്ടെ ഇവരുടെ പ്രാർഥനയെപ്പറ്റി ബോധമില്ലാത്തവരാകുന്നു. മനുഷ്യരെല്ലാം ഒരുമിച്ചുകൂട്ടപ്പെടുന്ന സന്ദർഭത്തിൽ അവർ ഇവരുടെ ശത്രുക്കളായിരിക്കുകയും ചെയ്യും. ഇവർ അവരെ ആരാധിച്ചിരുന്നതിനെ അവർ നിഷേധിക്കുന്നവരായിത്തീരുകയും ചെയ്യും" (ക്വുർആൻ 46:5,6).

കണിശമായ ഏകദൈവാരാധന നടത്തുകയും അത് പ്രചരിപ്പിക്കുകയും ചെയ്ത ദൈവദൂതന്മാരെ തന്നെ കാലാന്തരത്തിൽ വിളിച്ചുതേടപ്പെടുന്ന വിരോധാഭാസമാണ് ചരിത്രത്തിൽ നാം കാണുന്നത്. തന്റെ മുൻഗാമിയായ ദൈവദൂതന്റെ ആശയാദർശങ്ങളിലേക്ക് ക്ഷണിക്കുവാനായി മറ്റൊരു പ്രവാചകൻ വരുമ്പോഴേക്കും ഏതാനും പതിറ്റാണ്ടുകളുടെ വ്യത്യാസത്തിൽ ആ പ്രവാചകന്റെ പോലും വിഗ്രഹം ആരാധിക്കപ്പെടുന്ന അവസ്ഥ! അതിന്റെ പേരിൽ ആ സമൂഹത്തിന്റെ പരിഹാസങ്ങൾക്കും മർദനങ്ങൾക്കും വിധേയരാവുന്ന പ്രവാചകന്മാർ!

വിഗ്രഹം വെച്ചുകൊണ്ടായാലും അല്ലാതെയായാലും അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർഥിക്കുന്നതും ആരാധിക്കുന്നതും ഇസ്‌ലാമിന്റെ ദൃഷ്ടിയിൽ ബഹുദൈവാരാധന(ശിർക്ക്)യും ഗുരുതരമായ പാതകവുമാണ്. പ്രവാചകന്മാരഖിലവും അത്തരം ബഹുദൈവാരാധനകളുടെ പ്രതിയോഗികളായിരുന്നു. ശുദ്ധമായ ഏകദൈവാരാധനയാണ് അവർ വിളംബരം ചെയ്തത്.

കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിൽ മുസ്‌ലിംകളുടെതായി നിരവധി ശവകുടീരങ്ങളും തീർഥാടന കേന്ദ്രങ്ങളുമൊക്കെയുണ്ടല്ലോ, അവിടങ്ങളിലൊക്കെ ദൈവേതരരോടുള്ള പ്രാർഥനകളും ആരാധനകളുമല്ലേ നടക്കുന്നത്, ഇത് ശരിയാണോ എന്ന സംശയം സ്വാഭാവികമാണ്.

വിശുദ്ധ ക്വുർആനിന്റെയും പ്രവാചക ചര്യയുടെയും ഉപദേശങ്ങളെ കാറ്റിൽ പറത്തിക്കൊണ്ടുള്ള വ്യക്തമായ തിന്മയാണ് അവയൊക്കെ എന്നതാണ് അതിനുള്ള മറുപടി. മുൻകാല ചരിത്രത്തിലേതു പോലെ പ്രവാചകാധ്യാപനങ്ങളും അവിടുത്തെ അനുചരന്മാരുടെ പാതയും കൈവിടുമ്പോഴുണ്ടാകുന്ന സ്വാഭാവിക വ്യതിയാനമാണ് ശവകുടീര പൂജകരിലും സംഭവിക്കുന്നത്.

കഅ്ബയെ പ്രദക്ഷിണം ചെയ്യുന്നതും (ത്വവാഫ്) 'ഹജറുൽ അസ്‌വദ്' എന്ന കറുത്ത കല്ലിനെ ചുംബിക്കുന്നതും ഇസ്‌ലാം അംഗീകരിക്കുന്ന ഹജ്ജ് കർമത്തിന്റെ ഭാഗമാണല്ലോ, അത് വിഗ്രഹാരാധനയല്ലേ എന്ന് ചില വിമർശകർ ചോദിക്കാറുണ്ട്.

അല്ല, എന്നാണുത്തരം. വിഗ്രഹാരാധകർ വിഗ്രഹങ്ങളെ സംബന്ധിച്ച് കരുതുന്നതു പോലെ ഏതെങ്കിലും മഹാന്മാരുടെ പ്രതിരൂപങ്ങളായിട്ടല്ല ഒരു മുസ്‌ലിമും കഅ്ബയെയും ഹജറുൽ അസ്‌വദിനെയും കാണുന്നത്. മറിച്ച് ലോകത്ത് ആദ്യമായി, ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുവാനായി നിർമിക്കപ്പെട്ട കഅ്ബയെ ആദരപൂർവം നബിﷺ ത്വവാഫ്(പ്രദക്ഷിണം) ചെയ്യുകയും അതിന്റെ ഒരു മൂലയിലുള്ള ഹജറുൽ അസ്‌വദിനെ ചുംബിക്കുകയും ചെയ്തത് മാതൃകയാക്കി ആ പ്രവാചകനെ പിൻപറ്റിക്കൊണ്ടുള്ള ഒരു ആദരവ് പ്രകടിപ്പിക്കൽ മാത്രം. അല്ലാതെ കഅ്ബക്കോ ഹജറുൽ അസ്‌വദിനോ മുസ്‌ലിംകൾ ആരാധനയർപ്പിക്കുന്നില്ല. അവയോട് വിളിച്ച് പ്രാർഥിക്കുന്നില്ല. അവയുടെ നാഥനായ അല്ലാഹുവിനെയാണവർ വിളിച്ച് പ്രാർഥിക്കുന്നത്. (ഹജ്ജിന്റെ കർമങ്ങളിൽ മഹാനായ ഇബ്‌റാഹീം നബി(عليه السلام)യുടെ ചരിത്ര സ്മരണകൾ ഉണ്ടായിട്ടുകൂടി അതിലൊരിടത്തും അദ്ദേഹത്തോടോ മറ്റേതെങ്കിലും മഹത്തുക്കളോടോ ഉള്ള പ്രാർഥനകളും ആരാധനകളുമില്ലായെന്നത് പ്രത്യേകം ശ്രദ്ധേയമാണ്).

മുഹമ്മദ് നബിﷺയുടെ അനുചരനായ, ഇസ്‌ലാമിക ഭരണകൂടത്തിന്റെ രണ്ടാം ഖലീഫയായിരുന്ന മഹാനായ ഉമറുബ്നുൽ ഖത്വാബി(رضي الله عنه)ന്റെ വാക്കുകളിലൂടെ അക്കാര്യം വ്യക്തമാക്കുന്നുണ്ട്. കഅ്ബയെ പ്രദക്ഷിണം ചെയ്തുകൊണ്ട് ഹജറുൽ അസ്‌വദിനെ നോക്കി അദ്ദേഹം ഇപ്രകാരം പറഞ്ഞു: "അല്ലാഹുവാണെ സത്യം! നീ ഒരു കല്ലാണെന്ന കാര്യം എനിക്കറിയാം. യാതൊരു ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിയാത്ത കല്ല്. അല്ലാഹുവിന്റെ ദൂതനായ മുഹമ്മദ് നബിﷺ നിന്നെ ചുംബിക്കുന്നത് ഞാൻ കണ്ടില്ലായിരുന്നുവെങ്കിൽ ഞാനും നിന്നെ ചുംബിക്കുമായിരുന്നില്ല" (ബുഖാരി).

ലോകത്തൊരിടത്തും ഒരു മുസ്‌ലിമിന് പ്രദക്ഷിണം നടത്താനും ചുംബിക്കാനും ഇതല്ലാതെ മറ്റൊരിടവും ഇസ്‌ലാമിക പ്രമാണങ്ങൾ പരതിയാൽ കാണാൻ സാധിക്കില്ല എന്നത് കൂടി ഇതിനോട് ചേർത്ത് വായിക്കുക. കാര്യം ഇങ്ങനെയാണെന്നിരിക്കെ കഅ്ബാ പ്രദക്ഷിണത്തിലും ഹജറുൽ അസ്‌വദ് ചുംബിക്കുന്നതിലും വിഗ്രഹാരാധന ദർശിക്കുന്നത് നീതിയുക്തമല്ല. ●

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

# പ്രതിരോധവും പ്രതികരണവും ഇന്ത്യൻ സാഹചര്യങ്ങളിൽ

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നടന്ന വർഗീയ കലാപങ്ങൾക്കും സംഘർഷങ്ങൾക്കും കയ്യും കണക്കുമില്ല. ചെറുതും വലുതുമായി ഒട്ടേറെ കുഴപ്പങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിട്ടുണ്ട്. കൃത്യമായ കാരണങ്ങൾ കണ്ടെത്താൻ സാധിക്കാത്ത കലാപങ്ങളാണ് അധികവും. പലതും തെരുവിൽ നിന്നാണ് ആരംഭിച്ചത്. ദാദമാരുടെയും തെരുവുചട്ടമ്പികളുടെയും നേതൃത്വത്തിൽ പണത്തിന്റെയോ പെണ്ണിന്റേയോ പേരിൽ നടക്കുന്ന അടിപിടികളിലേക്ക് ജാതിയും മതവും വലിച്ചിഴക്കപ്പെടുകയാണ് പലപ്പോഴും സംഭവിച്ചിട്ടുള്ളത്. അവ പിന്നീട് രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടിയും വോട്ടുകൾക്ക് വേണ്ടിയും ഉപയോഗപ്പെടുത്തപ്പെടുകയും ചെയ്തു. സാമുദായിക രാഷ്ട്രീയ ലക്ഷ്യങ്ങളെ മുൻനിർത്തി ആരാധനാലയങ്ങൾക്ക് നേരെ ആക്രമണങ്ങളും ഉണ്ടായിട്ടുണ്ട്. പ്രവാചകന്മാരെയും മതാചാര്യന്മാരെയും അവഹേളിച്ചതിന്റെ പേരിലും പലരും സംഘർഷങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കലാപങ്ങളിലധികവും മുസ്‌ലിംകളടക്കമുള്ള ന്യൂനപക്ഷങ്ങൾക്കാണ് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. സ്വാഭാവികമായും മുസ്‌ലിം സമൂഹത്തിൽ കടുത്ത അമർഷങ്ങൾക്കും പ്രതിഷേധങ്ങൾക്കും ഇത് കാരണമായി. ഇത്തരം സന്ദർഭങ്ങളിലൊക്കെയും വിവിധ ഇസ്‌ലാമിക സമൂഹങ്ങൾക്ക് നേതൃത്വം നൽകുന്ന പക്വതയും വിവേകവുമുള്ള പണ്ഡിതരും നേതാക്കളും അക്രമത്തിന്റെ പാത വെടിഞ്ഞു ക്ഷമയുടെയും ആത്മസംയമനത്തിന്റെയും മാർഗം സ്വീകരിക്കാനാണ് ആഹ്വാനം ചെയ്യാറുള്ളത്.



രാജ്യത്തെ മുസ്‌ലിം ന്യൂനപക്ഷങ്ങളിൽ ആശങ്കകളും പ്രതിഷേധങ്ങളും ശക്തമായി വന്നത് 1992 ഡിസംബർ ആറിന് ബാബരി മസ്ജിദ് തകർക്കപ്പെട്ടതോടെയാണ്. ഭൂരിപക്ഷം വരുന്ന ഹൈന്ദവസമൂഹത്തിന്റെ പിന്തുണയില്ലാഞ്ഞിട്ടു പോലും മസ്ജിദ് തകർക്കാൻ ആർ.എസ്.എസ് കർസേവകർക്ക് സാധിച്ചുവെന്നത് ഇന്ത്യയുടെ മതേതര യശസ്സിനേറ്റ കനത്ത ആഘാതമായിരുന്നു. വ്രണിത ഹൃദയരായ മുസ്‌ലിം ന്യൂനപക്ഷവും രാജ്യത്തെ മതേതര ഭൂരിപക്ഷവും ഒരു പോലെ വിറങ്ങലിച്ചു നിന്ന ദിനമായിരുന്നു ഡിസംബർ ആറ്. ഇന്ത്യ ലോകത്തിനു മുമ്പിൽ നാണം കെട്ട് തലതാഴ്ത്തിയ ദിവസം. സ്വാഭാവിക പ്രതികരണങ്ങൾ അതിരുകടന്നു അക്രമത്തിന്റെ പാതയിലേക്ക് നീങ്ങുകയും സാമുദായിക കലാപങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്തേക്കാവുന്ന ഭീതിതമായ സ്ഥിതിവിശേഷമായിരുന്നു രാജ്യമൊട്ടുക്കും. രാഷ്ട്രശിൽപികൾ നട്ടുവളർത്തി ഓമനിച്ചു വലുതാക്കിയ ജനാധിപത്യ മതേതര ചിന്തകൾ നാടുനീങ്ങുകയാണെന്നു പോലും നിരീക്ഷിക്കപ്പെട്ടു. ഒരു സമുദായമെന്ന നിലക്ക് ഉന്മൂലന ഭീഷണിയാണോ തങ്ങൾ നേരിടുന്നതെന്ന ഭയപ്പാടുകൾ പൊതുവിൽ സമുദായത്തിൽ വളർന്നുവന്നു.

ആർ.എസ്.എസ്സും വി.എച്ച്.പിയും നേതൃത്വം നൽകിയ ബാബരി മസ്ജിദ് ധ്വംസനത്തിനു അന്ന് രാജ്യം ഭരിച്ചിരുന്ന കോൺഗ്രസ്സ് മറുപടി പറയാൻ ബാധ്യസ്ഥരായി. മുറിവേറ്റ മനസ്സുകളിൽ സ്വാഭാവികമായും ഉണ്ടാവുന്ന ഭരണവിരുദ്ധ തരംഗം രാജ്യത്തെ മതേതര ശക്തികൾ ദുർബലമാവാൻ കാരണമാവുകയും ചെയ്തു. ബാബരി മസ്ജിദ് പ്രശ്നം ആർ.എസ്.എസ്സിനെ സംബന്ധിച്ചിടത്തോളം ഒരു ഹിന്ദു പ്രശ്നമായിരുന്നില്ല. രാജ്യത്തെ മുഴുവൻ ഹിന്ദുക്കളെയും ശ്രീരാമ പ്രതീകം ഉപയോഗിച്ച് ഏകോപിപ്പിക്കുന്നതിനും അത് വഴി ഹിന്ദുത്വ രാഷ്ട്രീയം വളർത്തിയെടുക്കുകയും അതുവഴി അധികാര സോപാനങ്ങളിൽ കയറിയിരിക്കുകയും ചെയ്യുന്നതിന് വേണ്ടി കാലങ്ങളായി ആസൂത്രണം ചെയ്ത പദ്ധതിയായിരുന്നു അത്. സ്വാഭാവികമായും മുസ്‌ലിം സമുദായം തെരുവിലിറങ്ങുമെന്നും അവർ ഹിന്ദുക്കൾക്കെതിരെ വലിയ കലാപങ്ങൾ അഴിച്ചുവിടുമെന്നുമൊക്കെ അവർ കണക്കുകൂട്ടി. അത് സംഭവിക്കുകയും ചെയ്തു. ബോംബെയിലും ഉത്തരേന്ത്യയുടെ വിവിധ ഭാഗങ്ങളിലും മുസ്‌ലിംകൾ പ്രതിഷേധവുമായി തെരുവിലിറങ്ങി. ഒരു നേതൃത്വമോ ആലോചനയോ ഇല്ലാത്ത പ്രതിഷേധങ്ങൾ അക്രമാസക്തമായി. അതിനിടെ ബാബരി മസ്ജിദ് തകർക്കാൻ വേണ്ടി ഒരുമിച്ച് കൂടിയ കർസേവകരെ പോലീസ് വെടിവെച്ചുവെന്നും രാമഭക്തരായ ധാരാളം കർസേവകർ കൊല്ലപ്പെട്ടുവെന്നുമൊക്കെയുള്ള കള്ളപ്രചരണങ്ങൾ ആർ.എസ്.എസ് രാജ്യവ്യാപകമായി അഴിച്ചുവിട്ടു. അതുവഴി ഹൈന്ദവസമൂഹത്തെ ഇളക്കാൻ ആർ.എസ്.എസ്സിന് കഴിഞ്ഞു. ഹിന്ദുത്വവാദികൾ അഴിഞ്ഞാടി. ഹിന്ദു ദിനപത്രവും ഫ്രണ്ട് ലൈൻ വാരികയും ആർ.എസ്.എസ്സിന്റെ കളവുകൾ പൊളിച്ചടക്കിയെങ്കിലും രാജ്യമാകമാനം ഒരു ഹൈന്ദവ വികാരം ഉയർത്തിക്കൊണ്ടുവരുന്നതിൽ അവർ വിജയിച്ചിരുന്നു. ഹിന്ദു മുസ്‌ലിം സമൂഹത്തെ ഒരുപോലെ ഇളക്കിവിട്ടു ഈ വർഗീയ കലാപങ്ങളിൽ ആയിരങ്ങൾ മരിച്ചുവീണു. ബോംബെയിൽ മാത്രം മൂന്നുമാസത്തോളം നീണ്ടു നിന്ന സംഘർഷത്തിൽ തൊള്ളായിരം പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്ക്.



സ്വതന്ത്ര ഇന്ത്യയിലെ മുസ്‌ലിം സമുദായം വളരെ ന്യൂനപക്ഷമാണെങ്കിലും ന്യൂനപക്ഷങ്ങൾക്കെതിരെ രാജ്യത്തിന്റെ മതേതര മനസ്സ് ഒരിക്കലും അക്രമോൽസുകമായി പ്രവർത്തിച്ചിട്ടില്ല. അതേസമയം ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കണമെന്ന ലക്ഷ്യം സാധ്യമാക്കുന്നതിനു വേണ്ടിയുള്ള പോരാട്ടത്തിൽ മുസ്‌ലിം സമുദായത്തെ രാജ്യത്തിന്റെ ശത്രുപക്ഷത്ത് നിർത്തി ആശയപരമായും കായികമായും യുദ്ധം ചെയ്യാനാണ് ആർ.എസ്.എസ് ശ്രമിച്ചുവന്നത്. എന്നാൽ ആർ.എസ്.എസ്സിന്റെ ഈ ശ്രമങ്ങൾ വിജയം കണ്ടില്ല. അതിനുള്ള പ്രധാന കാരണം സ്വാതന്ത്ര്യസമരത്തിന്റെയും വിഭജനത്തിന്റെയും നോവുകൾ അറിഞ്ഞ മുസ്‌ലിം സമുദായത്തിലെ പരിചയസമ്പന്നരും പരിണിത പ്രജ്ഞരും ധിഷണാശാലികളുമായ നേതാക്കൾ സമുദായത്തിന് ദിശാബോധം നൽകിയത് കൊണ്ടായിരുന്നു. രാജ്യത്തിന്റെ ജനാധിപത്യ സംവിധാനങ്ങളിലും ദേശീയോദ്ഗ്രഥനത്തിലും അഖണ്ഡ ഭാരതത്തിന്റെ സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കാൻ മുസ്‌ലിംകളോട് അവർ ആഹ്വാനം ചെയ്തു. മതേതര പ്രസ്ഥാനങ്ങളിൽ ചേർന്ന് പ്രവർത്തിക്കാൻ അവർ സമുദായത്തെ ഉപദേശിച്ചു. ജനാധിപത്യം ശിർക്കും കുഫ്‌റുമാണെന്ന് പ്രചരിപ്പിച്ചിരുന്ന തീവ്രവാദികളിൽ നിന്നും അവർ സമുദായത്തെ സംരക്ഷിച്ചു.

ബുദ്ധിപരവും പ്രായോഗികവുമായ ഈ നിലപാടിന് കരുത്ത് പകർന്നത് ഇസ്‌ലാഹി ദർശനമായിരുന്നു. മുസ്‌ലിം സമുദായത്തിന്റെ എല്ലാ മേഖലകളിലുമുള്ള പുരോഗതി ലാക്കാക്കി പ്രവർത്തിച്ചിരുന്ന ഇസ്‌ലാഹി നേതാക്കൾക്ക് സമുദായത്തിന് നേരെ ഉയർന്നു വരുന്ന അതിക്രമങ്ങളെ എങ്ങിനെയാണ് നേരിടേണ്ടതെന്ന സുചിന്തിതമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഇന്ത്യ ശക്തമായ ഒരു ഭരണഘടനയും നിയമനിർമാണ സഭകളും നീതിന്യായ വ്യവസ്ഥയും നിയമപാലന സംവിധാനവുമുള്ള രാജ്യമാണ്. ഈ സംവിധാനങ്ങളിലൂടെ അവകാശങ്ങൾ നേടിയെടുക്കാൻ ശീലിച്ച സമുദായത്തിന് ഇതേ വ്യവസ്ഥിതികളിലൂടെ തന്നെ തങ്ങൾക്കുനേരെ വരുന്ന മുഴുവൻ അ

തിക്രമങ്ങളെയും ചെറുക്കാൻ സാധിക്കുമെന്ന് ഇസ്‌ലാഹി പണ്ഡിതരും നേതാക്കളും മനസ്സിലാക്കിയിരുന്നു. മുസ്‌ലിം സമുദായത്തിന് രാഷ്ട്രീയ നേതൃത്വം നൽകുന്ന സംഘടനകൾക്കും വിവിധ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുന്ന മുസ്‌ലിം നേതാക്കൾക്കും ഇന്ത്യയുടെ സാഹചര്യത്തിൽ പാലിക്കേണ്ട പ്രതിരോധത്തിന്റെയും പ്രതികരണത്തിന്റെയും അറിവുകൾ അവർ പകർന്നുകൊടുത്തു. പ്രതിരോധത്തിന്റെ മറവിൽ വാളെടുക്കുന്നവനൊക്കെ വെളിച്ചപ്പാടാവുന്ന ശൈലി ഇസ്‌ലാമിക വിരുദ്ധമാണെന്നും രാജ്യത്തിന്റെ പൊതുവായ നിയമസംവിധാനങ്ങളും രാഷ്ട്രീയസ്വഭാവവും ന്യൂനപക്ഷങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനാൽ കായികമായോ ആൾക്കൂട്ടമായോ നേരിടുന്നതിന് പകരം ജനാധിപത്യമാർഗങ്ങളിലൂടെയും ബാലറ്റുകൾ ഉപയോഗിച്ചുമാണ് പ്രതിരോധം തീർക്കേണ്ടതെന്ന് അവർ മുസ്‌ലിം സാമാന്യ ജനങ്ങളെ ഉദ്ബോധിപ്പിച്ചു. പ്രതിരോധത്തിന്റെയും പ്രതികരണത്തിന്റെയും മാർഗമായി ഇന്ത്യയിലെ സർക്കാർ വ്യവസ്ഥിതിയിൽ ശിർക്കിന്റെയും കുഫ്‌റിന്റെയും അടിത്തറകൾ ആരോപിച്ച് തെരഞ്ഞെടുപ്പുകൾ ബഹിഷ്‌കരിച്ചും ജനാധിപത്യ പ്രക്രിയകളിൽ നിന്ന് മാറിനിന്നും നിയമനിർമാണസഭകളെ ഇസ്‌ലാമിക വിരുദ്ധമായി പ്രഖ്യാപിച്ചും ചിലർ നടത്തിയ പ്രചാരണങ്ങളെ മുസ്‌ലിം ബഹുജനങ്ങളിൽ സ്വാധീനിക്കാതെ പിടിച്ച് നിർത്തിയത് ഇസ്‌ലാഹി ആദർശത്തിന്റെ ഇടപെടലുകൾ കൊണ്ട് മാത്രമായിരുന്നു. മുസ്‌ലിംകൾ അധിവസിക്കുന്ന വിവിധ രാജ്യങ്ങളിൽ മറ്റുള്ളവരാൽ ദുർബലരാക്കപ്പെട്ട് ദൈന്യതയുടെയും പീഡനങ്ങളുടെയും കഥകൾ ലോകമെങ്ങും പ്രചരിച്ചപ്പോഴും ഇന്ത്യയിലെ മുസ്‌ലിംകൾക്ക് ആത്മാഭിമാനത്തോടെ രാഷ്ട്രത്തിന്റെ കുഞ്ചികസ്ഥാനങ്ങളിൽ നിലയിറപ്പിക്കാൻ സാധിച്ചു.

വിശ്വ ഹിന്ദുപരിഷത്തിനെ മുന്നിൽ നിർത്തി ആർ.എസ്.എസ് ബാബരി കാമ്പയിനുകൾക്ക് 1984 മുതൽ തുടക്കം കുറിക്കുകയും രഥയാത്രകൾ അടക്കമുള്ള പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. 1986 ജനുവരി 25ന് ഹിന്ദുക്കൾക്ക് ആരാധന നടത്തുന്നതിനായി 'മസ്ജിദ്' തുറന്നു കൊടുക്കണമെന്ന ആവശ്യവുമായി അവർ കോടതിയെ സമീപിച്ചു. ഹിന്ദുക്കൾക്ക് 'തർക്കസ്ഥലം' തുറന്നുകൊടുക്കാൻ കോടതി ഉത്തരവായി. കോടതിവിധി വലിയ കോളിളക്കം സൃഷ്ടിച്ചു. 1989ൽ ശിലാന്യാസം നടത്തി. ഇത് മുസ്‌ലിം സമുദായത്തിനകത്ത് പ്രതിരോധത്തെ കുറിച്ചും പ്രതികരണത്തെ കുറിച്ചുമുള്ള വലിയ ചർച്ചകൾക്ക് കാരണമായി. അതേ വർഷം തന്നെ രാഷ്ട്രീയ സ്വയം സേവക് സംഘത്തിന് ബദലായി ഇസ്‌ലാമിക് സേവക് സംഘ് (ഐ.എസ്.എസ്.) എന്ന സംഘടന രൂപംകൊണ്ടു. കേരളത്തിൽ ജന്മം കൊണ്ട ഈ സംഘടന മുസ്‌ലിം സമുദായത്തിൽ കായികപ്രതിരോധത്തിന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു. മുഖ്യധാരാ മുസ്‌ലിം സംഘടനകൾ ഈ ആശയത്തിനെതിരെ ശക്തമായി നിലയുറപ്പിച്ചു. ഇത്തരം ആശയങ്ങൾ മുസ്‌ലിം സമുദായത്തെ ദുർബലപ്പെടുത്താനും അന്യസമുദായങ്ങൾക്കിടയിലും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കിടയിലും സമുദായത്തെ പ്രതിസ്ഥാനത്ത് നിർത്താനും മാത്രമേ കാരണമാകൂ എന്നും അവർ നിരീക്ഷിച്ചു. 1992ൽ ഐ.എസ്.എസ് നിരോധിക്കപ്പെട്ടു.

1992ലെ ബാബരി മസ്ജിദ് ധ്വംസനത്തിനു ശേഷം സ്ഥിതിഗതികൾ ഒന്നുകൂടി വഷളായി. പ്രതിരോധത്തിലും പ്രതികരണത്തിലും ന്യൂനപക്ഷങ്ങൾ പക്വത പുലർത്തിയില്ലെങ്കിൽ വലിയൊരു കലാപമായിരിക്കും ക്ഷണിച്ചു വരുത്തുകയെന്ന് മുജാഹിദ് പ്രസ്ഥാനം സമുദായത്തെ ഉദ്ബോധിപ്പിച്ചു. 1992 ഡിസംബറിൽ പാലക്കാട് നടത്താൻ നിശ്ചയിച്ച മുജാഹിദ് സംസ്ഥാന സമ്മേളനം നിർത്തിവെച്ച് ബാബരി ധ്വംസനത്തിനെതിരെ പ്രതിഷേധാഗ്നി പടർത്തണമെന്ന് തീവ്രമായി ചിന്തിച്ചിരുന്ന ചിലർ ആവശ്യപ്പെട്ടു. പക്ഷെ രാജ്യത്ത് വർഗീയത വളർത്താനുള്ള ആർ.എസ്.എസ്സിന്റെ ശ്രമങ്ങൾക്ക് ആക്കം കൂട്ടാൻ മാത്രമേ അത് ഉപകരിക്കുവെന്ന് മുജാഹിദുകൾ മനസ്സിലാക്കി സമ്മേളനവുമായി മുമ്പോട്ടുപോയി. ഒരു രാഷ്ട്രമെന്ന നിലക്ക് ഇന്ത്യയും ഭരണകൂടവും മുസ്‌ലിംകൾക്ക് മേൽ പീഡനം നടത്തുന്നില്ല എന്ന് പറഞ്ഞതിനെ ഇന്ത്യയിൽ മുസ്‌ലിം പീഡനമില്ലെന്ന് മുജാഹിദുകൾ പറഞ്ഞതായി ചില പത്രങ്ങൾ ദുർവ്യാഖ്യാനിച്ചു. കേരളത്തിലെ മുഖ്യധാരാ മുസ്‌ലിംസംഘടനകൾ അവരത്രയും കാലം കാത്തുസൂക്ഷിച്ചു പോന്ന മതേതര പാരമ്പര്യവും വർഗീയ വിരുദ്ധ പൈതൃകവും ഉയർത്തിപ്പിടിച്ചു.

നേരത്തെ തന്നെ അതിതീവ്രമായി ചിന്തിച്ചിരുന്ന പലരും മുഖ്യധാരാ സംഘടനകളുടെ 'ആത്മസംയമന താരാട്ടിൽ' ക്ഷുഭിതരായിരുന്നു. ആയുധമെടുത്ത് പ്രതിരോധിക്കേണ്ട സന്ദർഭങ്ങളിൽ സമുദായത്തെ ഉറക്കിക്കിടത്തുകയാണ് നേതാക്കളും പണ്ഡിതരുമെന്ന ആക്ഷേപം ഇവരുന്നയിച്ചു. 'നാഷ

ണൽ ഡെവലപ്പ്മെന്റ് ഫ്രണ്ട്' (എൻ.ഡി.എഫ്) എന്ന സംഘടനയുടെ പിറവി ഇങ്ങനെയായിരുന്നു.

മുഖ്യധാരാ മുസ്‌ലിം സംഘടനകളിൽ നുഴഞ്ഞു കയറി അവിടെയുള്ള ചെറുപ്പക്കാരെ എൻ.ഡി.എഫിലേക്ക് ആകർഷിക്കാൻ അവർ ശ്രമിച്ചു. പേടിപ്പെടുത്തുന്ന വാർത്തകൾ യുവാക്കളുടെ മനസ്സുകളിൽ ഇട്ടുകൊടുത്ത് അവരെ തീവ്രമായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയായിരുന്നു അവർ. ഭീതി ജനിപ്പിക്കുന്ന വാർത്തകൾ വന്നുകഴിഞ്ഞാൽ അതിനെ അപഗ്രഥിക്കാൻ സാധിക്കുന്ന പണ്ഡിതന്മാരിലേക്കും നേതാക്കളിലേക്കും മടക്കി വിവേകപൂർണമായ തീരുമാനത്തിന് വേണ്ടി കാതോർക്കുകയാണ് വേണ്ടതെന്ന വിശുദ്ധ ക്വുർആൻ, സൂറത്തുന്നിസാഇലെ 83ാം വചനം ഉദ്ധരിച്ചുകൊണ്ട് ഇസ്വ്‌ലാഹി പണ്ഡിതന്മാർ ചെറുപ്പക്കാർക്ക് മാർഗദർശനം നൽകി. ഒറ്റപ്പെട്ട സംഭവങ്ങളെ ഊതിവീർപ്പിച്ച് രാജ്യത്ത് മുസ്‌ലിംകൾ അരക്ഷിതരാണെന്ന് പ്രചരിപ്പിക്കാൻ ശ്രമിച്ചവർക്ക് ചില കൈവെട്ടലുകൾക്കും മനുഷ്യക്കുരുതികൾക്കും നേതൃത്വം നൽകാൻ സാധിച്ചുവെന്നല്ലാതെ പ്രായോഗികമായ പരിഹാരങ്ങൾക്കായി ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. മതേതരപ്രസ്ഥാനങ്ങളുടെ ശാക്തീകരണം വഴി രാഷ്ട്രീയമായ പ്രതിരോധം ശക്തമാക്കേണ്ടിയിരുന്ന സാഹചര്യത്തിൽ ചെറു ചെറു പാർട്ടികളുണ്ടാക്കി സമുദായവോട്ടുകൾ ഭിന്നിപ്പിക്കാൻ മാത്രമേ ഇവരുടെ നിലപാടുകൾ സഹായകമായുള്ളൂ. ചില മാധ്യമങ്ങൾ അവരുടേതായ രാഷ്ട്രീയ ലക്ഷ്യങ്ങൾ മുന്നിൽ വെച്ചുകൊണ്ട് തീവ്രവാദസംഘങ്ങളെ വഴിവിട്ടു പ്രോത്സാഹിപ്പിച്ചു. ഇത്തരം സംഘങ്ങൾക്ക് രാഷ്ട്രീയമായി വലിയ മുന്നേറ്റം ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിലും രാജ്യത്തിന്റെ നീതിന്യായ സംവിധാനങ്ങളോടും ജനാധിപത്യ സങ്കേതങ്ങളോടും 'ഫോബിയ' വെച്ചുപുലർത്തുന്ന ഒരുപറ്റം ക്ഷുഭിത യൗവനങ്ങളെ സൃഷ്ടിക്കാൻ സാധിച്ചുവെന്നത് സത്യമാണ്. ധിഷണാശാലികളും ദീർഘവീക്ഷണമുള്ളവരുമായ മുൻകാല നേതാക്കൾ കാണിച്ചുതന്ന പാതയിൽ നിന്നും വഴിതെറ്റിപ്പോയി കൂട്ടം തെറ്റിയ കുഞ്ഞാടുകളായി മാറുന്ന ഇക്കൂട്ടർ കാണിക്കുന്ന അവിവേകങ്ങൾക്കും ഇസ്വ്‌ലാഹി പ്രസ്ഥാനം പോലെയുള്ള ഉത്തരവാദപ്പെട്ട കൂട്ടായ്മകൾ മറുപടി പറയേണ്ട സ്ഥിതിവിശേഷമാണുള്ളത്.

രാജ്യവും രാജ്യത്തെ ന്യൂനപക്ഷവും വലിയ ഭീഷണികൾ നേരിട്ടുകൊണ്ടിരിക്കുന്ന കാലമാണിത്. സംഘപരിവാർ അധികാരത്തിലെത്തി രാജ്യത്തെ ന്യൂനപക്ഷങ്ങളെ ഉന്മൂലനം ചെയ്യാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ അതിനെ ചെറുക്കുന്ന കാര്യത്തിൽ വലിയ ചിന്തകളാണാവശ്യം. വളരെപ്പെട്ടെന്നുള്ള പ്രതികരണങ്ങൾ പിന്നീട് വലിയ ദോഷമായി ഭവിച്ച എത്രയോ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രശ്നങ്ങളുണ്ടാകുമ്പോൾ അതിനുള്ള പരിഹാരമാണാവശ്യം. പക്ഷേ, പലപ്പോഴും പരിഹാരങ്ങളെക്കാൾ വലിയ വായിൽ വരുന്ന പ്രതികരണങ്ങൾ നടത്താനാണ് ചിലരെങ്കിലും ശ്രമിക്കുന്നത്. 'കുരക്കും നായ കടിക്കില്ല' എന്ന് പറയുന്ന പോലെ പ്രതികരണങ്ങൾ വലിയ കുരകളായി അന്തരീക്ഷങ്ങളിൽ ലയിക്കുകയും പിന്നീടവ വലിയ ദോഷമായി ഭവിക്കുകയും ചെയ്യുന്നുവെന്നത് നാം കണ്ടുകൊണ്ടിരിക്കുന്നു. പരിഹാരങ്ങൾക്ക് ഒരു പക്ഷേ, കാലതാമസമുണ്ടാവും. അതുവരെ ക്ഷമിക്കുകയെന്ന ഇസ്‌ലാമികരീതിയാണ് അഭികാമ്യം. ഇരുട്ടിന്റെ മറവിൽ പ്രതിരോധ സംഘങ്ങൾക്ക് രൂപംകൊടുത്തും കോടതികളിലേക്കും മറ്റും മാർച്ച് നടത്തിയും പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കിയും പൊതുമുതൽ നശിപ്പിച്ചും നിയമവിരുദ്ധമായി പ്രവർത്തിച്ചതുകൊണ്ട് പരിഹാരമുണ്ടാവില്ല. പകരം ജനാധിപത്യമാർഗത്തിൽ പൊതുസമൂഹത്തെ ബോധ്യപ്പെടുത്തിയും അവരുടെ പിന്തുണകൂടി നേടിയെടുത്തതും നിയമപരമായ മാർഗങ്ങൾ അവലംബിച്ചും മാത്രമായിരിക്കണം നമ്മുടെ പ്രതിരോധങ്ങളും പ്രതികരണങ്ങളും.

മുജാഹിദ് പണ്ഡിതന്മാർക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരെ ഒട്ടനവധി അക്രമങ്ങൾ ഉണ്ടായിട്ടുണ്ട്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള പ്രതിഷേധങ്ങളല്ലാത്ത ആൾക്കൂട്ട മർദനങ്ങളോ പതിയിരുന്നുള്ള അക്രമങ്ങളോ കൊലപാതകങ്ങളോ മുജാഹിദ് പ്രസ്ഥാനം ഇതുവരെ നടത്തിയിട്ടില്ല. പൊതുമുതൽ നശിപ്പിച്ചുകൊണ്ടും പോലീസ് സ്റ്റേഷനുകൾ ആക്രമിച്ചു കൊണ്ടും കോടതികളിലേക്ക് മാർച്ച് നടത്തിക്കൊണ്ടുമുള്ള പ്രവർത്തനരീതികളൊന്നും തന്നെ ഇസ്വ്‌ലാഹി പ്രസ്ഥാനത്തിന് പരിചയമില്ല. 1991 നവംബർ 21നു കോഴിക്കോട്ടെ മുജാഹിദ് സെന്റർ ബോംബ് വെച്ച് തകർക്കാൻ ശ്രമിച്ചപ്പോഴും കോഴിക്കോട് മുഹ്‌യുദ്ദീൻ പള്ളി ആക്രമിക്കപ്പെട്ടപ്പോഴും പൂനൂരിലെ വയോധികനായ മുജാഹിദ് പ്രവർത്തകൻ അബൂബക്കർ ഹാജിയെ ബോംബിട്ട് വധിക്കാൻ ശ്രമിച്ചപ്പോഴും... അങ്ങനെ പല സന്ദർഭങ്ങളിൽ ഇസ്വ്‌ലാഹി പ്രസ്ഥാനത്തിനെതിരെ ശത്രുക്കൾ ആക്രമണങ്ങൾ

അഴിച്ചുവിട്ടപ്പോഴുമൊക്കെ ഇസ്‌ലാഹി പ്രവർത്തകർ നിയമപരവും ജനാധിപത്യപരവുമായ മാർഗങ്ങളിലൂടെ മാത്രമെ പ്രതികരിച്ചുള്ളൂ. ഒടുവിൽ പറവൂരിൽ ആക്രമിക്കപ്പെട്ട പ്രബോധകരുടെ കാര്യത്തിലും മുജാഹിദുകൾ നിയമം കയ്യിലെടുത്ത് പ്രതിഷേധിച്ചില്ല. അവരെ കള്ളക്കേസിൽ കുടുക്കാൻ ശ്രമിച്ചവർക്കെതിരെ കോടതിയുടെ പരാമർശം പോലുമുണ്ടായി.

അല്ലാഹുവിന്റെ സഹായം ലഭ്യമാകുന്നവർക്കാണ് അന്തിമവിജയമെന്ന ദൃഢമായ വിശ്വാസമുള്ളവരാണ് മുജാഹിദുകൾ. വിശ്വാസികൾ പരീക്ഷിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. അവിടെ ക്ഷമയുടെ മാർഗം സ്വീകരിക്കുകയും അവിവേകം പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക വിശ്വാസിയുടെ ബാധ്യതയാണ്. അന്യായമായി അക്രമിക്കപ്പെടുന്നവർക്ക് അല്ലാഹുവിന്റെ സഹായമുണ്ടാവുമെന്നത് തീർച്ചയാണ്. അപരാധികൾ എത്രതന്നെ രക്ഷപ്പെട്ടാലും അവർ അല്ലാഹുവിന്റെ കോടതിയിൽ വിചാരണക്കെത്താതിരിക്കില്ല. എന്നാൽ സംശയത്തിന്റെ ആനുകൂല്യത്തിൽ ഏതെങ്കിലുമൊരു നിരപരാധിക്കുനേരെ അതിക്രമം കാണിച്ചാൽ അല്ലാഹുവിന്റെ ശിക്ഷക്ക് അത് കാരണമായിത്തീരുകയും ചെയ്യും. അല്ലാഹുവിന്റെ സഹായം അന്യമാവുന്ന രീതിയിലുള്ള പ്രതികരണങ്ങളും പ്രതിരോധങ്ങളും പ്രതിഷേധങ്ങളും അവസാനിപ്പിച്ച് നിയമപരവും ജനാധിപത്യപരവുമായ മാർഗങ്ങൾ സ്വീകരിക്കുകയും അല്ലാഹുവിൽ ഭരമേൽപിക്കുകയുമാണ് വിശ്വാസികൾ ചെയ്യേണ്ടത്. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**MR വാക്സിനേഷൻ; അപകടമോ, അനിവാര്യമോ?**
**എപ്പിസോഡ്: 2**
**ഡോ. യാസർ ചോമയിൽ, ഡോ. കണ്ണിയൻ ബിനൂപ്**
**(Mission mukti Co ordinator, Asst. Prof Department of Communtiy Medicin MES Medical College)**
**കെ. ഷഹബാസ് (പീസ് റേഡിയോ പ്രതിനിധി)**
09.10.17 തിങ്കൾ 9:00 PM, 11:15 PM
10.10.17 ചൊവ്വ 10:30 AM

**ഇ വായന**
**www.productivemuslim.com**
**എന്ന വെബ്സൈറ്റിനെ പരിചയപ്പെടാം**
**ഷംജിത് വാഴക്കാട്**
09.10.17 തിങ്കൾ 11:00 AM, 10.10.17 ചൊവ്വ 11:45 PM

**ഇ മദ്രസ**
**സ്വർഗവഴിയിലെ തടസ്സങ്ങൾ, എപ്പിസോഡ്: 1**
**ഹസൻ അൻസാരി**
10.10.17 ചൊവ്വ 07:05 AM, 06:05 PM

**ജനക്ഷേമം**
**ജല മലിനീകരണം**
**ഹമീദ് കക്കാട്ടിൽ**
**(Rtd. District Enviornment officer)**
**ജബ്ബാർ വിളത്തൂർ (പീസ് റേഡിയോ പ്രതിനിധി)**
12.10.17 വ്യാഴം 09:00 PM, 11:15 PM
13.10.17 വെള്ളി 10:30 AM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, എപ്പിസോഡ്: 73**
**അബൂബക്കർ സലഫി**
12.10.17 വ്യാഴം 4:30 PM, 9:30 PM, 13.10.17 വെള്ളി 9:30 PM

**തജ്‌വീദ് പഠനം**
**ബസ്മല**
**ഹാഫിള് അസ്‌ലം കുവൈത്ത്**
13.10.17 വെള്ളി 7:45 PM, 14.10.17 ശനി 5:00 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, എപ്പിസോഡ്: 5**
**ഫൈസൽ മൗലവി**
13.10.17 വെള്ളി 04:30 PM, 09:30 PM
14.10.17 ശനി 09:30 AM

**ടീൻസ് ടൈം**
**പരീക്ഷണങ്ങളിൽ ക്ഷമ കൈ കൊള്ളുക**
**മൻസൂർ സ്വലാഹി**
14.10.17 ശനി 9:00 PM, 11:15 PM, 15.10.17 ഞായർ 10:30 AM

**വഴികാട്ടി**
**എൻട്രൻസ് പ്രത്യേക പരിപാടി:**
**ഭൗതികശാസ്ത്രം, എപ്പിസോഡ്: 1**
**ഫവാസ് എം.പി (Alumnu IIT Madras)**
**ഇനായത് (പീസ് റേഡിയോ പ്രതിനിധി)**
15.10.17 ഞായർ 9:00 PM, 11:15 PM
16.10.17 തിങ്കൾ 10:30 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

നൗഷാദ് അഞ്ചൽ
mail@nerpatham.com

ലേഖനം



# മുന്നൊരുക്കം നടത്തിയാൽ ഖേദിക്കേണ്ടി വരില്ല

മരണത്തോടുകൂടി മനുഷ്യജീവിതം അവസാനിക്കുന്നില്ല. ഒടുക്കമില്ലാത്ത മറ്റൊരു ജീവിതത്തിലേക്കുള്ള പ്രയാണമാണ് ഐഹിക ജീവിതം. ആ ജീവിതത്തിലേക്കുള്ള പ്രവേശനമാണ് മരണം. ആ ജീവിതം സുഖകരമാകുന്നതിന് ആവശ്യമായ സമ്പത്ത് തയ്യാറാക്കുകയത്രെ മനുഷ്യന്റെ ഈ താൽക്കാലിക ജീവിതത്തിന്റെ ലക്ഷ്യമായി അല്ലാഹു നിശ്ചയിച്ചിരിക്കുന്നത്.

ഇഹലോകം കർമ വേദിയാണ്. നന്മയും തിന്മയും ചെയ്യാൻ അവസരമുള്ള കർമവേദി.

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവരുമാകുന്നു" (ക്വുർആൻ 67:2).

ഇവിടെ നമുക്ക് തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അല്ലാഹു തന്നിട്ടുണ്ട്:

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (ക്വുർആൻ 76:3).

ആരെങ്കിലും അല്ലാഹുവും അവന്റെ റസൂലും കാണിച്ച് തന്നിട്ടുള്ള നേർവഴി തെരഞ്ഞെടുത്താൻ അവൻ ജിവയിച്ചു. അവന് സ്വർഗം പ്രതിഫലമായുണ്ട്. ആരെങ്കിലും പൈശാചിക പ്രേരണയാലും സ്വന്തം ഇച്ഛകളുടെ പൂർത്തീകരണത്തിനായും തെറ്റായ വഴി സ്വീകരിച്ചാൽ അവൻ പരാജയപ്പെട്ടു. അവന് നരകം പ്രതിഫലമായുണ്ട്.

സത്യവിശ്വാസം സ്വീകരിക്കാത്തതിന്റെയും സൽകർമങ്ങൾ ചെയ്യാത്തതിന്റെയും പേരിൽ മനുഷ്യൻ ഖേദിക്കേണ്ടി വരുന്ന ചില സന്ദർഭങ്ങളെ കുറിച്ച് അല്ലാഹു നമുക്ക് അറിയിച്ച് തന്നിട്ടുണ്ട്.

**മരണം വന്നെത്തുമ്പോൾ**

“അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും: എന്റെ രക്ഷിതാവേ, എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ. ഞാൻ ഉപേക്ഷ വരുത്തിയിട്ടുള്ള കാര്യത്തിൽ ഞാൻ നല്ല നിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്ക വിധം. ഒരിക്കലുമില്ല! അതൊരു വെറും വാക്കാണ്. അതവൻ പറഞ്ഞു കൊണ്ടിരിക്കും. അവരുടെ പിന്നിൽ അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്” (ക്വുർആൻ 23:99,100).

മരണസമയം എത്തുമ്പോൾ തങ്ങളെ ഭൂമിയിലേക്ക് ഒന്നുകൂടി മടക്കിത്തരേണമേ എന്ന് അല്ലാഹുവിനോട് അവർ കേണപേക്ഷിക്കുന്നതാണ്. മടക്കിത്തന്നാൽ, മുമ്പ് തങ്ങൾ വരുത്തിയ വീഴ്ചകളെല്ലാം നികത്തി സൽക്കർമം ചെയ്യാമെന്ന് സങ്കടപ്പെട്ട് പറയും. എന്നാൽ അത് കേവലം ഒരു വാക്യം മാത്രം. അവരത് വ്യഥാ ഉരുവിടുന്നുവെന്നല്ലാതെ ഒരു പ്രയോജനവും ആവാക്ക് മൂലം ലഭിക്കുവാനില്ല. മരണത്തിൽനിന്ന് ‘വല്ലവിധേനയും’ രക്ഷപ്പെടാൻ സാധ്യമല്ലല്ലോ.

അവിശ്വാസികൾ മാത്രമല്ല, സൽകർമങ്ങളിൽ നിന്ന് അകന്ന് നിൽക്കുന്ന സത്യവിശ്വാസികളും മരണസമയത്ത് ഖേദിക്കേണ്ടി വരുമെന്ന് അല്ലാഹു ക്വുർആനിലൂടെ മനസ്സിലാക്കിത്തരുന്നുണ്ട്.

“നിങ്ങളിൽ ഓരോരുത്തർക്കും മരണം വരുന്നതിനു മുമ്പായി നിങ്ങൾക്ക് നാം നൽകിയതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുകയും ചെയ്യുക. അന്നേരത്ത് അവൻ ഇപ്രകാരം പറഞ്ഞേക്കും: എന്റെ രക്ഷിതാവേ, അടുത്ത ഒരു അവധിവരെ നീ എനിക്ക് എന്താണ് നീട്ടിത്തരാത്തത്? എങ്കിൽ ഞാൻ ദാനം നൽകുകയും സജ്ജനങ്ങളുടെ കൂട്ടത്തിലാവുകയും ചെയ്യുന്നതാണ്” (ക്വുർആൻ 63:10).

ജീവിതകാലത്ത് നല്ല മാർഗത്തിൽ ധനം ചെലവാക്കുവാൻ മനസ്സു കാണിക്കാത്തവർ മരണവേളയിൽ ഖേദിക്കുമെന്നും ആ ഖേദം കൊണ്ട് യാതൊരു ഫലവും ലഭിക്കുകയില്ലെന്നും അല്ലാഹു മുന്നറിയിപ്പു നൽകുകയാണിതിലൂടെ.

**അന്ത്യദിനം സംഭവിക്കുമ്പോൾ**

“മനുഷ്യർക്ക് ശിക്ഷ വന്നെത്തുന്ന ഒരു ദിവസത്തെപ്പറ്റി നീ അവർക്ക് താക്കീത്നൽകുക. അക്രമം ചെയ്തവർ അപ്പോൾ പറയും: ഞങ്ങളുടെ രക്ഷിതാവേ, അടുത്ത ഒരു അവധിവരെ ഞങ്ങൾക്ക് നീ സമയം നീട്ടിത്തരേണമേ. എങ്കിൽ നിന്റെ വിളിക്ക് ഞങ്ങൾ ഉത്തരം നൽകുകയും ദൂതന്മാരെ ഞങ്ങൾ പിന്തുടരുകയും ചെയ്തുകൊള്ളാം. നിങ്ങൾക്കു (മറ്റൊരു ലോകത്തേക്ക്) മാറേണ്ടിവരില്ലെന്ന് നിങ്ങൾ സത്യം ചെയ്തു പറഞ്ഞിട്ടുണ്ടായിരുന്നില്ലേ? (എന്നായിരിക്കും അവർക്ക് നൽകപ്പെടുന്ന മറുപടി.)” (ക്വുർആൻ 14:44).

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്നവർ അന്ത്യനാളിലെ ശിക്ഷാനുഭവങ്ങൾ കാണുമ്പോൾ, തങ്ങളെ കുറിച്ചു കാലത്തേക്കെങ്കിലും ഒന്നുകൂടി ഇഹലോകത്തേക്കു മടക്കിത്തന്നെങ്കിൽ, തങ്ങൾ സത്യമാർഗവും സത്യവിശ്വാസവും സ്വീകരിച്ചു നന്നായിക്കൊള്ളാമെന്ന് കേണപേക്ഷിക്കും. അതുകൊണ്ട് ഒരു ഫലവും അവർക്കു ലഭിക്കുവാൻ പോകുന്നില്ല. അതിന് ഇടവരുത്താതെ നേരത്തെത്തന്നെ സൂക്ഷിക്കണമെന്ന് അവരെ താക്കീതു ചെയ്യാൻ അല്ലാഹു നബിﷺയോടു കൽപിക്കുകയാണ്.

**അല്ലാഹുവിനെ കണ്ട് മുട്ടുമ്പോൾ**

ഇഹത്തിലേക്കു ഒന്നുകൂടി മടക്കി അയച്ചുതന്നാൽ തങ്ങൾ സൽക്കർമികളായിക്കൊള്ളാമെന്ന് അധർമകാരികളായി ജീവിച്ചവർ അല്ലാഹുവിനെ കണ്ടുമുട്ടുമ്പോൾ കേണപേക്ഷിച്ച് കൊണ്ടിരിക്കും. എന്നാൽ അവിടെ വെച്ചുള്ള ഖേദപ്രകടനത്തിന് യാതൊരു പരിഗണനയും ഉണ്ടായിരിക്കില്ലെന്ന് അല്ലാഹു ഓർമിപ്പിക്കുന്നു:

“കുറ്റവാളികൽ തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ തല താഴ്ത്തിക്കൊണ്ട് ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിതാ (നേരിൽ) കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ ഞങ്ങളെ നീ തിരിച്ചയച്ചുതരേണമേ. എങ്കിൽ ഞങ്ങൾ നല്ലത് പ്രവർത്തിച്ച് കൊള്ളാം. തീർച്ചയായും ഞങ്ങളിപ്പോൾ ദൃഢവിശ്വാസമുള്ളവരാകുന്നു എന്ന് പറയുന്ന സന്ദർഭം നീ കാണുകയാണെങ്കിൽ (അതെന്തൊരു കാഴ്ചയായിരിക്കും!)” (ക്വുർആൻ 32:12).

“...ആകയാൽ നിങ്ങളുടെ ഈ ദിവസത്തെ കണ്ടുമുട്ടുന്ന കാര്യം നിങ്ങൾ മറന്നുകളഞ്ഞതിന്റെ ഫലമായി നിങ്ങൾ ശിക്ഷ ആസ്വദിച്ച് കൊള്ളുക. തീർച്ചയായും നിങ്ങളെ നാം മറന്നുകളഞ്ഞിരിക്കുന്നു. നിങ്ങൾ പ്രവർത്തിച്ച് കൊണ്ടിരുന്നതിന്റെ ഫലമായി ശാശ്വതമായ ശിക്ഷ നിങ്ങൾ ആസ്വദിച്ച് കൊള്ളുക” (ക്വുർആൻ:32:13,14).

**നരകം കാണിക്കപ്പെടുമ്പോൾ**

“...അപ്രകാരം അവരുടെ കർമങ്ങളെല്ലാം അവർക്ക് ഖേദത്തിന് കാരണമായി ഭവിച്ചത് അല്ലാഹു അവർക്ക് കാണിച്ചു കൊടുക്കും...” (ക്വുർആൻ 2:167).

തങ്ങൾക്ക് ലഭിക്കുവാൻ പോകുന്ന കഠിനമായ ശിക്ഷകൾ കൺമുമ്പിൽ കാണുമ്പോൾ, തങ്ങൾ ചെയ്തിരുന്ന അക്രമങ്ങളെക്കുറിച്ച് അവർക്ക് ഖേദം തോന്നും. വമ്പിച്ച അപമാനത്തിന്റ ആ സന്ദർ

ഭത്തിൽ അവർ തങ്ങളുടെ ഖേദം കഴിയുന്നത്ര മറച്ചുപിടിക്കുവാൻ ശ്രമിക്കും:

"അക്രമം പ്രവർത്തിച്ച ഓരോ വ്യക്തിക്കും ഭൂമിയിലുള്ളത് മുഴുവൻ കൈവശമുണ്ടായിരുന്നാൽ പോലും അതയാൾ പ്രായശ്ചിത്തമായി നൽകുമായിരുന്നു. ശിക്ഷ കാണുമ്പോൾ അവർ ഖേദം മനസ്സിൽ ഒളിപ്പിക്കുകയും ചെയ്യും. അവർക്കിടയിൽ നീതിയനുസരിച്ച് തീർപുകൽപിക്കപ്പെടുകയും ചെയ്യും. അവരോട് അനീതി കാണിക്കപ്പെടുകയില്ല" (ക്വുർആൻ 10:54).

പക്ഷേ, അതിനുശേഷം ഖേദവും വ്യസനവും ഒതുക്കിവെക്കുവാൻ കഴിയാതെ അവർ പരസ്യമായിത്തന്നെ സങ്കടം വിളിച്ചു പറയുന്നതാണ്, വിലപിക്കുന്നതാണ്!

"...എന്റെ കഷ്ടമേ, അല്ലാഹുവിന്റെ ഭാഗത്തേക്ക് ഞാൻ ചെയ്യേണ്ടതിൽ ഞാൻ വീഴ്ചവരുത്തിയല്ലോ. തീർച്ചയായും ഞാൻ കളിയാക്കുന്നവരുടെ കൂട്ടത്തിൽ തന്നെ ആയിപ്പോയല്ലോ" (ക്വുർആൻ 39:56).

"അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളുടെ നിർഭാഗ്യം ഞങ്ങളെ അതിജയിച്ചു കളഞ്ഞു. ഞങ്ങൾ വഴിപിഴച്ച ഒരു ജനവിഭാഗമായിപ്പോയി" (ക്വുർആൻ 23:106).

"അവർ നരകത്തിങ്കൽ നിർത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നുവെങ്കിൽ അപ്പോൾ അവർ പറയും: ഞങ്ങൾ (ഇഹലോകത്തേക്ക്) ഒന്നു തിരിച്ചയക്കപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. എങ്കിൽ ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയാതിരിക്കുകയും, ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാവുകയും ചെയ്യുമായിരുന്നു. അല്ല, അവർ മുമ്പ് മറച്ചുവെച്ചുകൊണ്ടിരുന്നത് (ഇപ്പോൾ) അവർക്ക് വെളിപ്പെട്ടിരിക്കുന്നു. തിരിച്ചയക്കപ്പെട്ടാൽ തന്നെയും അവർ എന്തിൽ നിന്നൊക്കെ വിലക്കപ്പെട്ടുവോ അതിലേക്ക് തന്നെ അവർ മടങ്ങിപ്പോകുന്നതാണ്. തീർച്ചയായും അവർ കള്ളം പറയുന്നവരാകുന്നു" (ക്വുർആൻ 6:27,28).

അവരെയും അവരുടെ സ്ഥിതിഗതികളെയും സംബന്ധിച്ച് അവരെക്കാൾ അറിയുന്നവനാണല്ലോ അല്ലാഹു. നരകശിക്ഷ കണ്ണിൽ കാണുന്ന അവസരത്തിൽ, ഞങ്ങളെ ഒന്നുകൂടി ഐഹിക ജീവിതത്തിലേക്ക് മടക്കിത്തന്നിരുന്നെങ്കിൽ നന്നായിരുന്നു; എന്നാൽ ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചേനെ എന്നും മറ്റും അവർ വിലപിക്കുകയും വ്യാമോഹിക്കുകയും ചെയ്യും. അവർ മുമ്പ് മൂടിവെച്ചും നിഷേധിച്ചും കൊണ്ടിരുന്നതിന്റെ ഫലം അനുഭവത്തിൽ വെളിപ്പെട്ടു കണ്ടത് കൊണ്ടുണ്ടായ ഒരു പ്രതികരണം മാത്രമാണത്. അവരെ ഇഹലോകത്തേക്ക് മടക്കിഅയച്ചാലും പഴയ സമ്പ്രദായം തന്നെ ആവർത്തിക്കുകയായിരിക്കും അവർ ചെയ്യുക.

**നരകശിക്ഷ അനുഭവിക്കുമ്പോൾ**

"അവർ അവിടെ വെച്ച് മുറവിളികൂട്ടും: ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ പറത്തയക്കണമേ. (മുമ്പ്) ചെയ്തിരുന്നതിൽ നിന്ന് വ്യത്യസ്തമായി ഞങ്ങൾ സൽകർമം ചെയ്തുകൊള്ളാം. (അപ്പോൾ അല്ലാഹു പറയും:) ആലോചിക്കുന്നവന് ആലോചിക്കാൻ മാത്രം നിങ്ങൾക്ക് നാം ആയുസ്സ് തന്നില്ലേ? താക്കീതുകാരൻ നിങ്ങളുടെ അടുത്ത് വരികയും ചെയ്തു. അതിനാൽ നിങ്ങൾ അനുഭവിച്ചുകൊള്ളുക. അക്രമികൾക്ക് യാതൊരു സഹായിയുമില്ല" (ക്വുർആൻ 35:37)

നരകത്തിൽ കിടന്ന് അലമുറയിട്ട് കരഞ്ഞുകൊണ്ട് ഖേദം പ്രകടിപ്പിക്കുമ്പോൾ അവർക്ക് ലഭിക്കുന്ന മറുപടി ഇപ്രകാരമായിരിക്കും:

"ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ നീ ഇതിൽ നിന്ന് പുറത്ത് കൊണ്ടുവരേണമേ. ഇനി ഞങ്ങൾ (ദുർമാർഗത്തിലേക്ക് തന്നെ) മടങ്ങുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ അക്രമികൾ തന്നെയായിരിക്കും. അവൻ (അല്ലാഹു) പറയും: നിങ്ങൾ അവടെത്തന്നെ നിന്ദ്യരായിക്കഴിയുക. നിങ്ങൾ എന്നോട് മിണ്ടിപ്പോകരുത്" (ക്വുർആൻ: 23:107,108).

"അതിനാൽ ഞങ്ങൾക്കൊന്നു മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ. എങ്കിൽ ഞങ്ങൾ സത്യവിശ്വാസികളുടെ കൂട്ടത്തിലാകുമായിരുന്നു" (ക്വുർആൻ: 26:102)

മുശ്‌രിക്കുകളോ, അവിശ്വാസികളോ മാത്രമല്ല ഈ വിധം ഖേദപ്രകടനങ്ങൾ നടത്തുക എന്നും അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുന്നതിലും സൽകർമങ്ങൾ ചെയ്യുന്നതിലും വീഴ്ച വരുത്തിയിട്ടുള്ള വിശ്വാസികളും ഖേദിക്കേണ്ടി വരുമെന്നും അല്ലാഹു വ്യക്തമാക്കുന്നുണ്ടെന്നത് ഗൗരവത്തോടെ നാം മനസ്സിലാക്കേണ്ടതുണ്ട്.

പിന്നീട് ഖേദിക്കാതിരിക്കുന്നതിന് വേണ്ടിയുള്ള മുന്നൊരുക്കങ്ങൾ ഇപ്പോഴാണ് നടത്തേണ്ടത്. അതിന് വേണ്ടിയാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും.

"നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിന് മുമ്പായി നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ഏറ്റവും ഉത്തമമായത് നിങ്ങൾ പിൻപറ്റുകയും ചെയ്യുക" (ക്വുർആൻ 39:55).


"എന്റെ കഷ്ടമേ, അല്ലാഹുവിന്റെ ഭാഗത്തേക്ക് ഞാൻ ചെയ്യേണ്ടതിൽ ഞാൻ വീഴ്ചവരുത്തിയല്ലോ. തീർച്ചയായും ഞാൻ കളിയാക്കുന്നവരുടെ കൂട്ടത്തിൽ തന്നെ ആയിപ്പോയല്ലോ എന്ന് വല്ല വ്യക്തിയും പറഞ്ഞേക്കും എന്നതിനാലാണിത്" (ക്വുർആൻ 39:55).

"അല്ലെങ്കിൽ ശിക്ഷ നേരിൽ കാണുന്ന സന്ദർഭത്തിൽ എനിക്കൊന്ന് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ സദ്‌വൃത്തരുടെ കൂട്ടത്തിൽ ആകുമായിരുന്നു എന്ന് പറഞ്ഞേക്കുമെന്നതിനാൽ" (ക്വുർആൻ 39:55).

ബാലപഥം

ആശയ വിവർത്തനം

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ് മോങ്ങം



# അഹങ്കാരം വരുത്തിയ നഷ്ടം

**പൊ**ങ്ങച്ചക്കാരിയും അഹങ്കാരിയുമായ കുട്ടിയായിരുന്നു ഹസീന. അവളുടെ പിതാവ് വളരെ സമ്പന്നനായിരുന്നു. അവൾ ആവശ്യപ്പെടുന്നതെന്തും വാങ്ങിക്കൊടുക്കും. എപ്പോഴും വിലപിടിപ്പുള്ള വസ്ത്രവും മുന്തിയ ചെരുപ്പും ധരിച്ചാണ് അവൾ നടക്കുക.

അവളുടെ വീടിനു സമീപം പാവപ്പെട്ട ഒരാളുടെ വീടുണ്ട്. അവിടെ സൈനബ് എന്ന് പേരുള്ള ഒരു പെൺകുട്ടിയുണ്ട്. ഹസീനയുടെ അതേ പ്രായക്കാരി. അയൽക്കാരാണെങ്കിലും താൻ പണക്കാരന്റെ മകളാണെന്ന അഹങ്കാരത്താൽ അവൾ സൈനബിനോട് കൂട്ടുകൂടാനും അവളോടൊപ്പം കളിക്കാനും തയ്യാറാകില്ല. എന്തിനേറെ സംസാരിക്കാൻ പോലും മടികാണിക്കും. അവരുടെ ഉപ്പമാർ ചങ്ങാതിമാരായിരുന്നു.

അങ്ങനെയിരിക്കെ ഒരു ദിവസം ഹസീനയുടെ പിതാവ് ഒരു അപകടത്തിൽ മരണപ്പെട്ടു. ഹസീന വല്ലാതെ സങ്കടപ്പെട്ടു. കൊട്ടാരം പോലുള്ള വീടിന്റെ മുറ്റത്തുള്ള പൂന്തോട്ടത്തിൽ ഒരു ദിവസം ഹസീന ദുഃഖിതയായി ഇരിക്കുമ്പോൾ സൈനബ് അങ്ങോട്ട് ഓടിച്ചെന്നു.

“എന്റെ ഉപ്പാക്ക് തീരെ സുഖമില്ല. ഇനി രക്ഷയില്ല എന്നാണ് ഡോക്ടർമാർ പറയുന്നത്. ഉപ്പ നിന്നെ കാണണമെന്ന് ഓർമ വരുമ്പോഴൊക്കെ പറയുന്നുണ്ട്. നിന്നോട് എന്തോ പ്രധാനപ്പെട്ട കാര്യം പറയാനുണ്ടെന്നാണ് ഉപ്പ പറയുന്നത്” സൈനബ് സങ്കടം ഒതുക്കിവെച്ചുകൊണ്ട് പറഞ്ഞു.

ഹസീനക്ക് അവൾ പറഞ്ഞത് തീരെ ഇഷ്ടമായില്ല. വളരെ പാവപ്പെട്ട ആ മനുഷ്യന് എന്നോട് എന്തു പറയാൻ എന്നായിരുന്നു അവളുടെ ചിന്ത.

“അയ്യേ! ഞാനില്ല നിന്റെ വീട്ടിലേക്ക്. നിന്റെ വീടിന് ഒരു വൃത്തികെട്ട മണമായിരിക്കും. എനിക്ക് അത് ഇഷ്ടമല്ല” ഹസീന വെറുപ്പോടെ പറഞ്ഞു.

ഇത് കേട്ടപ്പോൾ ദുഃഖത്തോടെ സൈനബ് മടങ്ങിപ്പോയി.

കുറച്ചു സമയം കഴിഞ്ഞപ്പോൾ സൈനബ് ഓടിക്കിതച്ചുകൊണ്ട് വീണ്ടും ഹസീനയുടെ മുമ്പിലെത്തി. കരഞ്ഞുകൊണ്ട് അവൾ പറഞ്ഞു:

“എന്റെ ഉപ്പാക്ക് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് നിന്നോട് പറയാനുള്ളത്. നിന്റെ ഉപ്പ ഒരു സ്ഥലത്ത് വർഷങ്ങൾക്കു മുമ്പ് നിനക്ക് വേണ്ടി കുറെ സ്വർണം കുഴിച്ചിട്ടിട്ടുണ്ട്. അത് എവിടെയാണെന്ന് എന്റെ ഉപ്പാക്ക് മാത്രമെ അറിയൂ. നീ വലുതാകുന്നതുവരെ നിന്നോട് ഇക്കാര്യം പറയരുതെന്ന് നിന്റെ ഉപ്പ പറഞ്ഞിരുന്നു. എന്നാൽ ഇപ്പോൾ എന്റെ ഉപ്പ മരണാസന്നനാണ്. മരിക്കുന്നതിന് മുമ്പ് അക്കാര്യം നിന്നോട് പറയണമെന്ന് ഉപ്പ ആഗ്രഹിക്കുന്നു. ദയവായി വേഗം വരൂ.”

സൈനബിന്റെ ഈ വാക്കുകൾ കേട്ട് ഹസീന ഞെട്ടിപ്പോയി. അവൾ പിന്നെ ഒന്നും ആലോചിക്കാതെ സൈനബിന്റെ വീട്ടിലേക്ക് ഓടി. പക്ഷേ, വൈകിപ്പോയി. അവൾ അവിടെ എത്തിയപ്പോഴേക്കും അദ്ദേഹം മരിച്ചിരുന്നു.

ഹസീന വളരെയധികം ദുഃഖിച്ചു. അവൾക്ക് അവളോടുതന്നെ ദേഷ്യം തോന്നി. തന്റെ അഹങ്കാരമാണല്ലോ വമ്പിച്ച നഷ്ടത്തിന് ഇടവരുത്തിയത്.

കൂട്ടുകാരേ, നാം ഒരിക്കലും അഹങ്കാരം കാണിക്കാൻ പാടില്ല. അല്ലാഹു നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദികാണിച്ചുകൊണ്ട് ജീവിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്.

“അണുമണിത്തൂക്കം അഹങ്കാരം ഹൃദയത്തിലുള്ളവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല” എന്ന് നബിﷺ പറഞ്ഞത് നാം അറിയണം.

അഹങ്കാരം കാണിക്കുന്ന ആളുകളെ അല്ലാഹു ഇഷ്ടപ്പെടുകയേയില്ല എന്ന് അല്ലാഹു ക്വുർആനിലൂടെ നമ്മെ അറിയിച്ചിട്ടുമുണ്ട്.

രചന: അബൂമുർഷിദ
mail@nerpatham.com

ഗാനം




# മനുഷ്യൻ എത്ര ദുർബലൻ!

ജനിക്കുമ്പം മനുഷ്യന്മാർ പാരിതിൽ കഴിവില്ലാ
ദുർബലരാണല്ലോ-പിന്നെ
ഘട്ടം ഘട്ടമായിട്ട് പടച്ചവൻ മനുഷ്യരെ
കഴിവുറ്റോരാക്കീലേ-അല്ലാഹു കഴിവുറ്റോരാക്കീലേ

പിച്ചവെച്ചു നടന്നു നീ ഒച്ചവെച്ചു കളിച്ചു നീ
വളർന്നങ്ങു വലുതായി-ഇന്ന്
കിബ്റിന്റെ കൊടിയേന്തി കലഹിച്ചു കഴിയും നീ
കനിവില്ലാത്തവനായി-ഇന്ന് കനിവില്ലാത്തവനായി

പടച്ചവൻ പറഞ്ഞതും തിരുനബി മൊഴിഞ്ഞതും
നിനക്കൊന്നുമറിയില്ലാ-എന്നാലൊ
ദുനിയാവിനായി നീ ഓട്ടത്തിലാണല്ലൊ
അതിനൊട്ടും മടിയുമില്ല-
നീ ഓട്ടത്തിലാണല്ലൊ അതിനൊട്ടും മടിയുമില്ല

അനുദിനം വളരുന്ന ആസക്തി പെരുകി നീ
അധമനായ് മാറിലേ-ചെറു
ചിരിപോലും മുഖത്തില്ലാ, കണ്ണ് പോലും കണ്ടിടാത്ത
പരുവത്തിലായില്ലേ -ഇന്നാ
പരുവത്തിലായില്ലേ

മരണത്തിൻ സമയത്ത് മറ്റാരും തുണയില്ലാ
യാഥാർഥ്യമറിഞ്ഞൂടേ-
എന്ന യാഥാർഥ്യമറിഞ്ഞൂടേ
ഒരു കട്ടിലതിൽ നിന്നെക്കേറ്റും
നാട്ടുകാര് തോളിലേറ്റും
പള്ളിക്കാട്ടിൽ മറമാടില്ലേ-
നിന്നെ പള്ളിക്കാട്ടിൽ മറമാടില്ലേ.



ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# സ്വാലിഹ് عليه السلام

വിശുദ്ധ കുർആനിൽ സ്വാലിഹ് നബിعليه السلامന്റെ പേര് ഒമ്പത് തവണയും അദ്ദേഹത്തിന്റെ ഗോത്രത്തിന്റെ പേരായ 'ഥമൂദ്' എന്നത് 24 തവണയും വന്നിട്ടുണ്ട്. സുഊദി അറേബ്യയിലെ ഹിജാസിന്റെയും തബൂക്കിന്റെയും ഇടയിലെ 'ഹിജ്ർ' ആയിരുന്നു അവരുടെ താമസ സ്ഥലം. മദീനയുടെ വടക്ക് ഭാഗത്ത് 400 കിലോ മീറ്റർ അകലെയുള്ള ഈ സ്ഥലം 'മദാഇനു സ്വാലിഹ്' എന്ന പേരിൽ ഇന്ന് അറിയപ്പെടുന്നു.

ആദ് സമൂഹത്തിന് ശേഷം വന്ന ഥമൂദുകാർ നാഗരികതയിൽ മുന്നിട്ടവരായിരുന്നു. ജീവിത സൗകര്യം യഥേഷ്ടം നൽകപ്പെട്ടവരായിന്നു അവർ. കൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യങ്ങളാൽ അനുഗൃഹീതരായിരുന്നു അവർ. നദികളാലും നീരുറവുകളാലും സമ്പന്നമായ നാട്ടിൽ പർവതങ്ങൾ തുരന്ന് വലിയ ഭവനങ്ങൾ ഉണ്ടാക്കുവാൻ കഴിവ് നൽകപ്പെട്ട അവർ നല്ല ആരോഗ്യവാന്മാരായിരുന്നു.

ഈ അനുഗ്രഹങ്ങളെല്ലാം നൽകപ്പെട്ടിട്ടും ചിന്തിക്കുവാൻ അവർ തയ്യാറായില്ല. അനുഗ്രഹദാതാവായ അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടതിന് പകരം അവരുടെ പരമമായ താഴ്മയും വണക്കവും സൃഷ്ടികളിലേക്ക് തിരിച്ചുവിട്ട് വിഗ്രഹാരാധകരും ധിക്കാരികളുമായി അവർ മാറുകയായിരുന്നു. അവരുടെ മുമ്പ് കഴിഞ്ഞുപോയ ആദ് സമൂഹത്തിന്റെ പതനത്തെക്കുറിച്ച് വ്യക്തമായ അറിവുണ്ടായിട്ടും ബഹുദൈവാരാധകരും ധിക്കാരികളുമായി അവർ മാറി! അത്രയധികം ധിക്കാരികളായിരുന്നു അവരെന്നർഥം. ഈ ധിക്കാരികളിലേക്കാണ് അല്ലാഹു സ്വാലിഹ്عليه السلامനെ നിയോഗിക്കുന്നത്.

"ഥമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ സ്വാലിഹിനെയും (നാം അയച്ചു). അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്കു ഒരു ദൈവവുമില്ല"(ക്വുർആൻ 7:73).

ഏതൊരു പ്രവാചകനെയും ഏതൊരു സമൂഹത്തിലേക്ക് അല്ലാഹു അയച്ചപ്പോഴും ആ പ്രവാചകൻതന്റെ ജനതയിലെ മറ്റെല്ലാ ജീർണതകളെക്കാളും ആദ്യം എതിർത്തത് സ്രഷ്ടാവിൽ പങ്കു ചേർക്കുന്നതിനെയായിരുന്നു. വിശ്വാസ വിശുദ്ധിയിലേക്കുള്ള പ്രബോധനമാണ് പ്രവാചകന്മാർ തുടങ്ങിയത്. സ്വാലിഹ്عليه السلامയും അവരെ ഏകദൈവാരാധനയിലേക്ക് ആദ്യം ക്ഷണിച്ചു. എന്തുകൊണ്ട് അല്ലാഹുവിനെ മാത്രം ആരാധിക്കണം എന്ന് അവരെ ബോധ്യപ്പെടുത്തുവാൻ പരിശ്രമിച്ചു:

"ആദ് സമുദായത്തിനു ശേഷം അവൻ നിങ്ങളെ പിൻഗാമികളാക്കുകയും, നിങ്ങൾക്കവൻ ഭൂമിയിൽ വാസസ്ഥലം ഒരുക്കിത്തരികയും ചെയ്ത സന്ദർഭം നിങ്ങൾ ഓർക്കുകയും ചെയ്യുക. അതിലെ

സമതലങ്ങളിൽ നിങ്ങൾ സൗധങ്ങളുണ്ടാക്കുന്നു. മലകൾ വെട്ടിയെടുത്ത് നിങ്ങൾ വീടുകളുണ്ടാക്കുകയും ചെയ്യുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിങ്ങൾ ഓർത്ത് നോക്കുക. നിങ്ങൾ നാശകാരികളായിക്കൊണ്ട് ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കരുത്" (ക്വുർആൻ 7:74).

"അവൻ നിങ്ങളെ ഭൂമിയിൽ നിന്ന് സൃഷ്ടിച്ച് വളർത്തുകയും നിങ്ങളെ അവിടെ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ അവനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ചുമടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തു തന്നെയുള്ളവനും (പ്രാർഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു" (ക്വുർആൻ 11:61).

അല്ലാഹു അവർക്ക് നൽകിയ ഓരോ അനുഗ്രഹവും അവരോട് എടുത്തു പറഞ്ഞ് അല്ലാഹുവിലേക്ക് മടങ്ങുവാനും അവനെ മാത്രം ആരാധിക്കുവാനും അദ്ദേഹം ഉപദേശിച്ചു. ഈ അനുഗ്രഹങ്ങളെല്ലാം എന്നും നിങ്ങളിൽ നിലനിൽക്കും എന്ന് നിങ്ങൾ വിചാരിക്കുന്നുവെങ്കിൽ അത് വ്യാമോഹമാണെന്ന് അവരെ അദ്ദേഹം ഓർമിപ്പിക്കുകയും ചെയ്തു:

"ഥമൂദ് സമുദായം ദൈവദൂതൻമാരെ നിഷേധിച്ചുതള്ളി. അവരുടെ സഹോദരൻ സ്വാലിഹ് അവരോട് പറഞ്ഞ സന്ദർഭം: നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ? തീർച്ചയായും ഞാൻ നിങ്ങൾക്ക് വിശ്വസ്തനായ ഒരു ദൂതനാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങളോട് ഞാൻ ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നില്ല. എനിക്കുള്ള പ്രതിഫലം ലോകരക്ഷിതാവിങ്കൽ നിന്ന് മാത്രമാകുന്നു. ഇവിടെയുള്ളതിൽ (സമൃദ്ധിയിൽ) നിർഭയരായിക്കഴിയാൻ നിങ്ങൾ വിട്ടേക്കപ്പെടുമോ, അതായത് തോട്ടങ്ങളിലും അരുവികളിലും വയലുകളിലും കുല ഭാരംതൂങ്ങുന്ന ഈന്തപ്പനകളിലും. നിങ്ങൾ സന്തോഷപ്രമത്തരായിക്കൊണ്ട് പർവതങ്ങളിൽ വീടുകൾ തുരന്നുണ്ടാക്കുകയും ചെയ്യുന്നു. ആകയാൽ നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. അതിക്രമകാരികളുടെ കൽപന നിങ്ങൾ അനുസരിച്ചു പോകരുത്; ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും നൻമവരുത്താതിരിക്കുകയും ചെയ്യുന്നവരുടെ" (ക്വുർആൻ 26:141-152).

ഇങ്ങനെയെല്ലാം ഉപദേശിച്ചിട്ടും താക്കീത് നൽകിയിട്ടും അവർക്കൊരു കുലുക്കവും വന്നില്ല. അംഗീകരിക്കാതെ കളവാക്കുകയാണ് അവർ ചെയ്തത്.

"ഥമൂദ് സമുദായം താക്കീതുകളെ നിഷേധിച്ചുകളഞ്ഞു. അങ്ങനെ അവർ പറഞ്ഞു: നമ്മളിൽ പെട്ട ഒരു മനുഷ്യനെ, ഒറ്റപ്പെട്ട ഒരുത്തനെ നാം പിന്തുടരുകയോ? എങ്കിൽ തീർച്ചയായും നാം വഴിപിഴവിലും ബുദ്ധിശൂന്യതയിലും തന്നെയായിരിക്കും. നമ്മുടെ കൂട്ടത്തിൽ നിന്ന് അവന്നു പ്രത്യേകമായി ഉൽബോധനം നൽകപ്പെട്ടു എന്നോ? അല്ല! അവൻ അഹങ്കാരിയായ ഒരു വ്യാജവാദിയാകുന്നു" (ക്വുർആൻ 54:2325).

സ്വാലിഹ്ﷺ അവരോട് നടത്തിയ ഉപദേശം അവരുടെ ആഗ്രഹങ്ങൾക്കും നടപടിക്രമങ്ങൾക്കും അതിലുപരി അവരുടെ വിശ്വാസത്തിനും എതിരായിരുന്നു. അവർക്ക് ഈ ഉപദേശങ്ങളൊന്നും ദഹിക്കാതെയായി. അവർ അദ്ദേഹത്തോട് ഇപ്രകാരവും പ്രതികരിച്ചു:

"അവർ പറഞ്ഞു: സ്വാലിഹേ, ഇതിനു മുമ്പ് നീ ഞങ്ങൾക്കിടയിൽ അഭിലഷണീയനായിരുന്നു. ഞങ്ങളുടെ പിതാക്കൻമാർ ആരാധിച്ചുവരുന്നതിനെ ഞങ്ങൾ ആരാധിക്കുന്നതിൽ നിന്ന് നീ ഞങ്ങളെ വിലക്കുകയാണോ? നീ ഞങ്ങളെ ക്ഷണിച്ച് കൊണ്ടിരിക്കുന്ന കാര്യത്തെപ്പറ്റി ഞങ്ങൾ അവിശ്വാസജനകമായ സംശയത്തിലാണ്" (ക്വുർആൻ 11:62).

സ്വാലിഹ്ﷺ അവരുടെത് വല്ലതും കവർച്ച നടത്തിയോ? ഇല്ല! അവരെ ചതിച്ചിട്ടുണ്ടോ? ഇല്ല! അവരെ ചീത്ത വിളിക്കുകയോ അവരോട് അപമര്യാദയോടെ പെരുമാറുകയോ ചെയ്തിട്ടുണ്ടോ? അതുമില്ല! ഇതെല്ലാം അവർക്കും അറിയാം. അദ്ദേഹത്തിന്റെ തറവാടിത്തം, വ്യക്തിത്വം, ബുദ്ധി വൈഭവം, സ്വഭാവ ശുദ്ധി എന്നിവയെല്ലാം അവർക്കിടയിൽ അറിയപ്പെട്ടതാണ്. അവർക്ക് അദ്ദേഹത്തിൽ സൽപ്രതീക്ഷയുമുണ്ടായിരുന്നു. പിന്നെ എന്ത് അപരാധമാണ് സ്വാലിഹ്ﷺ അവരോട് ചെയ്തത്? 'അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ, അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. നിങ്ങളും നിങ്ങളുടെ പൂർവ പിതാക്കളും അല്ലാഹുവിനു പുറമെയുള്ളവരെ ആരാധിക്കുന്നുവല്ലോ; അത് വഴികേടാണ്.' ഇത് പറഞ്ഞതിനാലാണ് സ്വാലിഹ് നബിﷺനെ ജനങ്ങൾ കളവ് പറയുന്നവനായി മുദ്രകുത്തിയത്.

ഇത് എല്ലാ പ്രവാചകന്മാരുടെയും അനുഭവമാണ്. മുഹമ്മദ് നബിﷺ നാൽപത് വയസ്സ് വരെ എല്ലാവർക്കും സുസമ്മതനും ആദരിക്കപ്പെട്ടവനും ആയിരുന്നു; ഏത് പ്രശ്നത്തിനും പരിഹാരം കാണാൻ ആളുകൾ മധ്യസ്ഥനായി കണ്ടിരുന്ന സത്യസന്ധനും വിശ്വസ്തനുമായിരുന്നു. മക്കക്കാർ അദ്ദേഹത്തെ 'അൽഅമീൻ' (വിശ്വസ്തൻ) എന്ന് ആദരപൂർവം വിളിച്ചുവെന്ന് ചരിത്രം പഠിപ്പിക്കുമ്പോൾ അദ്ദേഹത്തിന്റെ സത്യസന്ധതയും വിശ്വസ്തതയും സുതരാം വ്യക്തമാകുന്നു. എന്നാൽ സ്രഷ്ടാവായ അല്ലാഹു മാത്രമെ ആരാധ്യനായുള്ളൂവെന്നും സൃഷ്ടികൾ ഒന്നും അതിന് പര്യാപ്തരല്ലെന്നും പ്രഖ്യാപിച്ചതിനാൽ വിശ്വസ്തനെന്നു വിളിച്ച അതേ

ആളുകൾ അദ്ദേഹത്തെ മാരണം ബാധിച്ചവനെന്നും ഭ്രാന്തനെന്നും കവിയെന്നും വിളിച്ച് ആക്ഷേപിക്കുവാനും പരിഹസിക്കുവാനും തുടങ്ങി!

സ്വാലിഹ് നബിﷺനെ അവർ കള്ളനായി വിളിച്ചപ്പോൾ അദ്ദേഹം അവരോട് നൽകുന്ന മറുപടി നോക്കുക.

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ, ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവിനെ അവലംബിക്കുന്നവനായിരിക്കുകയും അവന്റെ പക്കൽനിന്നുള്ള കാരുണ്യം അവനെനിക്ക് നൽകിയിരിക്കുകയുമാണെങ്കിൽ; അല്ലാഹുവോട് ഞാൻ അനുസരണക്കേട് കാണിക്കുന്ന പക്ഷം അവന്റെ ശിക്ഷയിൽ നിന്ന് (രക്ഷിച്ചുകൊണ്ട്) എന്നെ സഹായിക്കാനാരുണ്ട്? അപ്പോൾ (കാര്യം ഇങ്ങനെയാണെങ്കിൽ) നിങ്ങൾ എനിക്ക് കൂടുതൽ നഷ്ടം വരുത്തിവെക്കുക മാത്രമെ ചെയ്യൂ"(ക്വുർആൻ 11:63).

'എന്റെ ജനങ്ങളേ, നിങ്ങൾക്കെന്ത് പറ്റി? ഞാൻ എന്റെ രക്ഷിതാവിങ്കൽ നിന്നുള്ള വ്യക്തമായ തെളിവിനെ അടിസ്ഥാനമാക്കിയല്ലേ നിങ്ങളോട് സംസാരിക്കുന്നത്?! അവനാകട്ടെ എനിക്ക് ആവശ്യമായ ജീവിത സൗകര്യങ്ങളെല്ലാം ഒരുക്കിത്തന്നവനുമാണ്. അതിലൊന്നും മറ്റാർക്കും യാതൊരു പങ്കുമില്ല. ഇനി നിങ്ങളുടെ വാക്കുകൾ കേട്ട് അതിനനുസരിച്ച് ഞാൻ ഈ മാർഗത്തിൽ നിന്ന് മാറിയാൽ ആ റബ്ബിൽ നിന്ന് എനിക്ക് വരുന്ന പരീക്ഷണങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും എന്നെ സഹായിക്കാൻ ആരുണ്ട്?' എന്നെല്ലാം സ്വാലിഹ്ﷺ ആ ജനതയോട് ചോദിച്ചു.

അല്ലാഹുവിന്റെ ദീനിന് പ്രാധാന്യം നൽകി ജീവിക്കുന്നവരെ ഐഹിക ജീവിതത്തിലെ സുഖസൗകര്യങ്ങൾ കാണിച്ച് പ്രലോഭിപ്പിക്കുമ്പോൾ ധീരതയോടെ സത്യത്തിന്റെ കൂടെ നിൽക്കാൻ സാധിക്കണം. അതാണ് പ്രവാചകൻ സ്വാലിഹ്ﷺന്റെ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

സ്വാലിഹ്ﷺ തൗഹീദിന്റെ സന്ദേശവുമായി മുന്നോട്ട് ഗമിക്കുകയാണ്. സമൂഹത്തിൽ രണ്ട് ചേരികൾ രൂപപ്പെട്ടു.

"നിങ്ങൾ അല്ലാഹുവെ (മാത്രം) ആരാധിക്കുക എന്ന ദൗത്യവുമായി ഥമൂദ് സമുദായത്തിലേക്ക് അവരുടെ സഹോദരനായ സ്വാലിഹിനെയും നാം അയക്കുകയുണ്ടായി. അപ്പോഴതാ അവർ അന്യോന്യം വഴക്കടിക്കുന്ന രണ്ട് കക്ഷികളായിത്തീരുന്നു" (ക്വുർആൻ 27:45).

ഏത് കാലഘട്ടത്തിലും സത്യത്തിന്റെ ശബ്ദം ഒരു നാട്ടിൽ ഉദ്ഘോഷിക്കുമ്പോൾ സത്യത്തിന്റെ കൂടെ നിൽക്കുന്ന ഒരു വിഭാഗവും സത്യത്തിന്റെ എതിരാളികളായ ഒരു വിഭാഗവും ഉരുത്തിരിയും.

സ്വാലിഹ്ﷺന്റെ കൂടെയുള്ള വിശ്വാസികൾ ദുർബലരായിരുന്നു. ഇതും സത്യത്തിന്റെ ഒരു പ്രത്യേകതയാണ്. അല്ലാഹുവിന്റെ ദീനിനെ ആദ്യം പുൽകാൻ തയ്യാറാവുക സാധാരണക്കാരാകും. സമ്പന്നർക്ക് പലതും ആലോചിക്കുവാനുണ്ടാകും. അഭിമാനവും തറവാടിത്തവും ജനസ്വാധീനവും നഷ്ടപ്പെടുമോ എന്നവർ ഭയക്കും. പാവങ്ങളായ സാധാരണ ജനങ്ങൾക്ക് അതൊന്നും ചിന്തിക്കേണ്ടതില്ലല്ലോ. സമ്പന്നരിൽ ഭയലേശമന്യെ സത്യം സ്വീകരിക്കുന്നവർ ഇല്ല എന്നല്ല ഇപ്പറഞ്ഞതിനർഥം.

സ്വാലിഹ്ﷺന്റെ കൂടെയുള്ള അണികളെ പ്രമാണിമാർ പിന്തിരിപ്പിക്കാൻ ശക്തമായ ശ്രമം നടത്തി.

"അദ്ദേഹത്തിന്റെ ജനതയിൽ പെട്ട അഹങ്കാരികളായ പ്രമാണിമാർ ബലഹീനരായി കരുതപ്പെട്ടവരോട് (അതായത്) അവരിൽ നിന്ന് വിശ്വസിച്ചവരോട് പറഞ്ഞു: സ്വാലിഹ് തന്റെ രക്ഷിതാവിങ്കൽ നിന്ന് അയക്കപ്പെട്ട ആൾ തന്നെയാണെന്ന് നിങ്ങൾക്കറിയുമോ? അവർ പറഞ്ഞു: അദ്ദേഹം ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ തീർച്ചയായും വിശ്വസിക്കുന്നവരാണ്" (ക്വുർആൻ 7:75).

പ്രമാണിമാരായ ആ ശത്രുക്കൾ പാവങ്ങളും ബലഹീനരുമായ വിശ്വാസികളോട് ചോദിക്കുന്നത് സ്വാലിഹ് റബ്ബിൽ നിന്നും നിയുക്തനായവൻ തന്നെയാണെന്ന് നിങ്ങൾ ഉറച്ച് വിശ്വസിക്കുന്നുവോ എന്നാണ്. അതിന് വിശ്വാസികൾ നൽകിയ മറുപടി അവരുടെ വിശ്വാസ ദാർഢ്യതയും ധീരതയും നമുക്ക് അറിയിച്ച് തരുന്നുണ്ട്. വിശ്വസിക്കുന്നുവോ എന്ന ചോദ്യത്തിന് 'അതെ' എന്ന ഒറ്റ വാചകത്തിൽ മറുപടി നൽകി അവസാനിപ്പിക്കാതെ ഇനിയൊരു ചോദ്യം വരാതിരിക്കത്തക്ക വിധത്തിൽ 'അദ്ദേഹം ഏതൊന്നുമായി അയക്കപ്പെട്ടിരിക്കുന്നുവോ അതിൽ ഞങ്ങൾ തീർച്ചയായും വിശ്വസിക്കുന്നവരാണ്' എന്ന മറുപടി നൽകി. അന്നേരം ഇതായിരുന്നു ആ ജനതയുടെ മറുപടി.

"അഹങ്കാരം കൈക്കൊണ്ടവർ പറഞ്ഞു: നിങ്ങൾ ഏതൊന്നിൽ വിശ്വസിക്കുന്നുവോ അതിനെ ഞങ്ങൾ തീർത്തും നിഷേധിക്കുന്നവരാണ്" (7:76).

സ്വാലിഹ്ﷺയിൽ വിശ്വസിച്ചവരെ അദ്ദേഹത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിയില്ലെന്ന് മനസ്സിലായപ്പോൾ അദ്ദേഹത്തെ ശകാരിക്കുവാനും ആക്ഷേപ വാക്കുകൾ കൊണ്ടും കുത്തുവാക്കുകൾ കൊണ്ടും പ്രഹരിക്കുവാനുമായി അവരുടെ ശ്രമം. 'സ്വാലിഹേ, നിന്റെ ഈ പുതിയ വർത്തമാനം കുടുംബത്തിലും സമൂഹത്തിലും ഉണ്ടായിരുന്ന ഐക്യം ഇല്ലാതാക്കി. നിലവിൽ അനുഭവിക്കുന്ന ക്ഷാമവും വരൾച്ചയും എല്ലാം നീ കാരണം ഉണ്ടായതാണ്. നിനക്കും നിന്റെ കൂടെയുള്ളവർക്കും എന്തോ ദുഃശകുനം പിടിപെട്ടിട്ടുണ്ട്...' എന്നെല്ലാം അവർ പറഞ്ഞു.

“അവർ പറഞ്ഞു: നീ മൂലവും നിന്റെ കൂടെയുള്ളവർ മൂലവും ഞങ്ങൾ ശകുനപ്പിഴവിലായിരിക്കുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങളുടെ ശകുനം അല്ലാഹുവിങ്കൽ രേഖപ്പെട്ടതത്രെ. അല്ല, നിങ്ങൾ (ദൈവികമായ) പരീക്ഷണത്തിന് വിധേയരാകുന്ന ഒരു ജനതയാകുന്നു” (ക്വുർആൻ 27:47).

നാട്ടിലെ ക്ഷാമത്തിനും വരൾച്ചക്കും കാരണക്കാർ ഞാനോ എന്നിൽ വിശ്വസിച്ചവരോ അല്ല. മറിച്ച്, നിങ്ങളുടെ അവിശ്വാസവും അഹങ്കാരവും ധിക്കാരവുമാണെന്നും അല്ലാഹു നിങ്ങളെ പരീക്ഷിക്കുകയാണെന്നും സ്വാലിഹ്ﷺ അവർക്ക് മറുപടി നൽകി.

സ്വാലിഹ്ﷺനോട് അവർ പറഞ്ഞു: “നീ ഞങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാണ്. അതിനാൽ നീ സത്യവാൻമാരിൽപെട്ടവനാണെങ്കിൽ വല്ല ദൃഷ്ടാന്തവും കൊണ്ട് വരൂ” (ക്വുർആൻ 26:54)

മുഫസ്സിറുകൾ പറഞ്ഞു: ‘ഥമൂദുകാർ എല്ലാവരും ഒരുമിച്ചു കൂടി. അപ്പോൾ അല്ലാഹുവിന്റെ ദൂതൻ സ്വാലിഹ്ﷺ അവരുടെ അടുക്കൽ ചെന്നു. എന്നിട്ട് അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുകയും അവരെ താക്കീത് നൽകുകയും അവരെ ഉപദേശിക്കുകയും അവരോട് കൽപിക്കുകയും ചെയ്തു. അപ്പോൾ അവർ അദ്ദേഹത്തോട് പറഞ്ഞു: ഈ പാറയിൽ നിന്ന് -അവർ അവിടെയുള്ള പാറയിലേക്ക് ചൂണ്ടി- ഇന്നയിന്ന ഗുണങ്ങളുള്ള ഒരു ഒട്ടകത്തെ പുറത്ത് കൊണ്ടു വന്നാൽ (ഞങ്ങൾ വിശ്വസിക്കാം). അവർ ആ ഒട്ടകത്തിന്റെ വിശേഷണങ്ങളും പേരുകളുമൊക്കെ പറഞ്ഞു. അപ്പോൾ അവരോട് പ്രവാചകൻ സ്വാലിഹ്ﷺ പറഞ്ഞു: നിങ്ങൾ ആവശ്യപ്പെട്ട പ്രകാരം നിങ്ങൾ ചോദിച്ചത് ഞാൻ നിങ്ങൾക്ക് നൽകി ഉത്തരം ചെയ്താൽ ഞാൻ നിങ്ങൾക്ക് കൊണ്ടു വന്നതിൽ വിശ്വസിക്കുകയും ഞാൻ അയക്കപ്പെട്ടതിൽ നിങ്ങൾ എന്നെ സത്യപ്പെടുത്തുകയും ചെയ്യുമോ? അവർ പറഞ്ഞു: അതെ. അങ്ങനെ അദ്ദേഹം അവരിൽ നിന്ന് അതിന്ന് കരാർ വാങ്ങി. പിന്നീട് അദ്ദേഹം അദ്ദേഹത്തിന്റെ നമസ്കാര സ്ഥലത്തേക്ക് പോയി. അല്ലാഹു അദ്ദേഹത്തിന് തോന്നിച്ച അത്ര സമയം അദ്ദേഹം നമസ്കരിച്ചു. പിന്നീട് അവർ ആവശ്യപ്പെട്ടതിന് അവർക്ക് ഉത്തരം നൽകാനായി അല്ലാഹുവിനോട് അദ്ദേഹം പ്രാർഥിച്ചു. അപ്പോൾ അല്ലാഹു ആ കല്ലിനോട് വലിയ ഒരു ഒട്ടകത്തെ പുറത്ത് കൊണ്ടുവരാൻ കൽപിച്ചു... അങ്ങനെ അവരിൽനിന്ന് ധാരാളം പേർ അദ്ദേഹത്തിൽ വിശ്വസിക്കുകയും ധാരാളം പേർ അവരുടെ അവിശ്വാസത്തിലും അവരുടെ വഴികേടിലും അവരുടെ ധിക്കാരത്തിലും നിലനിന്നു.’

എന്താണ് ഇവിടെ സംഭവിച്ചത്? അവർ ദൃഷ്ടാന്തം ആവശ്യപ്പെട്ടു. ആവശ്യപ്പെട്ടത് നൽകിയാൽ വിശ്വസിക്കുമോ എന്ന് ചോദിച്ചു. അതെ എന്ന് അവർ ഉത്തരം നൽകി. പക്ഷേ, ആവശ്യം യാഥാർഥ്യമായപ്പോൾ മറ്റു പലതും പറഞ്ഞ് അവർ ഒഴിഞ്ഞുമാറി. ചിലരെല്ലാം വിശ്വസിച്ചെങ്കിലും മഹാഭൂരിഭാഗവും അതിൽ അവിശ്വസിക്കുകയാണ് ചെയ്തത്.

മുഹമ്മദ് നബിﷺയുടെ കാലത്തും സമാനമായ സംഭവം നടന്നിട്ടുണ്ട്. അദ്ദേഹത്തോട് ശത്രുക്കൾ പറഞ്ഞു: ‘മുഹമ്മദേ.. നീ സത്യസന്ധനാണെങ്കിൽ ചന്ദ്രനെ ഞങ്ങൾക്കൊന്ന് രണ്ടായി പിളർത്തി കാണിച്ച് തരണം.’ അപ്പോൾ നബിﷺ അവരോട് ചോദിച്ചു: ‘ഈ ചന്ദ്രനെ ഞാൻ രണ്ട് പകുതികളാക്കി കാണിച്ചു തന്നാൽ നിങ്ങൾ എന്നെ വിശ്വസിക്കുമോ?’ അവർ പറഞ്ഞു: ‘അതെ, ഞങ്ങൾക്ക് വിശ്വസിക്കാതിരിക്കാൻ എന്താണ് തടസ്സം?’ അപ്പോൾ നബിﷺ അല്ലാഹുവിനോട് പ്രാർഥിച്ചു. ചന്ദ്രന്റെ രണ്ട് പകുതിയുടെ ഇടയിലൂടെ അബൂക്വുബൈസ് എന്ന പർവതം അവർ കാണുന്നത് വരെ അല്ലാഹു ചന്ദ്രനെ രണ്ട് പകുതികളാക്കി പിളർത്തി. അപ്പോൾ അവർ പറഞ്ഞു: ‘നീ വലിയ സിഹ്ർ തന്നെയാണ് കൊണ്ടുവന്നിട്ടുള്ളത്.’ ക്വുർആൻ ഇത് സംബന്ധമായി പറഞ്ഞത് ഇപ്രകാരമാണ്: “ആ (അന്ത്യ)സമയം അടുത്തു. ചന്ദ്രൻ പിളരുകയും ചെയ്തു. ഏതൊരു ദൃഷ്ടാന്തം അവർ കാണുകയാണെങ്കിലും അവർ പിന്തിരിഞ്ഞു കളയുകയും ഇത് നിലനിന്നു വരുന്ന ജാലവിദ്യയാകുന്നു എന്ന് അവർ പറയുകയും ചെയ്യും” (ക്വുർആൻ 54:1,2).

അല്ലാഹു മുഹമ്മദ് നബിﷺക്ക് നൽകിയ മുഅ്ജിസത്തിൽ (ദൈവിക ദൃഷ്ടാന്തം) പ്രധാനപ്പെട്ട ഒന്നായിരുന്നു പ്രസ്തുത സംഭവം. സ്വഹീഹുൽ ബുഖാരി അടക്കമുള്ള പ്രസിദ്ധ ഹദീഥ് ഗ്രന്ഥങ്ങളിൽ നമുക്ക് ഈ സംഭവം കാണാവുന്നതാണ്. എന്നാൽ മതത്തിന്റെ പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട പലതിനെയും തങ്ങളുടെ പരിമിത ബുദ്ധികൊണ്ട് അളന്ന് സ്വീകരിക്കുകയും തള്ളിക്കളയുകയും ചെയ്യുന്നവർക്ക് ഈ സംഭവം ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. ‘ചന്ദ്രൻ രണ്ടായി പിളരുകയോ? അതൊന്നും സംഭവ്യമല്ല’ എന്നാണ് അവരുടെ നിലപാട്!

അപ്പോൾ ക്വുർആനിൽ ഇതിനെക്കുറിച്ച് പരാമർശിക്കുന്നതിനക്കുറിച്ച് എന്ത് പറയും? അതിനുള്ള മറുപടി ‘അത് ആലങ്കാരികം’ ആണ് എന്നത്രെ! എങ്ങനെ ഇവർക്ക് ഇങ്ങനെ പച്ചയായ സത്യത്തെ നിഷേധിക്കാനും പരിഹസിക്കാനും സാധിക്കുന്നു! ശഹാദത്ത് കലിമ അഥവാ സാക്ഷ്യവാക്യം നിഷ്കളങ്കമായി ചൊല്ലിയ ഒരു മുസ്‌ലിമിന് തൗഹീദിനെതിരിലും സുന്നത്തിനെതിരിലും സംസാരിക്കുവാനോ ചിന്തിക്കുവാനോ എങ്ങനെയാണ് കഴിയുക? ഇതാണ് മതപ്രമാണങ്ങളെ തങ്ങളുടെ പരിമിതമായ ബുദ്ധികൊണ്ട് അളക്കുന്നത് കൊണ്ടുള്ള അപകടം. **(തുടരും)**

ശാജി സ്വലാഹി, എടത്തനാട്ടുകര
mail@nerpatham.com

ലേഖനം



# ആദർശം കയ്യൊഴിച്ചാൽ ഭിന്നതകൾക്ക് അറുതിയുണ്ടാകില്ല

സമകാലികലോകത്ത് മുസ്‌ലിം സമൂഹത്തെ ഏറെ അസ്വസ്ഥമാക്കുന്ന ഒരു പ്രശ്നമാണ് സമൂഹത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന ഭിന്നതകളും കക്ഷിത്വങ്ങളും. അടിസ്ഥാനപരവും അല്ലാത്തതുമായ പ്രശ്നങ്ങളിലുള്ള വ്യത്യസ്ത നിലപാടുകൾ മുസ്‌ലിം ജനസാമാന്യത്തെ പലപ്പോഴും മതപരമായ കാര്യങ്ങളിൽനിന്ന് അകറ്റുന്നുവെന്നത് വർധിച്ച തോതിലല്ലെങ്കിലും ഒരു യാഥാർഥ്യമാണ്. പ്രശ്നങ്ങൾ എന്ത് എന്ന് അന്വേഷിക്കുന്നതിനു പകരം ഉചിതമല്ലാത്ത തീരുമാനത്തിൽ അവർ എത്തുന്നുവെന്നത് സമൂഹത്തെ ആത്മാർഥമായി സ്നേഹിക്കുന്നവർക്ക് സമാധാനദായകമല്ല.

പ്രബോധനമേഖലയിലെ ഉത്തരവാദിത്തങ്ങളിൽനിന്ന് ഒളിച്ചോടാനും മാറിനിൽക്കാനും ചിലർ ശ്രമിക്കുന്നതിന്റെ കാരണങ്ങൾ ചികയുമ്പോൾ മുസ്‌ലിം സമൂഹത്തിലെ അന്തഃഛിദ്രത ഒരു പ്രധാന കാരണമായി കണ്ടെത്താൻ കഴിയും. സമുദായത്തിന്റെ ന്യൂനതകൾ മാത്രം പരതുന്നവരും ശത്രുത പുലർത്തുന്നവരുമായവർക്ക് കാര്യങ്ങളെ പർവതീകരിച്ച് കാണിക്കുവാനും കൊത്തിവലിക്കാനും അവസരങ്ങൾ സൃഷ്ടിക്കുന്നുവെന്നതും കക്ഷിത്വ താൽപര്യങ്ങളിൽ അഭിരമിക്കുന്നവർ കാണാതെ പോവുകയോ കണ്ടില്ലെന്നു നടിക്കുകയോ ചെയ്യുകയാണ്.

ഭിന്നതകൾ ഒരു സമൂഹത്തിനും പ്രസ്ഥാനത്തിനും നൽകുന്നത് ആശാവഹമായ കാര്യമല്ല. ഏത് വിഭാഗത്തെയും അത് ദുർബലതയിലേക്കും ശക്തി ക്ഷയിക്കുന്നതിലേക്കും നയിക്കുമെന്നതിനാൽ അത്തരം ഒരവസ്ഥക്ക് കാരണക്കാരാകുന്നതിൽനിന്ന് ശക്തമായ താക്കീതാണ് അല്ലാഹു നൽകുന്നത്: "അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുകയും ചെയ്യുക. നിങ്ങൾ ഭിന്നിച്ചു പോകരുത്. എങ്കിൽ നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ച്) പോവുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരുടെ കൂടെയാകുന്നു" (അൻഫാൽ 46).

സമൂഹത്തിന്റെ നിലനിൽപിനെയും കെട്ടുറപ്പിനെയും ബാധിക്കുന്ന ഭിന്നിപ്പിനെ ഐക്യത്തിന് യാതൊരു വിലയും കൽപിക്കാത്ത ബഹുദൈവ വിശ്വാസികളുടെ സ്വഭാവമായാണ് ക്വുർആൻ വിശേഷിപ്പിക്കുന്നത്:

"(നിങ്ങൾ) അവങ്കലേക്ക് തിരിഞ്ഞവരായിരിക്കു

കയും അവനെ സൂക്ഷിക്കുകയും നമസ്കാരം മുറ പോലെ നിർവഹിക്കുകയും ചെയ്യുക. നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത്. അതായത്, തങ്ങളുടെ മതത്തെ ഛിന്നഭിന്നമാക്കുകയും പലകക്ഷികളായി തിരിയുകയും ചെയ്തവരുടെ കൂട്ടത്തിൽ. ഓരോ കക്ഷിയും തങ്ങളുടെ പക്കലുള്ളതിൽ സന്തോഷമടയുന്നവരത്രെ" (30:31,32).

തർക്കം അഭികാമ്യമല്ലാത്ത വിധിവിശ്വാസം പോലെയുള്ള കാര്യങ്ങളിൽ തന്റെ അനുചരന്മാർ തർക്കത്തിലേർപെട്ടപ്പോൾ നബിﷺ താക്കീത് ചെയ്തത് ചേരിതിരിവ് സമൂഹത്തിൽ വരുത്തിവെക്കുന്ന ദൂരവ്യാപകമായ ദുഷ്ഫലങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ്.

**പരിഹാരമെന്ത്?**

മുസ്‌ലിം സമൂഹത്തിലെ ഭിന്നതകൾക്ക് നിർദേശിക്കപ്പെടുന്ന പരിഹാരങ്ങളിൽ മിക്കതും അടിസ്ഥാന പ്രശ്നങ്ങളെ സ്പർശിക്കാത്തതാണെന്ന് കാണാൻ കഴിയും. അതിനാൽ അതൊരിക്കലും ഫലം കാണുകയില്ല. യഥാർഥ കാരണം കണ്ടെത്താതെ നടത്തുന്ന ചികിത്സ രോഗം വഷളാക്കാനേ ഉപകരിക്കൂ. അതിനാൽ പ്രശ്നങ്ങളെ തിരിച്ചറിയുകയാണ് ഭിന്നത പരിഹരിക്കാനുള്ള ശ്രമങ്ങളുടെ ആദ്യ പടി. ഐക്യത്തിന്റെ അനിവാര്യത ചൂണ്ടിക്കാട്ടുന്ന പലരും കേവലം അധരവ്യായാമത്തിനപ്പുറം ആത്മാർഥമായി ഇടപെടാൻ ശ്രമിക്കുന്നില്ല എന്നതും വസ്തുതയാണ്. രാഷ്ട്രീയപരമോ മറ്റോ ആയ ഭൗതിക താൽപര്യങ്ങളോടെ പ്രശ്നങ്ങളെ സമീപിക്കുന്നതുകൊണ്ടും പരിഹാരമുണ്ടാകില്ല.

**പ്രമാണങ്ങളെ അടിസ്ഥാനമാക്കുക**

മുസ്‌ലിം സമൂഹത്തിൽ ഗതകാലങ്ങളിൽ സംഭവിച്ചതും വർത്തമാന കാലത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ സകല അപഭ്രംശങ്ങളും ഉണ്ടായത് പ്രമാണങ്ങളിൽനിന്നും അകന്നത് നിമിത്തമാണെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഐക്യത്തിലും ഒരുമയിലും മുന്നോട്ടു പോകേണ്ട ഈ സമൂഹത്തിൽ വിള്ളലുകൾ സൃഷ്ടിക്കാനും പരസ്പരം അസഹിഷ്ണുത വെച്ചുപുലർത്താനും ഹേതുവായ കാര്യങ്ങൾ വെറും ശാഖാപരമല്ലെന്നും അടിസ്ഥാനപരവും ആദർശപരവുമായ പലതും ഉണ്ടെന്നതും പരിഗണിക്കപ്പെടേണ്ടതാണ്. അപ്പോഴാണ് പുറംചികിത്സയുടെ അർഥശൂന്യത ബോധ്യമാവുക. പാരത്രിക വിജയം നിലകൊള്ളുന്നത് പ്രശ്നങ്ങളിൽ നാം സ്വീകരിക്കുന്ന സമീപനങ്ങളെ ആശ്രയിച്ചാണെന്നത്, ഭൗതിക താൽപര്യങ്ങൾ മാത്രം മുന്നിൽ കണ്ട് ഐക്യാഹ്വാനം നടത്തുന്നവർക്ക് ആത്മാർഥമായി ഇടപെടാൻ സാധ്യമാകില്ല എന്ന് വ്യക്തമാക്കിത്തരുന്നു. സമുദായം എപ്പോഴെല്ലാം അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് അകലുന്നുവോ അപ്പോഴെല്ലാം അനൈക്യം തലപൊക്കുകയും സമൂഹം നാശത്തിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്യുമെന്നുമാണ് നടേ സൂചിപ്പിച്ച ക്വുർആൻ സൂക്തം നമ്മെ തെര്യപ്പെടുത്തുന്നത്.

സമുദായത്തിൽ അഭിപ്രായ ഭിന്നതകൾ ഉടലെടുക്കുമെന്ന് വഹ്‌യിന്റെ അടിസ്ഥാനത്തിൽ നബിﷺ പ്രവചിച്ചിട്ടുണ്ട്. 'നിങ്ങൾക്കു മുമ്പ് ജീവിച്ച വേദക്കാരായ ജൂത-ക്രൈസ്തവർ എഴുപത്തിരണ്ട് കക്ഷികളായി പിരിഞ്ഞു. നിശ്ചയമായും എന്റെ ഈ സമുദായം എഴുപത്തിമൂന്ന് കക്ഷികളായി പിരിയും. എഴുപത്തിരണ്ടും നരകത്തിലായിരിക്കും. ഒന്ന് സ്വർഗത്തിലും. അറിയുക! അതാണ് യഥാർഥ (വിജയിച്ച) സംഘം' എന്ന മുന്നറിയിപ്പ് നാം ഗൗരവത്തോടെ കാണേണ്ടതുണ്ട്.

നബിﷺയുടെ വിയോഗാനന്തരം അനുചരന്മാർക്കിടയിൽ പോലും അഭിപ്രായ ഭിന്നതകൾ ഉണ്ടായിട്ടുണ്ട്. നബിﷺയെ എവിടെ ക്വബ്റടക്കം ചെയ്യണം, ആര് ഖലീഫയാകണം തുടങ്ങിയവ അതിൽ പെട്ടതാണ്. എന്നാൽ പ്രശ്നങ്ങൾ പരിഹരിക്കാൻ അവർ സ്വീകരിച്ച അളവുകോൽ നമ്മുടെ വിഷയത്തിൽ നാം മാറ്റിവെക്കുന്നു എന്നതാണ് നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ പോകാൻ കാരണം. അവർ ഉടനടി പ്രമാണങ്ങളിലേക്ക് മടങ്ങും. അതിന്റെ വിധിയിൽ അവർ ഏകോപിക്കുകയും ചെയ്യും.

പ്രശ്നങ്ങളുണ്ടാകുമ്പോൾ പിൻമാറുകയോ പകച്ചു നിൽക്കുകയോ അല്ല വിശ്വാസി ചെയ്യേണ്ടത്. തങ്ങൾ നേരിടുന്ന മതപരമായ വിഷയത്തിലുള്ള അഭിപ്രായ ഭിന്നതക്കുള്ള പരിഹാരം ക്വുർആനിലും നബിചര്യയിലും അന്വേഷിക്കുന്നവർക്ക് കണ്ടെത്താൻ സാധിക്കും എന്ന് ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽനിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്.) അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59). ●

ഡോ. പി.കെ അബ്ദുറസാഖ് സുല്ലമി
mail@nerpatham.com

ലേഖനം



# ഇസ്‌ലാമിക ചരിത്രത്തിലെ തെറ്റുധാരണകൾ

ഉസ്മാൻؓ മുതൽ കർബല സംഭവം വരെയുള്ള കാലത്തിനിയിൽ നടന്ന സംഭവവികാസങ്ങളെക്കുറിച്ച് ധാരാളം തെറ്റുധാരണകൾ സമൂഹത്തിൽ പ്രചരിച്ചിട്ടുണ്ട്. മുസ്‌ലിം സംഘടനകൾ നടത്തുന്ന മദ്‌റസകളിലെ ഇസ്‌ലാമിക ചരിത്ര പാഠപുസ്തകങ്ങളിലും അറബിക്കോളേജുകളിലും ആർട്‌സ് കോളേജുകളിലുമൊക്കെ പഠിപ്പിക്കുന്ന ചരിത്ര പുസ്തകങ്ങളിലുമെല്ലാം ഈ തെറ്റുധാരണകൾ അറിയാതെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ട്. ചില കാര്യങ്ങൾ ചുരുക്കി വിവരിക്കാം.

'ഉസ്മാൻؓ സ്വജനപക്ഷപാതം കാണിച്ചു' എന്ന് പഠിപ്പിക്കപ്പെടുന്നു! ഒരു വിദ്യാർഥിയെ ഇസ്‌ലാമിന്റെ ശത്രുവാക്കണമെങ്കിൽ അവനെ ബി.എ ഇസ്‌ലാമിക്ക് ഹിസ്റ്ററിക്ക് ചേർത്താൽ മതി എന്ന് പറയാറുണ്ട്. (കാരണം: ഉസ്മാൻؓവിന്റെ ഘാതകന്മാരെ അലിؓവോ മറ്റ് സ്വഹാബികളോ തടഞ്ഞില്ല, ആഇശؓ അലിؓവിന്നെതിരിൽ യുദ്ധത്തിന് പുറപ്പെട്ടു, ആഇശؓ അലിؓവിന്റെ ഖിലാഫത്ത് അംഗീകരിച്ചില്ല, മുആവിയ ؓ അലിؓവിന് ബൈഅത്ത് ചെയ്തില്ല എന്ന് മാത്രമല്ല സ്വിഫീനിൽ വെച്ച് അലിؓവിന്നെതിരിൽ യുദ്ധത്തിന് പുറപ്പെട്ടു, അംറുബ്നുൽ ആസ്ؓ മുആവിയؓവിന്റെ ഖിലാഫത്തിന് വേണ്ടി കൊടുംചതി നടത്തി, ഹസൻؓവിന് വിഷം കൊടുത്തത് അദ്ദേഹത്തിന്റെ ഭാര്യയാണ്, യസീദ് ദുഷ്ടനാണ് എന്ന് മാത്രമല്ല ഹുസൈൻؓവിനെ കർബലയിൽ വെച്ച് വധിക്കാൻ യസീദ് നിർദേശം നൽകി... എന്നിങ്ങനെയുള്ള അടിസ്ഥാനരഹിതമായ കാര്യങ്ങൾ അവർക്ക് പഠിക്കേണ്ടി വരുന്നുണ്ട്). ഈ ആരോപണങ്ങളുടെ സത്യാവസ്ഥ പരിശോധിക്കാം.

### യഥാർഥ്യമെന്ത്?

ഉസ്മാൻؓവിന്റെ കാലത്ത് സ്വന്തം കുടുംബമായ ബനൂ ഉമയ്യയിൽ നിന്ന് അഞ്ച് പേർ മാത്രമാണ് ഗവർണർമാരായത്. മാത്രമല്ല അദ്ദേഹത്തിന്റെ മരണ സമയത്ത് മൂന്ന് പേർ മാത്രമാണ് ബനൂഉമയ്യയിൽ നിന്നുണ്ടായിരുന്നത്. നബിﷺയുടെ കാലത്തും ബനൂഉമയ്യയിൽ നിന്ന് അഞ്ച് പേർ ഗവർണർമാരായി ഉണ്ടായിരുന്നു.

ഉസ്മാൻؓ പലരെയും വധിക്കാനും മർദിക്കാനും കത്തെഴുതി എന്നതും തെറ്റായ വിവരമാണ്. ഈ കത്തുകളെല്ലാം വ്യാജമായി അദ്ദേഹത്തിന്റെ പേരിൽ ഉണ്ടാക്കിയവയാണ്. യമനിൽ ജനിച്ച ഒരു കപട ജൂതനാണ് അബ്ദുല്ലാഹിബ്നു സബഅ്-മുസ്‌ലിംകൾക്കിടയിൽ പക്ഷപാതിത്വവും കലാപവും ഉണ്ടാക്കുവാൻ അയാൾ അനേകം കള്ളക്കഥകൾ പടച്ചുണ്ടാക്കുകയും അലിؓ അല്ലാഹുവാണ് എന്നും തന്റെ ശേഷം അലിതന്നെയാണ് ഖലീഫയാകേണ്ടത് എന്ന് നബിﷺ വസ്വിയ്യത്ത് ചെയ്തിട്ടുണ്ടെന്നും അയാൾ വാദിച്ചു. അനേകം അനുയായികളെ സംഘടിപ്പിച്ചു. പ്രവാചക സന്തതി പരമ്പരയിൽപെട്ട അഹ്‌ലുബൈതിൽ പെട്ടവർക്കു മാത്രമെ ഖിലാഫത്തിന് അർഹതയുള്ളൂ എന്നും വാദിച്ചു. ഇയാളാണ് ശീഅഃ വിഭാഗത്തിന്റെ സ്ഥാപകൻ. അയാളുടെ പേരിൽ അറിയപ്പെടുന്നശിയാക്കളാണ് സബഇയാക്കൾ. പ്രവാചക കുടുംബത്തെ സ്നേഹിക്കുക എന്ന് പേരിൽ മുസ്‌ലിംകൾക്കിടയിൽ കലാപമുണ്ടാക്കലായിരുന്നു അയാളുടെ ലക്ഷ്യം.

### അബൂമിഖ്നഫ് എന്ന കൊടുംനുണയൻ

ഇയാളുടെ യഥാർഥ പേര് ലൂത്വ്ബ്നുയഹ്‌യ എന്നാണ്. നബിﷺയുടെ വിയോഗം മുതൽ യസീദിന്റെ കാലം വരെയുള്ള സംഭവങ്ങളിൽ 600ൽ പരം നുണകൾ ഇയാൾ പടച്ചുണ്ടാക്കിയിട്ടുണ്ട്.

വിശ്വസ്തരിലേക്ക് ചേർത്ത് വ്യാജം ഉണ്ടാക്കുന്ന അബൂമിഖ്നഫിന്റെ റിപ്പോർട്ടുകൾ തള്ളേണ്ടതാണ് എന്ന് ഹദീഥ് പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്.

ഉസ്മാൻؓവിനെ ശത്രുക്കൾ വളഞ്ഞപ്പോൾ മദീനയിൽ ഏതാനും സ്വഹാബികളേ ഉണ്ടായിരുന്നുള്ളൂ. മാത്രമല്ല സംഭവങ്ങൾ ഇത്രത്തോളം എത്തുമെന്ന് അവർ കരുതിയില്ല. ഉസ്മാൻؓവിന്നെതിരിൽ ഉപരോധം നടത്തുകയും കലാപത്തിന്നൊരുങ്ങുകയും ചെയ്തവരിൽ ഒറ്റ മുഹാജിറും അൻസ്വാരിയും ഉണ്ടായിരുന്നില്ല. ജബല എന്ന ദുഷ്ടനാണ് അദ്ദേഹത്തെ കൊന്നത്.

### ജമൽ യുദ്ധം

ആഇശؓ യുദ്ധത്തിന് പുറപ്പെട്ടത് അലിؓവിന്നെതിരായിട്ടല്ല. ഉസ്മാൻؓവിന്റെ കൊലയാളികൾക്കെതിരായിട്ടാണ്.അതിനാണ് ബസ്വറയിലേക്ക് പുറപ്പെട്ടത്. അലിؓവിനോട് യുദ്ധം ചെയ്യലാണ് ആഇശؓയുടെ ഉദ്ദേശമെങ്കിൽ പോകേണ്ടത് മദീനയിലേക്കാണ്. മാത്രമല്ല ത്വൽഹത്ത്ؓ, സുബൈർؓ പോലുള്ള സ്വഹാബികളോട് ആഇശؓ പറഞ്ഞത് അലിؓവിന് ബൈഅത്ത് ചെയ്യാനാണ് എന്ന് അഹ്നഫ്ബ്നുഖൈസ്ؓറിപ്പോർട്ട് ചെയ്യുന്നു. അലിؓവിന്റെയും ആഇശؓയുടെയും പക്ഷക്കാർ ഒത്തുതീർപിലെത്തി രാത്രി ശാന്തമായി കിടന്നുറങ്ങി. അന്ന് രാത്രി അബ്ദുല്ലാഹിബ്നു സബഇന്റെ നേതൃത്വത്തിൽ ഇരുവിഭാഗമായി വേർതിരിഞ്ഞ് യുദ്ധനാടകം നടത്തി. കരാർ ഉണ്ടാക്കിയിട്ടും ലംഘിച്ചത് മറുപക്ഷമാണ് എന്ന് ആഇശؓയും അലിؓവും തെറ്റുധരിച്ച് ഇരുവിഭാഗവും ഏറ്റുമുട്ടി. അതാണ് ജമൽ യുദ്ധം. ഇരുഭാഗത്തും ചേരാതെ നിന്ന അനേകം സ്വഹാബികളുണ്ട്.



ഇത് സബഇയ്യാക്കളുടെ വഞ്ചനയാണെന്ന് തിരിച്ചറിഞ്ഞപ്പോൾ ഇരുവിഭാഗത്തെയും തടയാൻ ഇരുനേതാക്കളും ഒരുങ്ങിയെങ്കിലും അണികൾ അതറിയാതെ യുദ്ധം ചെയ്തു. ആഇശؓയെ അലിؓ സുരക്ഷിത സ്ഥാനത്തെത്തിച്ചു. ജമൽ യുദ്ധം അവസാനിച്ചു.

### സ്വിഫീൻ യുദ്ധം

ഉസ്മാൻؓവിന്റെ ഘാതകരെ വധിക്കണമെന്ന് മുആവിയؓ ആവശ്യപ്പെട്ടു. ഖിലാഫത്ത് ഉറച്ച നിലയിലെത്താതെ ശക്തരായ ഒരു സംഘത്തോട് യുദ്ധം ചെയ്യുന്നതും ശിക്ഷിക്കുന്നതും വലിയ നാശം മുസ്‌ലിം സമൂഹത്തിന് വരുത്തിവെക്കുമെന്നും അതിനാൽ അൽപം നീട്ടിവെക്കണമെന്നും അലിؓ ആവശ്യപ്പെട്ടു. ഇതായിരുന്നു അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസം. അല്ലാതെ തനിക്കാണ് ഖിലാഫത്തിന് അർഹത എന്ന് മുആവിയؓ വാദിച്ചിട്ടില്ല. അബൂമൂസൽ ഖുലാനിയിൽ നിന്ന് നിവേദനം ചെയ്യുന്ന ഒരു റിപ്പോർട്ടിൽ മുആവിയؓ പറയുന്നു: 'അലിؓവാണ് ഖിലാഫത്തിന് ഏറ്റവും അർഹൻ. അദ്ദേഹമാണ് ഏറ്റവും ഉൽകൃഷ്ടൻ. ഞാൻ ഉസ്മാൻؓവിന്റെ പിതൃവ്യപുത്രനാണ്. അതിനാൽ അദ്ദേഹത്തിന്റെ ഘാതകർക്കെതിരിൽ ഉടൻ പ്രതി

കാരനടപടി എടുക്കണമെന്നത് മാത്രമാണ് എന്റെ ആവശ്യം.'

**തഹ്കീമിന്റെ യാഥാർഥ്യം**

അബൂമിഖ്നഫ് എന്ന കള്ളനാണ് തഹ്കീമിനെപ്പറ്റിയുള്ള കള്ളക്കഥ പ്രചരിപ്പിച്ചത്. അത് ഇപ്രകാരമാണ്: സ്വിഫീനിൽ യുദ്ധം കൊടുമ്പിരികൊള്ളുമ്പോൾ സ്വഹാബിയായ അംറുബ്നുൽ ആസ്ؓ മുസ്ഹഫ് ഉയർത്തിപ്പിടിച്ച് 'ഇതിലേക്ക് വരൂ' എന്ന് പറഞ്ഞു. അങ്ങനെ അലിؓവിന്റെ പ്രതിനിധിയായ അബൂമൂസൽ അശ്അരിؓ മുൻ ഒത്തുതീർപ്പ് നിബന്ധനയനുസരിച്ച് തന്റെ നേതാവായ അലിؓവിനെ ഖിലാഫത്ത് സ്ഥാനത്ത് നിന്ന് ഒഴിവാക്കിയതായി പ്രഖ്യാപിച്ചു. ഉടൻ മുആവിയയുടെ പ്രതിനിധിയായ അംറുബ്നുൽ ആസ്ؓ മുൻകൂർ ഉണ്ടാക്കിയ ധാരണ ലംഘിച്ച് മുആവിയയെ ഖിലാഫത്ത് സ്ഥാനത്ത് നിന്ന് ഒഴിവാക്കിക്കൊണ്ട് പ്രഖ്യാപനം നടത്തേണ്ടതിന് പകരം മുആവിയയെ ഖലീഫയായി പ്രഖ്യാപിച്ചുകൊണ്ട് ഒരു കൊടും വഞ്ചനനടത്തി. വീണ്ടും യുദ്ധം നടന്നു. ഇതാണ് കഥ.

എന്നാൽ യഥാർഥം എന്താണ്? അലിؓ ഖലീഫയാവുകയും മുആവിയؓ ശാമിൽ അദ്ദേഹത്തിന്റെ കീഴിൽ ഗവർണറായിരിക്കുകയും ചെയ്യുക എന്ന കാര്യത്തിൽ അവർക്കിടയിൽ അഭിപ്രായഭിന്നതയുണ്ടായിരുന്നില്ല. ഖിലാഫത്ത് ഉറച്ചനിലയിലാവുന്നതിന് മുമ്പ് ഉസ്മാൻؓവിന്റെ കൊലയാളികൾക്കെതിരിൽ യുദ്ധത്തിനൊരുങ്ങരുത് എന്ന കൽപന ലംഘിച്ച മുആവിയؓവിനോടും സൈന്യത്തോടും അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ വേണ്ടി, ഖലീഫ എന്ന നിലയിൽ അലിؓ നടത്തിയ യുദ്ധമാണ് സ്വിഫീൻ. അല്ലാതെ ഖിലാഫത്ത് വാദത്തിന്റെ പേരിലായിരുന്നില്ല സ്വിഫീൻ യുദ്ധം. അതിൽ പങ്കെടുത്ത സ്വഹാബികളെല്ലാം അതിൽ പിന്നീട് ഖേദിച്ചിട്ടുണ്ട്.

ചുരുക്കത്തിൽ ആഇശؓയും മുആവിയؓയും അലിؓവിന്റെ ഖിലാഫത്തിന്നെതിരിൽ യുദ്ധത്തിനൊരുങ്ങിയവരാണ് എന്നതും അധികാരത്തിന് വേണ്ടി അംറുബ്നുൽ ആസ്ؓ കൊടുംചതി നടത്തി എന്നതുമൊക്കെ അബൂമിഖ്നഫ് എന്നവഞ്ചകൻ പടച്ചുവിട്ട റിപ്പോർട്ടുകളാണ്.

**ഹുസൈൻؓവിനെ കൊല്ലുവാൻ യസീദ് കൽപിച്ചിരുന്നുവോ?**

ഹുസൈൻؓ കർബലയിൽ കൊല്ലപ്പെട്ടതറിഞ്ഞ് ഖലീഫ യസീദ്ബ്നു മുആവിയ അങ്ങേയറ്റം ദുഃഖിച്ചു കരഞ്ഞു. ഹുസൈൻؓവിന്റെ തലയറുത്ത് യസീദിന്റെയടുക്കലേക്ക് കൊടുത്തയച്ചു എന്നത് കള്ളക്കഥയാണ്.

ഹുസൈൻؓവിനെയോ അഹ്ലുബൈതുകാരെയോ കൊല്ലാൻ യസീദ് കൽപിച്ചിട്ടില്ല. അദ്ദേഹത്തിന് ഖിലാഫത്ത് കിട്ടുന്നത് തടയണമെന്ന് മാത്രമാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഇമാം ദഹബി പറഞ്ഞ നിലപാടാണ് ഇതിൽ കരണീയം- നാം യസീദിനെ ചീത്തപറയുന്നുമില്ല-സ്നേഹിക്കുന്നുമില്ല.

ഹുസൈൻؓവിനെ കൊന്നത് സിനാനുബ്നു അനസുന്നഖഈ, ശംറുബ്നുദീൽ ജൗശൻ എന്നിവരാണ്. യസീദിന്റെ ഗവർണറായ ഉബൈദുല്ലാഹിബ്നു സിയാദാണ് അതിന് നിർദേശം നൽകിയത്. യസീദിന്റെ കൽപനയോ സമ്മതമോ ഇല്ലാതെയാണ് ഇത് ചെയ്തത്.

**ഹസൻؓവിനെ കൊന്നത് അദ്ദേഹത്തിന്റെ ഭാര്യയാണോ?**

ഖലീഫ മുആവിയ വിവാഹം കഴിക്കാമെന്ന് വാഗ്ദാനം ചെയ്തുവെന്നും അതിന്ന് വേണ്ടിയാണ് ഹസൻؓവിനെ അദ്ദേഹത്തിന്റെ ഭാര്യ ജഅ്ദത്ത് ബിൻത് അശ്അസ് അദ്ദേഹത്തെ കൊല്ലാനായി ഭക്ഷണത്തിലൂടെ വിഷം നൽകിയത് എന്നുമാണ് പ്രചരിക്കപ്പെട്ട കഥ. പക്ഷേ, ആ റിപ്പോർട്ട് ഒട്ടും ആധികാരികമല്ല എന്ന് ഇമാം ദഹബി താരീഖുൽ ഇസ്‌ലാം പേജ് 40ലും, ഇബ്നുകഥീർ അൽബിദായതുവന്നിഹായ 8/44ലും പറയുന്നു.

ആരാണ് നിങ്ങൾക്ക് വിഷംതന്നത് എന്ന് സഹോദരനായ ഹുസൈൻؓ ചോദിച്ചപ്പോൾ ഹസൻؓ പറഞ്ഞു: 'എന്തിനാണ് അത് ചോദിക്കുന്നത്? അവരെ വധിക്കാനാണോ? എങ്കിൽ ഞാൻ പറയില്ല. ഞാൻ വിചാരിക്കുന്ന എന്റെ കൂട്ടാളിയാണ് അത് ചെയ്തത് എങ്കിൽ അല്ലാഹുകഠിനമായി ശിക്ഷിക്കുന്നവനാണ്. അല്ലെങ്കിൽ ഞാൻ കാരണം ഒരു നിരപരാധി വധിക്കപ്പെട്ടാൽ പാടില്ല' (അത്ത്വബഖാതുൽ കുബ്റാ: 335). മുആവിയؓവിന്റെ കാലത്താണ് ഇത്സംഭവിച്ചത്.

**യദീസ് ദുഷ്ടനായിരുന്നുവോ?**

'യസീദ് കുടിയനും നമസ്കാരം ഉപേക്ഷിക്കുന്നവനുമാണ്. അതിനാൽ യസീദ് ഖലീഫയാകാൻ

**അബ്ബാസിയ്യ കാലഘട്ടത്തിൽ ഉമവിയ്യാക്കൾക്കെതിരിൽ ശക്തമായ നിലപാടായിരുന്നു ഭരണാധികാരികൾ എടുത്തിരുന്നത്. മാത്രമല്ല ശിയാക്കൾക്ക് സ്വാധീനമുള്ള പ്രദേശങ്ങളിൽ അവർ ഉമവിയാക്കൾക്കെതിരായി ധാരാളം കള്ളക്കഥകൾ പടച്ചുണ്ടാക്കി പ്രചരിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം പിൽക്കാല ചരിത്രഗ്രന്ഥങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. അബ്ബാസ് മഹ്മൂദുൽ അക്കാദ്, ഡോ.ത്വാഹാ ഹുസൈൻ, ക്രിസ്ത്യാനിയായ ജോർജ് സൈദാൻ തുടങ്ങിയവരുടെ കൃതികളെയും ഇത്തരം കഥകൾ സ്വാധീനിച്ചിട്ടുണ്ട്.**

പറ്റുകയില്ല' എന്ന് അബ്ദുല്ലാഹിബ്നു മുത്വീഉം കൂട്ടരും മുഹമ്മദുൽ ഹനഫിയ്യയോട് പറഞ്ഞു. (മുഹമ്മദുൽ ഹനഫിയ്യ ഖലീഫ അലി﷜വിന്റെ മകനും ഹസൻ, ഹുസൈൻ എന്നിവരുടെ സഹോദരനുമാണ്). അപ്പോൾ അദ്ദേഹം അതൊന്നും അംഗീകരിച്ചില്ല. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ പറഞ്ഞതൊന്നും എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഞാൻ അദ്ദേഹത്തിന്റെ കൂടെ താമസിച്ചിട്ടുണ്ട്. അദ്ദേഹത്തെ നമസ്കാരം നിലനിർത്തുന്നവനും നന്മക്ക് പ്രേരിപ്പിക്കുന്നവനും മതവിജ്ഞാനം അന്വേഷിക്കുന്നവനും നബിചര്യയെ പിന്തുടരുന്നവനുമായിട്ടേ ഞാൻ കണ്ടിട്ടുള്ളു.' അദ്ദേഹം കുടിയനാണെന്ന് വീണ്ടും അവർ തറപ്പിച്ചു പറഞ്ഞപ്പോൾ മുഹമ്മദുൽ ഹനഫിയ്യ﷜ പറഞ്ഞു: 'അദ്ദേഹം കുടിക്കുന്നത് നിങ്ങൾ കണ്ടുവോ? എങ്കിൽ നിങ്ങളും അദ്ദേഹത്തിന്റെ കൂടെ കുടിച്ചിട്ടുണ്ടാവും. കണ്ടിട്ടില്ലെങ്കിൽ അറിയാത്ത കാര്യങ്ങൾ പറയാൻ ആരാണ് നിങ്ങൾക്ക് അനുവാദം നൽകിയത്?' (അൽബിദായതുവന്നിഹായ: 8/236).

യസീദ് പരിചയസമ്പന്നനും പ്രഗത്ഭനുമായിരുന്നു. പക്ഷേ, മകനെ ഖലീഫയാക്കുന്ന കാര്യത്തിൽ ശൂറാ അഥവാ കൂടിയാലോചന നടത്തിയില്ല. യസീദിന്റെ ഭരണത്തിൽ ഇത്തരത്തിലുള്ള ചില പാളിച്ചകൾ ഉണ്ടായിരുന്നു എന്നത് യാഥാർഥ്യമാണ്.

**തെറ്റുധാരണകൾ പ്രചരിക്കാനുള്ള കാരണങ്ങൾ:**

അബ്ബാസിയ്യ കാലഘട്ടത്തിൽ ഉമവിയ്യാക്കൾക്കെതിരിൽ ശക്തമായ നിലപാടായിരുന്നു ഭരണാധികാരികൾ എടുത്തിരുന്നത്. മാത്രമല്ല ശിയാക്കൾക്ക് സ്വാധിനമുള്ള പ്രദേശങ്ങളിൽ അവർ ഉമവിയാക്കൾക്കെതിരായി ധാരാളം കള്ളക്കഥകൾ പടച്ചുണ്ടാക്കി പ്രചരിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം പിൽക്കാല ചരിത്രഗ്രന്ഥങ്ങളെ സ്വാധീനിച്ചിട്ടുണ്ട്. അബ്ബാസ് മഹ്മൂദുൽ അക്കാദ്, ഡോ.ത്വാഹാ ഹുസൈൻ, ക്രിസ്ത്യാനിയായ ജോർജ് സൈദാൻ തുടങ്ങിയവരുടെ കൃതികളെയും ഇത്തരം കഥകൾ സ്വാധീനിച്ചിട്ടുണ്ട്. ജനങ്ങൾക്ക് ആകർഷകമായി വായിക്കാൻ പറ്റിയ ഒരു സാഹിത്യകൃതി എന്നതിന് മാത്രമാണ് അവരുടെ രചനകളിൽ മുൻതൂക്കം കൊടുത്തത്. ആധികാരികമായിരുന്നില്ല അവരുടെ കൃതികൾ. സത്യവും അസത്യവും കൂട്ടിക്കലർത്തിയ, വ്യാജ റിപ്പോർട്ടുകൾ ചേർത്ത കൃതികളുടെ കർത്താക്കളിൽ താഴെ എഴുതിയവർ കൂടി ഉൾപ്പെടുന്നു.


അബുൽ ഫറജുൽ ഇസ്ഫഹാനി (അൽഅഗാനി), ഇബ്നു അബ്ദുറബ്ബ് (ഇക്ദുൽ ഫരീദ്), ഇബ്നു ക്വുതൈബ് (അൽഇമാമത്തുവസ്സിയാസ), അൽമസ്ഊദി (മുറൂജുദ്ദഹബ്), അബ്ദുൽ ഹമീദുൽ മുഅ്തസിലി (ശറഹുനഹ്ജുൽബലാഗ), യഅ്ക്വൂബി (താരീഖുൽ യഅ്ഖൂബി).

നമുക്ക് അവലംബിക്കാവുന്നവ ഇമാം ജരീറുത്ത്വബ്രി, ഇബ്നുകഥീർ, ഇമാം ദഹബി എന്നിവരുടെ കൃതികളാണ്.

നബിമാർ പാപസുരക്ഷിതർ അഥവാ മഅ്സ്വൂമുകളാണ്. എന്തെങ്കിലും പാളിച്ച അവരിൽ പറ്റിയാൽ അല്ലാഹു തിരുത്തും. സ്വഹാബിമാർ നബിമാരെ പോലെയല്ല. എന്നാൽ അവരുടെ ഏകാഭിപ്രായം-ഇജ്മാഅ്- ഒരിക്കലും തെറ്റാവുകയില്ല. ക്വുർആൻ സൂറത്തുൽ ഫത്ഹ് 29-ാംവചനത്തിലും സൂറത്തുൽ മുജാദില 22-ാം വചനത്തിലും സ്വഹാബിമാരുടെ ഉന്നത പദവി എടുത്തുപറയുന്നുണ്ട്.

നബിﷺ പറഞ്ഞു: "എന്റെ സ്വഹാബിമാരെ നിങ്ങൾ പഴിപറയരുത്. തീർച്ചയായും നിങ്ങൾ ഉഹ്ദ് മലയേക്കാളും സ്വർണം ദാനം ചെയ്താലും അവരുടെ മുദ്ദോ, അതിന്റെ പകുതിയോ എത്തുകയില്ല" (ബുഖാരി, മുസ്‌ലിം).

സ്വഹാബികൾക്കും താബിഉകൾക്കും അല്ലാഹു അവരുടെ ത്യാഗവും ഈമാനും പരിഗണിച്ച് പാപങ്ങൾ പൊറുത്ത് കൊടുത്ത് അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുമ്പോൾ അവരെ കുറ്റപ്പെടുത്തിയതിന്റെ പേരിൽ പാപഭാരം പേറി നാം നരകത്തിൽ പോകേണ്ടിവരുമെന്ന് ഭയപ്പെടുക. അടിസ്ഥാനമില്ലാത്ത റിപ്പോർട്ടുകൾ ഒരിക്കലും പിന്തുടരരുതെന്ന് ക്വുർആൻ നമുക്ക് താക്കീത് നൽകുകയും ചെയ്തിട്ടുമുണ്ട്. ●



ശുക്കൂർ വരിക്കോടൻ
mail@nerpatham.com

ലേഖനം



# 2 നിരീശ്വരവാദികളും ശാസ്ത്രവും

**ശാ**സ്ത്രവളർച്ചക്ക് വിഘാതമായി നിലകൊണ്ടു എന്ന് നിരീശ്വരവാദികൾ ആരോപിക്കുന്ന ഇസ്‌ലാം മതം യഥാർഥത്തിൽ ശാസ്ത്രത്തെ പരിപോഷിപ്പിക്കുകയാണ് ചെയ്തത്. ശാസ്ത്രത്തിന്റെ ഈറ്റില്ലമാണെന്ന് അവകാശപ്പെടുന്ന യൂറോപ്പിലേക്ക് ശാസ്ത്രത്തിന്റെ തിരിനാളങ്ങൾ എത്തിച്ചേർന്നത് തന്നെ ഇസ്‌ലാമികലോകത്ത് നിന്നായിരുന്നു. മധ്യകാലഘട്ടത്തിൽ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള വിജ്ഞാന ദാഹികൾ വിജ്ഞാന സമ്പാദനത്തിനായി എത്തിച്ചേർന്നിരുന്നത് ഇസ്‌ലാമിക ലോകത്തേക്കായിരുന്നു. 2% മാത്രം സാക്ഷരത ഉണ്ടായിരുന്ന ഒരു ജനവിഭാഗം ലോകത്തിന്റെ ഗുരുക്കന്മാരായി മാറിയത് എങ്ങനെ എന്ന ചോദ്യത്തിന് ഇസ്‌ലാം ഒന്ന ഒരേയൊരു ഉത്തരമേ ലഭിക്കുകയുള്ളൂ. ചിന്താപരമായി 'വട്ടപ്പൂജ്യ'മായിരുന്ന അറേബ്യയിലെ ജനങ്ങൾ ചിന്തിക്കുവാനും അറിവ് നേടുവാനും ആരംഭിച്ചത് മുഹമ്മദ് നബിﷺയുടെ ആഗമനത്തോട് കൂടിയായിരുന്നു. അറിവ് ആർജിക്കാൻ അദ്ദേഹം അനുയായികളോട് ആവശ്യപെട്ടു.

അനസ്ؓ പറയുന്നു: അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: "വിജ്ഞാനം തേടി പുറപ്പെട്ടുപോകുന്നവൻ തിരികെ വരുന്നതുവരെ അല്ലാഹുവിന്റെ മാർഗത്തിലാകുന്നു" (തിർമിദി).

അനസ്ؓൽ നിന്ന് നിവേദനം: റസൂൽﷺ പറഞ്ഞു: "വിദ്യ അഭ്യസിപ്പിക്കാൻ വേണ്ടി പുറപ്പെട്ടവൻ അതിൽ നിന്ന് വിരമിക്കുന്നതുവരെ അല്ലാഹുവിന്റെ മാർഗത്തിലാണ്" (തിർമിദി).

അബൂഹുറയ്റؓയിൽനിന്ന് നിവേദനം. അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: "വിജ്ഞാനമുള്ള വാക്ക് വിശ്വാസിയുടെ കളഞ്ഞുപോയ സ്വത്താണ്" (തിർമിദി).

അറിവിന്റെ കുത്തകവൽക്കരണം അദ്ദേഹം നിരോധിച്ചു. ഉടമസ്ഥാവകാശം അനുവദിച്ചു.

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം: റസൂൽ(ﷺ) പറഞ്ഞു: "ആരെങ്കിലും ഒരുകാര്യത്തെ സംബന്ധിച്ചു ചോദിക്കപ്പെട്ടു. എന്നിട്ടവനത് മറച്ചുവെച്ചു. എങ്കിൽ അന്ത്യദിനത്തിൽ അവന്ന് തീയാലുള്ള കടിഞ്ഞാണിടപ്പെടും" (അബൂദാവൂദ്, തിർമിദി).

രോഗം വന്നാൽ ചികിൽസിക്കണമെന്ന് അദ്ദേഹം കൽപിച്ചു. വൈദ്യശാസ്ത്രത്തിൽ അവഗാഹം നേടിയിരുന്ന സ്വഹാബിവര്യനായിരുന്നു ഹാരിഥ് ഇബ്നു കൽദ(റ). ചില സ്വഹാബിമാർക്ക് അസുഖം വന്നപ്പോൾ നബി(ﷺ) ഇദ്ദേഹത്തെ ചികിത്സിക്കുവാൻ വിളിച്ചവരുത്തിയതായി ചരിത്രത്തിൽ കാണാം.

അബൂഹുറയ്റ(റ) നിവേദനം: നബി(ﷺ)അരുളി: "ഔഷധമില്ലാത്ത ഒരു രോഗവും അല്ലാഹു സൃഷ്ടിച്ചിട്ടില്ല" (ബുഖാരി).

റുബീഅ്(റ) പറയുന്നു: "ഞങ്ങൾ നബി(ﷺ)യുടെ കൂടെ യുദ്ധം ചെയ്യാറുണ്ട്. ഞങ്ങൾ ജനങ്ങളെ ചികിത്സിക്കും. അവർക്ക് വേല ചെയ്തുകൊടുക്കും. വധിക്കപ്പെട്ടവരെ യുദ്ധക്കളത്തിൽ നിന്ന് നീക്കും; മുറിവ് പറ്റിയവരെയും" (ബുഖാരി).

ജാബിർ(റ) നിവേദനം. നബി(ﷺ) പറഞ്ഞു: "എല്ലാ രോഗത്തിനും മരുന്നുണ്ട്. രോഗത്തിന് അനുയോജ്യമായ മരുന്നു കണ്ടെത്തപ്പെട്ടാൽ അല്ലാഹുവിന്റെ അനുമതി പ്രകാരം സുഖപെടുന്നു" (മുസ്‌ലിം).

ദൃശ്യപ്രപഞ്ചത്തെക്കുറിച്ച് പഠനം നടത്തുവാൻ അല്ലാഹു ക്വുർആനിലൂടെ ആഹ്വാനം ചെയ്യുന്നതായി കാണാം: "ഒട്ടകത്തിന്റെ നേർക്ക് അവർ നോക്കുന്നില്ലേ? അത് എങ്ങനെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന്. ആകാശത്തേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ ഉയർത്തപ്പെട്ടിരിക്കുന്നു എന്ന്. പർവതങ്ങളിലേക്ക് (അവർ നോക്കുന്നില്ലേ?) അവ എങ്ങനെ നാട്ടിനിർത്തപ്പെട്ടിരിക്കുന്നുവെന്ന്. ഭൂമിയിലേക്ക് (അവർ നോക്കുന്നില്ലേ?) അത് എങ്ങനെ പരത്തപ്പെട്ടിരിക്കുന്നുവെന്ന്" (ക്വുർആൻ (88:17-20).

"അവരുടെ സ്വന്തത്തെപ്പറ്റി അവർ ചിന്തിച്ച് നോക്കിയിട്ടില്ലേ? ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ശരിയായ മുറപ്രകാരവും നിർണിതമായ അവധിയോട് കൂടിയുമല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും മനുഷ്യരിൽ അധികപേരും തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതിൽ വിശ്വാസമില്ലാത്തവരത്രെ" (ക്വുർആൻ 30:8).

"അവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുന്നില്ലേ? അവർ ഇവരെക്കാൾ കൂടുതൽ ശക്തിയുള്ളവരായിരുന്നു. അവർ ഭൂമി ഉഴുതുമറിക്കുകയും ഇവർ അധിവാസമുറപ്പിച്ചതിനെക്കാൾ കൂടുതൽ അതിൽ അധിവാസമുറപ്പിക്കുകയും ചെയ്തു"(ക്വുർആൻ 30:89).

"അതല്ല, അവരിൽ അധികപേരും കേൾക്കുകയോ ചിന്തിക്കുകയോ ചെയ്യുമെന്ന് നീ വിചാരിക്കുന്നുണ്ടോ? അവർ കന്നുകാലികളെപ്പോലെ മാത്രമാകുന്നു. അല്ല, അവരാകുന്നു കൂടുതൽ വഴിപിഴച്ചവർ" (ക്വുർആൻ 25:44).

"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും അല്ലാഹുവെ ഓർമിക്കുകയും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ" (ക്വുർആൻ 3:190,191).

മനുഷ്യമനസ്സിൽ ഒളിഞ്ഞുകിടന്നിരുന്ന ജിജ്ഞാസയെ തൊട്ടുണർത്താൻ ക്വുർആനിന് കഴിഞ്ഞു. കടുത്ത അന്വേഷണത്വരയും ജിജ്ഞാസയും പ്രകടമാക്കിയിരുന്ന ഇബ്റാഹീം(അ)നെയാണ് മാനവരാശിക്ക് ആകമാനം മാതൃകയായി ക്വുർആൻ പരിചയപ്പെടുത്തുന്നത്.

"എന്റെ നാഥാ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചു തരേണമേ, എന്ന് ഇബ്റാഹീം പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു.) അല്ലാഹു ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ? ഇബ്റാഹീം പറഞ്ഞു: അതെ. പക്ഷേ, എന്റെ മനസ്സിന് സമാധാനം ലഭിക്കാൻ വേണ്ടിയാകുന്നു. അല്ലാഹു പറഞ്ഞു: എന്നാൽ നീ നാലു പക്ഷികളെ പിടിക്കുകയും അവയെ നിന്നിലേക്ക് അടുപ്പിക്കുകയും (അവയെ കഷ്ണിച്ചിട്ട്) അവയുടെ ഓരോ അംശം ഓരോ മലയിലും വെക്കുകയും ചെയ്യുക. എന്നിട്ടവയെ നീ വിളിക്കുക. അവ നിന്റെ അടുക്കൽ ഓടി വരുന്നതാണ്. അല്ലാഹു പ്രതാപവാനും യുക്തിമാനുമാണ് എന്ന് നീ മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 2:260).

പുനരുത്ഥാനം സാധ്യമാകുന്നത് എപ്രകാരമാണെന്നറിയാനുള്ള ഇബ്ാഹീം നബി(അ)യുടെ ജിജ്ഞാസ എടുത്തുദ്ധരിക്കുക വഴി ഇസ്‌ലാം, ജിജ്ഞാസക്കും അന്വേഷണ ത്വരക്കും ചിന്തക്കും എത്രമാത്രം പ്രാധാന്യം കൽപിക്കുന്നു എന്ന് നമ്മെ ബോധ്യപ്പെടുത്തുന്നു

**തങ്ങളുടെ ആശയങ്ങൾക്ക് വിരുദ്ധമായി ഉയർന്നുവന്ന ശാസ്ത്ര ശാഖകളെ നിരീശ്വരവാദികൾ ഉന്മൂലനം ചെയ്തു. തങ്ങളുടെ ആശയങ്ങളുമായി യോജിച്ചു പോകുന്നതിന് വേണ്ടി ശാസ്ത്രത്തിന്റെ പേരിൽ നിരവധി തട്ടിപ്പുകൾ നടത്തി. പിൽറ്റ്ഡൗൺമാനെ പോലുള്ള തട്ടിപ്പുകൾ ശാസ്ത്ര ലോകത്ത് അരങ്ങേറിയതോട് കൂടി ശാസ്ത്രത്തിന്റെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെട്ടു.**

ബദ്റിൽ ബന്ധികളായി പിടിക്കപ്പെട്ട ചിലരെ മോചിപ്പിക്കാനുള ഉപാധിയായി നബിﷺ ആവശ്യപ്പെട്ടത് അക്ഷരാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവർക്ക് അക്ഷരാഭ്യാസം നൽകാനായിരുന്നു. അക്ഷരാഭ്യാസം സിദ്ധിച്ച സമൂഹത്തെ സൃഷ്ടിക്കുവാൻ പ്രവാചകൻﷺ ഇത്തരത്തിൽ ബോധപൂർവമായ ശ്രമങ്ങൾ നടത്തി. സാക്ഷരത കുത്തനെ ഉയർന്നു. ക്വുർആനിന്റെ അടിസ്ഥാനത്തിൽ അറബി ഭാഷ ശക്തിപ്പെട്ടു. വിശ്വാസത്തിന്റെയും ആദർശത്തിന്റെയും അടിസ്ഥാനത്തിൽ ഏകീകരിക്കപ്പെട്ട പോലെ ഭാഷയുടെ പേരിലും അറേബ്യ ഏകീകരിക്കപ്പെട്ടു. സുഗമമായ ആശയ കൈമാറ്റത്തിന് ഇത് കാരണമായി.

ഉമർ﵁വിന്റെ ഭരണ കാലഘട്ടത്തിൽ ഒട്ടനവധി സാങ്കേതിക പദ്ധതികൾ നടപ്പിലാക്കി. കനാലുകൾ മുതൽ കാറ്റാടി യന്ത്രങ്ങൾ വരെ ഇസ്‌ലാമിക ലോകത്ത് യഥേഷ്ടം നിർമിക്കപ്പെട്ടു. കാറ്റാടി യന്ത്രങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തി അവയെ ജനകീയമാക്കിയത് മുസ്‌ലിംകൾ ആയിരുന്നു. മുആവിയ﵁യുടെ പൗത്രൻ ഖാലിദ് ഇബ്നു യസീദിന്റെ കാലഘട്ടത്തിൽ ശാസ്ത്ര ഗവേഷണ ഗ്രന്ഥങ്ങൾ അറബിയിലേക്ക് പരിഭാഷപ്പെടുത്താൻ ആരംഭിച്ചു. രസതന്ത്ര ഗവേഷണത്തിൽ പരീക്ഷണങ്ങൾക്ക് പ്രാധാന്യം നൽകിയ ജാബിർ ഇബ്നു ഹയ്യാന്റെ ഗുരു ഇമാം ജഅ്ഫർ സ്വാദിക് ഖാലിദ് ഇബ്നു യസീദിന്റെ ശിഷ്യനായിരുന്നു. ഖാലിദ് ഇബനു യസീദിന്റെ കാലഘട്ടത്തിൽ ആരംഭിച്ച ഈ വിവർത്തന പദ്ധതി അബ്ബാസിയ്യ രാജവംശത്തിന്റെ കാലഘട്ടത്തിൽ കൂടുതൽ വിപുലീകരിക്കപെട്ടു.

ശാസ്ത്ര ഗവേഷണങ്ങൾക്കും വിവർത്തനത്തിനുമായി 'ബൈതുൽ ഹിക്മ' എന്ന പേരിൽ ഒരു ആലയം ബാഗ്ദാദിൽ സ്ഥാപിക്കപ്പെട്ടു. ഈജിപ്തിലും സ്പെയിനിലും ഇത്തരത്തിലുള്ള ശാസ്ത്ര ഗവേഷണ കേന്ദ്രങ്ങൾ ഉയർന്നുവന്നു. ശാസ്ത്ര ഗവേഷണങ്ങൾക്കാവശ്യമായ ഫണ്ടുകൾ ഗവൺമെന്റ് വർധിപ്പിച്ചു. സകല ശാസ്ത്ര മേഖലകളിലും മുസ്‌ലിംകൾ ഉയർന്ന് വന്നു. അൾജിബ്രയുടെ പിതാവായ ഖവാരിസ്മി, ക്രിപ്റ്റനലൈസിസിന്റെ പിതാവായ അൽകിന്ദി, ശാസ്ത്രീയ രീതിക്ക് തന്നെ അടിത്തറ പാകിയ, ലോകത്തെ ആദ്യത്തെ തിയറെറ്റിക്കൽ ഫിസിസിസ്റ്റ് ആയി കണക്കാക്കപ്പെടുന്ന ഇബ്നു ഹയ്തം, വൈദ്യശാസ്ത്ര മേഖലയിൽ യൂറോപ്യർ അടക്കമുള്ളവർക്ക് ഗുരുവായി ത്തീർന്ന ഇബ്നുസീന, ശസ്ത്രക്രിയ മേഖലയിൽ നിസ്തുല സംഭാവനകൾ അർപ്പിച്ച അൽ സഹ്റാവി, ജ്യോതിശാസ്ത്രരംഗത്ത് വിസ്മയകരമായ കണ്ടെത്തലുകൾ നടത്തിയ ഇബ്നു ഷാത്തിർ, തൂസി, ഇൻഡോളജിയുടെ പിതാവായ അൽ ബിറൂനി, റെസിപ്രോക്കൽ ഇൻഹിബിഷൻ എന്ന ആശയം ആദ്യമായി അവതരിപ്പിച്ച അൽബൽകി, ശിശു രോഗ ചികിത്സയുടെ പിതാവായ അൽ റാസി, രക്തചംക്രമണ വ്യവസ്ഥ ആദ്യമായി വിശദീകരിച്ച ഇബ്നു നഫീസ്... തുടങ്ങിയ പ്രതിഭകൾ ശാസ്ത്ര മേഖലയിൽ നിസ്തുല സംഭാവനകൾ അർപ്പിച്ചു. വൈദ്യ ശാസ്ത്ര മേഖലകളിലും ജ്യോതിശാസ്ത്ര മേഖലകളിലും ആധികാരിക ശബ്ദം മുസ്‌ലിംകളുടെതായി മാറി. മഹാനായ ചരിത്രകാരൻ ഇബ്നു ഖൽദൂൻ 'മുക്വദ്ദിമ' എന്ന ഗ്രന്ഥത്തിൽ ഇസ്‌ലാമിക ലോകത്ത് ഉണ്ടായി വന്ന ശാസ്ത്ര വളർച്ചയെ കുറിച്ച് പറയുന്നത് ശ്രദ്ധേയമാണ്:

'മറ്റൊരു ജനതയും നേടിയിട്ടില്ലാത്ത വിധം ശാസ്ത്രത്തെ മുസ്‌ലിംകൾ വളർത്തിയെടുത്തു. അവർ വിവിധ ശാസ്ത്രശാഖകളിൽ പ്രാവീണ്യം നേടി. ഈ രംഗത്ത് അവർ കൈവരുത്തിയ പുരോഗതി അതിൽ വീണ്ടും മെച്ചപ്പെടുത്താൻ ഒന്നും ശേഷിക്കാത്ത വിധമായിരുന്നു.'

ശാസ്ത്ര സാങ്കേതിക രംഗത്ത് അഭൂത പൂർവമായ വളർച്ച മനുഷ്യൻ കൈവരിക്കുമെന്ന് പ്രവാചകന് അറിയാമായിരുന്നു. ഭാവിയിൽ പടുകൂറ്റൻ കെട്ടിടങ്ങളുടെ നിർമിതി ഉണ്ടാകുമെന്നും പ്രവാചകന്റെ പള്ളിയെ നോക്കിക്കൊണ്ട് ഈ വെള്ളക്കൊട്ടാരം ആരുടേതാണ് എന്ന് ദജ്ജാൽ ചോദിക്കുമെന്നും തുടങ്ങിയ പ്രവചനങ്ങൾ, ശാസ്ത്ര സാങ്കേതിക രംഗത്ത് മനുഷ്യൻ കുതിച്ചുയരും എന്ന് പ്രവാചകൻ മനസ്സിലാക്കിയിരുന്നു എന്ന് തെളിയിക്കുന്നു.

ചാർവാകന്മാരെ പോലെ ഇന്ദ്രിയങ്ങൾക്ക് അപ്രമാദിത്യം നൽകുകയോ അനുമാനത്തെ തീർത്തും നിഷേധിക്കുകയോ ചെയ്യുന്നവരായിരുന്നില്ല മുസ്‌ലിംകൾ. അനുമാനത്തെ കുറിച്ച് കൃത്യമായ നിലപാട് ക്വുർആൻ മുന്നോട്ടുവെച്ചു.

ഒരു അറിവ് ലഭിച്ചാൽ അതിനെക്കുറിച്ച് വിശദമായി അന്വേഷിച്ചറിയണമെന്ന് ക്വുർആൻ നിർദേശിച്ചു: "സത്യവിശ്വാസികളേ, ഒരു അധർമകാരി വല്ല വാർത്തയും കൊണ്ട് നിങ്ങളുടെ അടുത്ത് വന്നാൽ നിങ്ങളതിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചറിയണം. അറിയാതെ ഏതെങ്കിലും ഒരു ജനതയ്ക്ക് നിങ്ങൾ ആപത്തുവരുത്തുകയും, എന്നിട്ട് ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദക്കാരായിത്തീരുകയും ചെയ്യാതിരിക്കാൻ വേണ്ടി" (ക്വുർആൻ 48:6).

ഇന്ദ്രിയങ്ങളുടെ പരിമിതികളെക്കുറിച്ച് മുസ്‌ലിംകൾ ബോധവാന്മാരായിരുന്നു. 'അൽ മുൻക്വിദു മിന ദ്ദലാൽ' എന്ന ഗ്രന്ഥത്തിൽ ഇമാം ഗസ്സാലി ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്. ഭീമാകാരമായ നക്ഷത്രങ്ങൾ നമ്മുടെ കണ്ണുകൾക്ക് നാണയ വട്ടത്തോളം മാത്രം വലിപ്പമുള്ള ഒന്നായാണ് അനുഭവപ്പെടുന്നത്. ഗോളശാസ്ത്ര പ്രകാരം ഭൂമിയെക്കാൾ എത്രയോ മടങ്ങ് വലിപ്പമുള്ളതാണ് നക്ഷത്രങ്ങൾ. അതുകൊണ്ടുതന്നെ പരിമിതമാണ് നമ്മുടെ ഇന്ദ്രിയങ്ങൾ എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഇത്തരത്തിലുള്ള നിലപാടിലൂടെ തീർത്തും

നിഷ്പക്ഷമായി കൊണ്ടുള്ള പഠനമാണ് മുസ്‌ലിംകൾ നടത്തിയത്. അത് കൊണ്ട് തന്നെയാണ് ശാസ്ത്ര സാങ്കേതിക രംഗത്ത് മുസ്‌ലിംകൾക്ക് ബഹുദൂരം മുന്നോട്ട് പോകാൻ കഴിഞ്ഞത്.

ഇസ്‌ലാമിക ലോകത്തുണ്ടായ ശാസ്ത്രവളർച്ചയെ മുസ്‌ലിം പണ്ഡിതന്മാർ എതിർത്തിരുന്നു എന്ന വാദം ചിലർ ഉന്നയിക്കാറുണ്ട്. അതിനായി അവർ ഉദ്ധരിക്കുന്നതാകട്ടെ ലോകം കണ്ട എക്കാലത്തെയും മികച്ച ധിഷണശാലികളിൽ ഒരാളായ ഇമാം ഗസ്സാലിയെയും. ക്രിസ്താബ്ദം 1100കളിൽ ജീവിച്ചിരുന്ന ഇമാം ഗസ്സാലി അക്കാലത്ത് ലഭ്യമായിരുന്ന ശാസ്ത്ര വിഷയങ്ങളിലെല്ലാം തന്നെ അവഗാഹം നേടിയിരുന്നു. ഗോളശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ തന്റെ വാദങ്ങളുടെ തെളിവുകളായി അദ്ദേഹം എടുത്തുദ്ധരിച്ചു. ഇന്ദ്രിയങ്ങളുടെ പരിമിതികളെ 'അൽ മുന്ക്വിദു മിനള്ളലാൽ' എന്ന ഗ്രന്ഥത്തിൽ ചർച്ച ചെയ്തതിന് പുറമേ, 'അൽ ഹിക്മതു ഫി മഖ്‌ലൂകാതുല്ലാഹ്' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇപ്രകാരം വിശദീകരിക്കുന്നു:

"വിജ്ഞൻമാർ പറഞ്ഞ സംഗതികളെക്കുറിച്ച് ചിന്തിച്ചാൽ, ഭൂമിയാകുന്ന ഈ മഹാസൃഷ്ടിയെ ആകാശത്തോട് തുലനം ചെയ്യുമ്പോൾ, ഭൂമിയും അതിലുള്ളതൊക്കെയും കൂടി ഒരു മരുഭൂമിയിൽ വീണു കിടക്കുന്ന മോതിരത്തോളമേയുള്ളൂ. ഗംഭീര സൃഷ്ടികളായ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും അവയെല്ലാം ഉൾകൊള്ളുന്ന ആകാശവും നിങ്ങളുടെ കണ്ണുകളിൽ എങ്ങനെ ദൃശ്യമാകുന്നുവെന്ന് ചിന്തിച്ചു നോക്കുക."

തന്റെ വാദങ്ങൾക്ക് തെളിവായി ഗോളശാസ്ത്രം ഉദ്ധരിച്ച, ശാസ്ത്രജ്ഞന്മാരെ 'വിജ്ഞന്മാർ' എന്ന് വിശേഷിപ്പിച്ച ഇമാം ഗസ്സാലി ശാസ്ത്ര വിരുദ്ധനായിരുന്നു എന്ന് പറയുന്നത് എത്രമാത്രം മൗഢ്യമാണ്!

ഇസ്‌ലാമിക ധനശാസ്ത്രത്തിന്റെ പ്രയോഗത്തിന്റെയും ശാസ്ത്ര സാങ്കേതിക മേഖലകളിലുള്ള വളർച്ചയുടെയും ഫലമായി ഇസ്‌ലാമിക ലോകം ഒരു വിസ്മയമായി മാറി. ഇസ്‌ലാമിക ലോകത്തിന്റെ അസൂയാവഹമായ വളർച്ച, യൂറോപ്യരെ ശാസ്ത്ര സാങ്കേതിക രംഗത്തേക്ക് ആകർഷിച്ചു. ശാസ്ത്ര സാങ്കേതിക മേഖലയിലെ പഠനത്തിനായി യൂറോപ്യർ ഇസ്‌ലാമിക ലോകത്തേക്ക് വരുകയും അറബി ഭാഷയിലുള്ള ഗ്രന്ഥങ്ങൾ ലാറ്റിൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്താൻ ആരംഭിക്കുകയും ചെയ്തു. സൗരകേന്ദ്ര പ്രപഞ്ച സിദ്ധാന്തം കോപർനിക്കസ് മുന്നോട്ട് വെച്ചപ്പോഴേക്കും അത് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ശാസ്ത്ര സമൂഹം യൂറോപ്പിൽ വളർന്നു കഴിഞ്ഞിരുന്നു.

അച്ചടിയന്ത്രത്തിന്റെയും ആവിയന്ത്രത്തിന്റെയും ഓട്ടോമൊബൈലിന്റെയും കണ്ടുപിടിത്തം ശാസ്ത്ര സാങ്കേതിക വിദ്യ തഴച്ചുവളരാൻ കാരണമായി. ഇന്ന് ജീവിതത്തിന്റെ സകല മേഖലകളിലും ശാസ്ത്രം കൈയൊപ്പ് ചാർത്തിക്കഴിഞ്ഞു. ജനങ്ങൾക്കിടയിൽ ശാസ്ത്രത്തോടുള്ള പ്രീതി വർധിച്ച സാഹചര്യത്തിൽ ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കൾ തങ്ങളാണെന്ന് അവകാശപ്പെട്ടുകൊണ്ട് നിരീശ്വര വാദികൾ രംഗ പ്രവേശനം ചെയ്യുകയാണുണ്ടായത്. യഥാർഥത്തിൽ നിരീശ്വരവാദികൾ തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾക്ക് വേണ്ടി ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുകയായിരുന്നു. തങ്ങളുടെ ആശയങ്ങൾക്ക് വിരുദ്ധമായി ഉയർന്നുവന്ന ശാസ്ത്ര ശാഖകളെ അവർ ഉന്മൂലനം ചെയ്തു. അനുമാനത്തെ നിഷേധിച്ച ചാർവാകന്മാരുടെ പിന്മുറക്കാർ തികച്ചും ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്ന പരിണാമസിദ്ധാന്തത്തെ ഇരു കൈകളും നീട്ടി സ്വീകരിച്ചു. തങ്ങളുടെ ആശയങ്ങളുമായി യോജിച്ചുപോകുന്നതിന് വേണ്ടി ശാസ്ത്രത്തിന്റെ പേരിൽ നിരവധി തട്ടിപ്പുകൾ നടത്തി. പിൽറ്റ്ഡൗൺമാനെ പോലുള്ള തട്ടിപ്പുകൾ ശാസ്ത്ര ലോകത്ത് അരങ്ങേറിയതോട് കൂടി ശാസ്ത്രത്തിന്റെ വിശ്വാസ്യത തന്നെ ചോദ്യം ചെയ്യപ്പെട്ടു. ശാസ്ത്രത്തെ ഇത്രമേൽ ദ്രോഹിച്ച ഒരു പ്രത്യയശാസ്ത്രം വേറെ ഉണ്ടായിട്ടില്ല. ശാസ്ത്ര വളർച്ചയുടെ പ്രാരംഭഘട്ടത്തിൽ യാതൊരു സംഭാവനകളും അർപിച്ചിട്ടില്ലാത്ത, ശാസ്ത്ര വളർച്ചയെ പ്രതികൂലമായി ബാധിച്ച ആശയങ്ങൾ മുന്നോട്ടു വെച്ച നിരീശ്വരവാദികൾ ഇന്നും ശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കൾ തങ്ങളാണെന്ന് അവകാശപെടുന്നത് എത്ര മാത്രം ലജ്ജാവഹമാണ്.

**അവലംബങ്ങൾ**

1. Science in the Ancient World An Encyclopedia Russel Lawson, William Earl Burns

2. Helaine Selin Encyclopaedia of the History of Science, Technology and Medicine in Non western cultureSpringer Netherlands(2016)

3. W.K.C Guthrie A History of Greek Philosophy, vol 2 The Presocratict radition from Parmenides to Democritus Cambridge Universtiy Press(1965)

4. W.K.C. Guthrie A History of Greek Philosophy, Vol3, Part 1: The Sophists Cambridge Universtiy Press(1977)

5. Classics in the History of Greek MathematicsRobert. S. Cohen, Jurgen Renn, Kostas Gavroglu

6. The Philosophers of the Ancient World:An AZ guideTrevor Curnow

7. Surendhranath GuptaA History of Indian Philosophy

8. Philip Kennedy Abu Nuwas: A Genius of Potery

9. Olival Freirie: Marxism and the Quantum Cotnrovesry

10. Nikolai L. Kremenstov Stalinist Science

11. Ehsan Masood Science and Islam (2008)

12. ക്വുർആൻ മലയാള പരിഭാഷ.

ശമീർ മദീനി
shameermadeeni@gmail.com



# തിരിച്ചറിവിന്റെ അനിവാര്യത

**“സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് പേനകൊണ്ട് പഠിപ്പിച്ചവനായ ഏറ്റവും വലിയ ഔദാര്യവാനാകുന്നു. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു” (വിശുദ്ധ ക്വുർആൻ 96: 1-5).**

നിരവധി വിജ്ഞാനീയങ്ങളുടെ നടുവിലാണ് ആധുനിക മനുഷ്യൻ നിലകൊള്ളുന്നത്. അറിവിന്റെഓരോ ശാഖയും അനുദിനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഓരോ മേഖലയിലും മുൻപന്തിയിലെത്തണമെന്നാഗ്രഹിക്കുന്നവർ തദ്വിഷയകമായി കൂടുതൽ കൂടുതൽ പഠന ഗവേഷണങ്ങൾ നടത്തുന്നു. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവരുടെയും നേടിക്കൊണ്ടരിക്കുന്നവരുടെയും എണ്ണം വർധിച്ചുകൊണ്ടേയിരിക്കുന്നു. അറിവില്ലാത്തവൻ അന്ധനെപ്പോലെയാണെന്ന തിരിച്ചറിവ് ഇന്ന് ഏറെക്കുറെ എല്ലാവർക്കും ഉണ്ടായിട്ടുണ്ട്. മക്കളെ എങ്ങനെ ബുദ്ധിമുട്ടിയിട്ടാണെങ്കിലും പഠിപ്പിക്കണമെന്ന ചിന്തയാണ് പട്ടിണിയോടു മല്ലിട്ട് ജീവിക്കുന്നവന്റെ മനസ്സിൽ പോലുമുള്ളത്.

എന്നാൽ, എന്തിനു വേണ്ടിയാണ് പഠിക്കുന്നത്, അറിവിന്റെ ധർമമെന്താണ് എന്നൊന്നും വേണ്ടപോലെ പഠിക്കുകയോ പഠിപ്പിക്കപ്പെടുകയോ ചെയ്യുന്നില്ല എന്ന് തെളിയിക്കുന്ന വിധത്തിലാണ് വിദ്യാസമ്പന്നരിൽ ഭൂരിപക്ഷത്തിന്റെയും വർത്തനങ്ങൾ. തന്റെ അറിവും യോഗ്യതയും തിന്മയ്ക്കും അധാർമികതയ്ക്കും സമർഥമായി ഉപയോഗപ്പെടുത്തുന്ന കാഴ്ചയാണ് പൊതുവെ കാണപ്പെടുന്നത്. അറിവ് മനുഷ്യനെ സംസ്കരിക്കുകയും നന്മയിലേക്ക് നടത്തുകയും ചെയ്യുന്നില്ല എന്നർഥം. ഇതിന്റെ കാരണം ചികയുമ്പോഴാണ് നമ്മുടെ പാഠ്യപദ്ധതിയിലെ ന്യൂനതകൾ ബോധ്യപ്പെടുക. ദൈവത്തെ അറിയുവാനും ധർമത്തിന്റെ വക്താക്കളാകുവാനും സഹായിക്കേണ്ട വിജ്ഞാനീയങ്ങളിൽ പോലും ദൈവനിഷേധത്തിന്റെയും ധാർമികനിരാസത്തിന്റെയും അധ്യാപനങ്ങളാണ് തിരുകിക്കയറ്റിയിട്ടുള്ളത് എന്നത് വളരെ വ്യക്തമാണ്.

ദൈവാസ്തിക്യത്തിലേക്കുള്ള ചൂണ്ടുപലകകളായി നിലകൊള്ളുന്ന, ദൃശ്യപ്രപഞ്ചത്തിലെ ഓരോന്നിനെക്കുറിച്ചും പഠിപ്പിക്കുമ്പോൾ തന്നെ ദൈവനിഷേധത്തിന്റെ വിത്തുപാകുന്ന ആദർശങ്ങളാണ് കുരുന്നുമനസ്സുകളിലേക്ക് ഇട്ടുകൊടുക്കുന്നത്. തെളിവുകളുടെ നേരിയ പിൻബലം പോലുമില്ലാത്ത, കേവലം അനുമാനം മാത്രമായ ‘പരിണാമ സിദ്ധാന്തം’ വിദ്യാലയങ്ങളിൽ പഠിപ്പിക്കപ്പെടുന്നത് ഇതിനൊരു ഉദാഹരണമാണ്.

ഹൈഡ്രജനും ഓക്സിജനും കൂടിച്ചേർന്നതാണ് വെള്ളം എന്ന് പഠിപ്പിക്കുന്നതോടൊപ്പം സ്വയം കത്തുകയും മറ്റൊന്നിനെ കത്താൻ സഹായിക്കുന്നതുമായ രണ്ട് മൂലകങ്ങൾ കൂടിച്ചേരുമ്പോൾ തീ അണക്കാൻ ശേഷിയുള്ള ഒന്നാണ് ഉണ്ടായിത്തീരുന്നത് എന്നത് ദൈവാസ്തിക്യത്തിന്റെയും അവന്റെ ശക്തിമാഹാത്മ്യത്തിന്റെയും വ്യക്തമായ തെളിവാണെന്നതുകൂടി പഠിപ്പിക്കപ്പെടുന്ന സാഹചര്യമുണ്ടായാൽ വിനയവും നന്ദിയുമുള്ള ഒരു തലമുറയായിരിക്കും വളർന്നു വരിക. അങ്ങനെയുള്ള തലമുറക്ക് ജലത്തിന്റെ ദുർവിനിയോഗം ദൈവഹിതത്തിന് എതിരും കുറ്റവുമാണെന്ന ബോധമുണ്ടാകുമെന്നതിൽ സംശയമില്ല. ആ ബോധമുള്ള സമൂഹത്തിന് ജല സംബന്ധമായി മനുഷ്യൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുമാവും.

ശരീരഘടനയും ദഹനവ്യവസ്ഥയും ശരീരത്തിലെ മറ്റു അത്ഭുത പ്രതിഭാസങ്ങളും പഠിപ്പിക്കുന്നതോടൊപ്പം അവയുടെ സ്രഷ്ടാവും സംവിധായകനുമായ പ്രപഞ്ചനാഥനെ സംബന്ധിച്ചും പരിചയപ്പെടുത്തുക എന്നത് കേവല നീതിയും സത്യസന്ധതയും മാത്രമാണ്. വിശക്കുന്നവന്റെ വിശപ്പുമാറ്റലും മർദിതനെ സഹായിക്കലും മറ്റും പുണ്യകർമമാണെന്നു പറഞ്ഞു കൊടുത്താൽ അത് ഉൾക്കൊള്ളുവാൻ ആ രീതിയിൽ പഠിച്ചുവളരുന്നവർക്ക് പെട്ടെന്നാവും. പരസ്പര സ്നേഹവും സഹകരണ വുമുള്ള സമൂഹസൃഷ്ടിക്ക് അത് വഴിവെക്കുകയും ചെയ്യും.

ചുരുക്കത്തിൽ ഭൗതിക വിദ്യാഭ്യാസം അനിവാര്യമാണെന്ന് തിരിച്ചറിഞ്ഞതുപോലെ; അല്ല, അതിനെക്കാൾ ശക്തമായി ധാർമിക വിദ്യാഭ്യാസത്തിന്റെ അനിവാര്യത നാം തിരിച്ചറിഞ്ഞില്ലെങ്കിൽ വിദ്യാസമ്പന്നർ തന്നെ അക്രമികളും ചൂഷകരുമാകുന്ന ദുരവസ്ഥ ശക്തിപ്രാപിച്ചുകൊണ്ടേയിരിക്കും.

# WISDOM BOOKS


PUBLISHING ■ DISTRIBUTION
E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244




## വിപണിയിൽ

| | | | | | |
|---|---|---|---|---|---|
| 1 | ഇസ്‌ലാമും വ്യതിയാന കക്ഷികളും | 270 | 19 | പ്രബോധനം ഒരു മാർഗരേഖ | 125 |
| 2 | ക്വുർആൻ നാം അറിയേണ്ടത് | 70 | 20 | പ്രവാചകൻ പറഞ്ഞ കഥകൾ | 50 |
| 3 | അന്തിമ പ്രവാചകന്റെ അന്ത്യനിമിഷങ്ങൾ | 35 | 21 | ഇസ്‌ലാമിക മര്യാദകൾ | 250 |
| 4 | സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ ആദർശം | 70 | 22 | ഇസ്‌ലാം അടിസ്ഥാന പാഠങ്ങൾ | 125 |
| 5 | ശീഇസം ജൂത സൃഷ്ടി | 50 | 23 | തൗഹീദിന്റെ മൗലികത | 80 |
| 6 | നമസ്‌കാരം ഇരുന്നു കൊണ്ടാവുമ്പോൾ | 50 | 24 | ഇൻഷൂറൻസ് | 60 |
| 7 | വെളിച്ചം ദുഃഖമല്ല | 25 | 25 | മദ്യം | 20 |
| 8 | നബിﷺയുടെ പ്രാർഥനകൾ | 70 | 26 | ബലികർമം | 25 |
| 9 | യാത്രക്കാരുങ്ങുമ്പോൾ | 30 | 27 | ഇസ്‌ലാം വിശ്വാസ കാര്യങ്ങൾ | 60 |
| 10 | വിജയിച്ച കക്ഷി | 75 | 28 | നമസ്‌കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | 40 |
| 11 | സംവാദങ്ങളിലൂടെ... | 90 | 29 | ഇസ്‌ലാം നിർഭയത്വത്തിന്റെ മതം | 50 |
| 12 | ഇബ്‌നുതൈമിയ്യ | 100 | 30 | റമദാൻ നാം അറിയേണ്ടതും ചെയ്യേണ്ടതും | 40 |
| 13 | തൗഹീദുറുബൂബിയ്യ | 40 | 31 | വിശ്വാസിയുടെ നമസ്‌കാരം | 90 |
| 14 | അഹ്‌ലുസുന്ന ആദർശവും ആചാരവും | 100 | 32 | ലാ ഇലാഹ ഇല്ലല്ലാഹ് | 90 |
| 15 | പാപപരിഹാരം | 40 | 33 | മതത്തിന്റെ അടിത്തറകൾ | 90 |
| 16 | കുഞ്ഞുപിറന്നാൽ | 30 | 34 | ക്വുർആൻ പഠന ക്വിസ്സ് | 70 |
| 17 | നമസ്‌കാരാന്തര കൂട്ടുപ്രാർഥന | 50 | 35 | ക്വുർആൻ ചില അടിസ്ഥാന അറിവുകൾ | 75 |
| 18 | അദ്ദുആഉ വൽ ഇബാദ | 50 | 36 | പ്രണയം | 35 |

**സ്‌പെഷ്യൽ ഡിസ്‌കൗണ്ട്**

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 30 Sep 2017

Reg NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840